# രക്ഷയുടെ പാതയിൽ
## സീറോമലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## അധ്യാപക സഹായി
## സ്റ്റാൻഡേർഡ് - 11

# ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും
## Vol. 1

Published by
**THE SYNODAL COMMISSION FOR CATECHESIS**
**SYRO-MALABAR CATECHETICAL CENTRE**
Mount St. Thomas, Kakkanad, Kochi- 682 030

Title

**Rakshayude Pathayil - 11**
**Kraisthavajeevitham**
**Sabhayilum Samoohathilum**

Published and Distributed by

**The Synodal Commission for Catechesis**
**Syro-Malabar Catechetical Centre,**
**Mount St. Thomas**
**Kakkanad, Kochi -682030**
**E-mail: smcatechesis@gmail.com**

First Publication
**May 25th, 2024**

Printing

**St. Joseph's Press, Thiruvananthapuram**

# ഉള്ളടക്കം

ആമുഖം ........................................................................................ 1

ആശംസ ........................................................................................ 2

പാഠപുസ്തക സമീപനം ........................................................................................ 3

പാഠകുറിപ്പ് തയ്യാറാക്കുമ്പോൾ ........................................................................................ 5

മൂല്യനിർണ്ണയം ........................................................................................ 6

പാഠപുസ്തക വിശകലനം ........................................................................................ 8

അദ്ധ്യായം 1 - ക്രിസ്തീയജീവിതം അർത്ഥവും വ്യാപ്തിയും ................... 13

അദ്ധ്യായം 2 - ചരിത്രപുരുഷനായ ഈശോ ................................................... 20

അദ്ധ്യായം 3 - ക്രിസ്തീയവിശ്വാസം: ഉള്ളടക്കവും സവിശേഷതകളും .. 30

അദ്ധ്യായം 4 - ക്രിസ്തീയജീവിതം വിശ്വാസത്തിന്റെ ആഘോഷം ........... 37

അദ്ധ്യായം 5 - ക്രിസ്തീയജീവിതം നിയമവും ധാർമ്മികതയും ................ 42

അദ്ധ്യായം 6 - ക്രിസ്തീയജീവിതം: പ്രാർത്ഥനയുടെ ജീവിതം ................. 51

അദ്ധ്യായം 7 - ക്രിസ്തീയ മന:സാക്ഷി ........................................................... 55

അദ്ധ്യായം 8 - വിശുദ്ധ ബൈബിൾ ദൈവത്തിന്റെ വചനം ......................... 70

അദ്ധ്യായം 9 - ക്രിസ്തീയജീവിതം തിരുവചനാധിഷ്ഠിതം ......................... 76

അദ്ധ്യായം 10 - നന്മയിൽ വളരാം തിന്മക്കെതിരെ പോരാടാം ...................... 89

അദ്ധ്യായം 11 - ക്രിസ്തീയജീവിതം സന്തോഷത്തിന്റെ ജീവിതം ............... 96

അദ്ധ്യായം 12 - ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ..................... 103

# ആമുഖം

"അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ. അപ്പം മുറിക്കൽ. പ്രാർത്ഥന എന്നിവയിൽ അവർ താല്പര്യപൂർവം പങ്കുചേർന്നു" (അപ്പ 2:42) എന്നാണ് വിശുദ്ധ ബൈബിളിൽ ആദിമസഭയുടെ വളർച്ചയെക്കുറിച്ച് നമ്മൾ വായിക്കുന്നത്. പ്രബോധനമാണ് കൂട്ടായ്മയിലേക്കും അപ്പം മുറിയ്ക്കലിലേക്കും പ്രാർത്ഥനയിലേക്കും മനുഷ്യരെ നയിച്ചത്.

വിശ്വാസത്തിലേക്കും, ആരാധനയിലേക്കും പ്രാർത്ഥയിലേക്കും സഭാ കൂട്ടായ്മയിലേക്കും വ്യക്തികളെ വളർത്തി കൊണ്ടുവരണമെങ്കിൽ ശരിയായ പ്രബോധമാണ് ആദ്യം നല്കേണ്ടത്. ഈശോ അപ്പസ്തോലന്മാർക്ക് പകർന്ന് നൽകിയതാണ് ഈ പരിശീലനരീതി. അത് അനുഭവിച്ചവരും അതേ പരിശീലനരീതിയിലൂടെ സഭയെ വളർച്ചയിലേക്ക് നയിച്ചു. ഈ ദൗത്യം ഇന്ന് നിർവഹിക്കപ്പെടുന്നത് വിശ്വാസ പരിശീലനത്തിലൂടെയാണ്.

ഈശോയെ അനുഭവിച്ചറിഞ്ഞ് കൂടെ നടന്ന അപ്പസ്തോലൻമാരെ പോലെയായിരിക്കണം ഓരോ വിശ്വാസ പരിശീലകരും. അറിവ് പകർന്നു കൊടുക്കുന്ന കേവല അദ്ധ്യാപകരല്ല അവർ. അറിവും അനുഭവവും ആത്മ സമർപ്പണവും ഉള്ള മാതൃകാ വ്യക്തികളായിരിക്കണം. എങ്കിലേ വിശ്വാസ ജീവിതത്തിലേക്ക്; ക്രിസ്തീയ ജീവിതത്തിലേക്ക് പരിശീലിപ്പിക്കപ്പെടുന്നവർ വളരൂ.

വിശ്വാസപരിശീലകരായ നിങ്ങളുടെ ശരിയായ പ്രബോധനമാണ് കുട്ടികളെ ആരാധനയിലേക്കും പ്രാർത്ഥനയിലേക്കും സഭാ കൂട്ടായ്മയിലേക്കും നയിക്കേണ്ടത്. അതിനു സാധ്യമാകുന്ന വിധം പാഠപുസ്തകത്തിലെ ആശയങ്ങൾ അവതരിപ്പിക്കപ്പെടണം; വിശ്വാസ ബോധ്യങ്ങളിലേയ്ക്ക് പഠിതാക്കൾ നയിക്കപ്പെടണം.

ഈ ലക്ഷ്യം സാധിക്കാത്തക്കവിധമാണ് "ഫോർമേറ്റീവ് അപ്രോച്ചിൽ" ചോദ്യങ്ങളിലൂടേയും പ്രവർത്തനങ്ങളിലൂടേയും ചരിത്ര വസ്തുതകളിലൂടേയും സഭാ പ്രബോധനങ്ങൾ ഉറപ്പിച്ച് കൊണ്ട് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഒരു കുറവും വരാതെ ഈശോയെ പകർന്നു കൊടുക്കുന്നതിൽ അപ്പസ്തോലന്മാർ കാണിച്ചു തന്ന മാതൃകയിൽ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ നടത്താൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

പതിനൊന്നാം ക്ലാസ്സിലെ എല്ലാ വിശ്വാസപരിശീലകർക്കും ഈ അധ്യാപകസഹായി ഉപകരിക്കപ്പെടട്ടെ.

**മാർ ജോസ് പുളിക്കൽ**
വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ

# ആശംസ

ഈശോ ദൈവത്തിന്റെ പുത്രൻ എന്ന് വിശ്വസിക്കാൻ മനുഷ്യരെ സഹായിക്കുകയും അവനോടൊത്തുള്ള ജീവിതം പഠിപ്പിക്കുകയും പരി ശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ അവിടുത്തെ ശരീരം (തിരുസഭ) പണിതുയർത്തുക ഇതിനായുള്ള പ്രവർത്തനങ്ങളെയാണ് മതബോധന മെന്ന് സഭ പ്രബോധിപ്പിക്കുന്നത്. ഇത് കുട്ടികൾക്ക് മാത്രമായുള്ളതല്ല, യുവാക്കൾക്കും മുതിർന്നവർക്കുമെല്ലാമുള്ളതാണ്.

കുട്ടികൾക്കായുള്ള വിശ്വാസ പരിശീലനത്തെയാണ് മതബോധന മെന്ന് പൊതുവെ നാം ധരിച്ചിരിക്കുന്നത്. ഭാവി സഭയായ കുഞ്ഞുങ്ങൾ ഈശോയെ അറിഞ്ഞും അനുഭവിച്ചും അനുഗമിച്ചും ജീവിക്കണം. അതിന് അവരെ പ്രാപ്തരാക്കുന്നതിൽ മതാധ്യാപകർക്ക് വലിയ പങ്കുണ്ട്.

കാലത്തിന്റെ പ്രത്യേകതകളും കുട്ടികളുടെ മാനസീക നിലയും മന സ്സിലാക്കി വേണം അവരെ പരിശീലിപ്പിക്കാൻ. ചോദ്യങ്ങളും, ചർച്ചകളും, വിശകലനങ്ങളുമെല്ലാം ക്ലാസ്സിൽ നടക്കണം. പഠിതാവിന്റെ യുക്തിയേയും സ്വതന്ത്ര ചിന്തയേയും തൃപ്തിപ്പെടുത്തുന്നതാകണം പരിശീലനം എങ്കിലേ അവരെ ബോധ്യങ്ങളിലേക്ക് നയിക്കാൻ സാധിക്കൂ. അതിനു സഹായകമാം വിധമാണ് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പുസ്തക ലക്ഷ്യം സാധ്യമാകണമെങ്കിൽ അത് പഠിപ്പിക്കുന്നവർ ഉള്ളടക്കത്തേയും വിനിമയരീതിയേയും കൃത്യമായും സർഗാത്മകമായും സംയോജിപ്പിക്കേണ്ടതുണ്ട്. അതിന് അധ്യാപകരെ സഹായിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഇതിലൂടെ കൂടുതൽ അറിവുകൾ നേടി വിശ്വാസ വളർച്ച നേടാൻ അധ്യാപകർക്കും സാധിക്കും.

ഏതു വിധമാണ് ആശയങ്ങൾ അവതരിപ്പിക്കേണ്ടത്, വിശദീകരി ക്കേണ്ടത്, ക്രോഡീകരിക്കേണ്ടത്, തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ കേവലമായ പകർത്തലല്ല; സ്ഥലത്തിനും സാഹചര്യത്തിനും യോജിച്ച വിധം അനുരൂപണം ന ടത്തി അവതരിപ്പിക്കുമ്പോഴാണ് അധ്യാപകൻ വിജയിക്കുന്നത്. അതിന് നിങ്ങളെ സഹായിക്കുക മാത്രമാണ് ലക്ഷ്യം. “മിശിഹാ നമ്മളിൽ രൂപീ കൃതമായാലേ” പഠിതാക്കളിലും രൂപീകൃതമാകൂ. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിനും ഗ്രന്ഥ രചനയിൽ സഹായിച്ച എല്ലാവർക്കും സ്നേഹപൂർവം നന്ദി നേരുന്നു.

ഈശോ നമ്മുടെ ദൗത്യത്തെ വിജയിപ്പിക്കട്ടെ.

**ഫാ. തോമസ് മേൽവെട്ടത്ത്**
വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി

# പാഠപുസ്തക സമീപനം

ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും എന്ന പാഠപുസ്തകത്തിന്റെ ഒന്നാം ഭാഗമാണ് പതിനൊന്നാം ക്ലാസ്സിനു വേണ്ടിയുള്ള ഈ പുസ്തകം ക്രിസ്തീയ ജീവിതവും അതിന്റെ അടിസ്ഥാന ഘടകങ്ങളും മനസ്സിലാക്കി സഭയിലും സമൂഹത്തിലും മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുവൻ പഠിതാക്കളെ പ്രാപ്തരാക്കുക എന്നതാണ് ഈ പുസ്തകത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

**ഫോർമേറ്റിവ് അപ്രോച്ച് (രൂപീകരണ സമീപനം)**

വിദ്യാഭ്യാസത്തിലൂടെ പഠിതാക്കൾക്ക് അറിവുകളിലേക്കും (information) അതിലൂടെ രൂപീകരണത്തിലേക്കും (Formation) തുടർന്ന് സമൂഹത്തിലേക്കും നന്മകൾ പകർന്ന് നല്കാൻ (Transformation) കഴിയണമെന്നാണല്ലോ വിവക്ഷിക്കുന്നത്. അതുപോലെ വിശ്വാസ പരിശീലനത്തിലെ അറിവുകൾ, വിശ്വാസരൂപീകരണത്തിലേക്കും (Faith formation) വിശ്വാസ അനുഭവത്തിലേക്കും ക്രിസ്തീയ ജീവിതത്തിലേക്കും നയിക്കുന്നതാകണം. ക്രിസ്തീയ ജീവിതമെന്നത് ഈശോയെക്കുറിച്ചുള്ള അറിവ്, സഭയെക്കുറിച്ചുള്ള അറിവ്, കൂദാശാ ജീവിതം, ധാർമ്മീക ജീവിതം, പ്രാർത്ഥനാ ജീവിതം, സാമൂഹ്യ ജീവിതം എന്നിവ ഉൾചേർന്നതാണ്.

പാഠപുസ്തകത്തിലൂടെ കടന്നുപോകുന്ന കുട്ടികൾ ഈ വിധം കാര്യങ്ങൾ ഗ്രഹിച്ച് സ്വാംശീകരിക്കാൻ പറ്റുന്ന വിധമാണ് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. അത്തരം സമീപനത്തെയാണ് രൂപീകരണ സമീപനം, അഥവാ പരിവർത്തന സമീപനം (Formative Approch) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ഫോർമേറ്റിവ് അപ്രോച്ചിന്റെ സവിശേഷതകൾ**

1. വിദ്യാർത്ഥി കേന്ദ്രീകൃതം (Student centered) അവരുടെ നൈപുണ്യകളെയും (Skills) സാഹചര്യത്തെയും, അറിവിനേയും പ്രയോജനപ്പെടുത്തി, പ്രവർത്തനങ്ങളിലൂടെ ആശയരൂപീകരണത്തിലേക്ക് എത്തുന്നു. തങ്ങളുടേതായ കഴിവുകൾ പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് സാധിക്കുന്നു.
2. അധ്യാപകൻ പ്രചോദകൻ (Teacher as a Facilitator): കുട്ടികളുടെ ചിന്തകളും കഴിവുകളും പുറത്തെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ (പഠന പ്രവർത്തനങ്ങൾ) ഒരുക്കുകയും, ഇടപെടലുകളിലൂടെ ആശയത്തിലേക്ക് നയിക്കുകയും കൃത്യമായ ക്രോഡീകരണത്തിൽ എത്തിക്കുകയും ചെയുകയാണ് ടീച്ചറുടെ ഉത്തരവാദിത്വം.
3. പാഠപുസ്തകം: സ്വയം വിശദീകരിക്കുന്നതും കുട്ടിയോട്

സംവദിക്കുന്നതുമായ ഭാഷയും (Self Conversation) കാണുമ്പോൾ തന്നെ മനസ്സിൽ പതിയത്തക്കവിധം (Auto Scanning) വിവരങ്ങൾ ഹ്രസ്വമായും ആകർഷണീയമായും അവതരിപ്പിക്കുന്നതും കൂടുതൽ അറിവിലേക്കും പഠനത്തിലേക്കും (Extended Study) നയിക്കാൻ സാധിക്കുന്നതുമാണ്.

4. വിലയിരുത്തൽ (Evaluation): ഓർമ്മയിൽ സൂക്ഷിക്കുന്ന അറിവുകൾ പരിശോധിക്കുന്നതിനപ്പുറം ആശയങ്ങളിൽ ധാരണ ഉണ്ടോ എന്ന് കണ്ടെത്തും വിധമുള്ള പരീക്ഷകളും (Term Evaluation) സ്വയം വിലയിരുത്താൻ കഴിയുന്ന പ്രവർത്തനങ്ങളും ചോദ്യങ്ങളും (Self Evaluation) പരസ്പരം വിലയിരുത്താൻ കഴിയുന്ന സംഘ പ്രവർത്ത നങ്ങളും (Peer Evaluation) ഫോർമേറ്റീവ് സമീപനത്തിൽ ഉൾക്കൊ ള്ളുന്നുണ്ട്. ഇവയെല്ലാം പരിഗണിച്ച് നിലവാരം കണക്കാക്കുന്ന നിരന്തര വിലയിരുത്തലിനുള്ള (Continuous Evaluation) സാധ്യതയും ഇതിൽ ഉണ്ട്.

5. ഉദ്ഗ്രഥിതവും ഉൾച്ചേർന്നതുമായ ഉള്ളടക്കം. (Integrated and inclusive content): വിശുദ്ധ ബൈബിൾ, സഭാപ്രബോധനങ്ങൾ, അടിസ്ഥാനമതബോധനം (നമസ്കാരങ്ങൾ), ചരിത്ര വസ്തുത കൾ മുതലയാവയെ കോർത്തിണക്കി പാഠങ്ങളെ അവതരിപ്പിക്കുന്ന തോടൊപ്പം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളേയും പരിഗണി ച്ചായിരിക്കണം ആശയങ്ങൾ അവതരിപ്പിക്കേണ്ടത്.

6. പാഠാവതരണം (Class room process): മുന്നറിവുകളെ പ്രയോജന പ്പെടുത്തി പ്രശ്ന/ സാഹചര്യ വിശകലനത്തിന് സാധിക്കുന്നതും സ്വതന്ത്ര ചിന്തയെ (Praxis) ഉണർത്തുന്നതും കഴിവുകളേയും (Skills) സർഗാത്മകതയെയും (Creativity) പ്രയോജനപ്പെടുത്തുന്ന തിനും പറ്റുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ലാസ്സിൽ നടക്കേ ണ്ടത്. ആശയങ്ങളുടെ നഷ്ടം (Content drainage) സംഭവിക്കാതിരി ക്കാൻ അധ്യാപകരുടെ ഇടപെടലുകളും ഉറപ്പാക്കപ്പെടണം.

സ്വയം ആശയങ്ങളെ തിരിച്ചറിഞ്ഞ് നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടാൻ സഹായിക്കുകയാണ് ഫോർമേറ്റീവ് അപ്രോച്ചിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ടീച്ചർക്ക് നല്ല മുൻ ധാരണയും മുന്നൊരുക്കവും ഇതിന് ആവശ്യമാണ്. അത്യാവശ്യമായ റഫറൻസ് ഗ്രന്ഥങ്ങളുടെ ലഭ്യത സൺഡേ സ്കൂളു കളിലും ടീച്ചേർസിനും ഉണ്ടായിരിക്കേണ്ടതുണ്ട്. (ഉദാ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യൂക്കാറ്റ് etc.) സങ്കേതിക വിദ്യകളുടെ (Technology) പ്രയോജനപ്പെടുത്തൽ അത്യന്താപേക്ഷിതവുമാണ്.

# പാഠകുറിപ്പ് തയ്യാറാക്കുമ്പോൾ

തന്റെ മുമ്പിലുള്ള പഠിതാവിനെ ചിന്തയിലും അറിവിലും ഉണർത്തി ഉയർത്തുകയും യുക്തിഭദ്രമായി ആശയങ്ങളെ ഉൾകൊണ്ട് ബോധ്യങ്ങളിലേക്കും ഉത്തമശീലങ്ങളിലേക്കും നയിക്കുക എന്നതാണ് ഫോർമേറ്റിവ് അപ്രോച്ചിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഈ ലക്ഷ്യം സാധ്യമാക്കുകയാണ് അധ്യാപകരുടെ ഉത്തരവാദിത്വം. പാഠപുസ്തകവും ടീച്ചർ ടെക്സറ്റുമെല്ലാം സഹായക സാമഗ്രികൾ മാത്രമാണ്. ടീച്ചറുടെ മുന്നൊരുക്കവും ആശയധാരണയും പഠിതാക്കളുടെ നിലവാരത്തെക്കുറിച്ചുള്ള ധാരണയുമാണ് ലക്ഷ്യ പ്രാപ്തിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ. ഇവക്കനുസൃതമായി പാഠത്തിലെ ആശയങ്ങളെ പഠിതാക്കളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളെ ക്രമീകൃതമായി രേഖപ്പെടുത്തുന്നതാണ് പാഠക്കുറിപ്പ്.

ഇത് ഓരോ അധ്യാപകരുടേയും സ്വന്തമായതിനാൽ വ്യത്യസ്തവുമായിരിക്കും. എങ്കിലും ഒരു ഏകീകൃതരൂപം അനിവാര്യമാണ്.

**പാഠക്കുറിപ്പിന്റെ ഏകദേശ ഘടന**

- അധ്യായം
- ലക്ഷ്യം
- ബോധ്യങ്ങൾ
- ശീലം
- പ്രധാന ആശയങ്ങൾ

(1, 2... എണ്ണം. ടീച്ചർ ടെക്സ്റ്റിൽ പറയാത്തത്. തങ്ങളുടെ പഠിതാക്കൾക്ക് ആവശ്യമായത് പാഠത്തിൽ നിന്നും കൂട്ടിച്ചേർക്കാം.)

- പഠനോപകരണങ്ങൾ
- സഹായക ഗ്രന്ഥങ്ങൾ
- വിശദമാക്കേണ്ട പദങ്ങൾ
  (പഠിതാക്കളുടെ നിലവാരം, ധാരണ ഇവ പരിഗണിച്ച്)
- സമയം
- പാഠാവതരണം
- പഠനപ്രവർത്തനം

  a. ആമുഖ പ്രാർത്ഥന
  പ്രക്രിയ
  ക്രോഡീകരണം
- തുടർ പ്രവർത്തനം
- വിലയിരുത്തൽ കുറിപ്പ്

# മൂല്യനിർണ്ണയം

വിശ്വാസ ജീവിത പരിശീലനത്തിന്റെ അന്തിമലക്ഷ്യം പഠിതാക്കളുടെ ജീവിതനവീകരണവും സ്വർഗ്ഗാഭിമുഖ ജീവിതവുമാണ്. മൂല്യനിർണ്ണയത്തിൽ പാഠപുസ്തകത്തിലെ ആശയങ്ങൾക്കപ്പുറം ഈ ലക്ഷ്യങ്ങൾ കുട്ടി എത്ര മാത്രം നേടിയിരിക്കുന്നു എന്നാണ് പരിശോധിക്കേണ്ടത്. അതിന് മൂല്യനിർണ്ണയരീതിയിൽ സമഗ്രമായ മാറ്റം ഉണ്ടാകണമെന്ന ആവശ്യം എല്ലാ തലങ്ങളിൽ നിന്നും ഉയർന്നുവരാറുണ്ട്. മതബോധന ലക്ഷ്യത്തിനും പാഠപുസ്തകസമീപനത്തിനും ഉള്ളടക്കത്തിനും അനുസൃതമായിരിക്കേണ്ടതുണ്ട് മൂല്യനിർണ്ണയ രീതി.

ഫോർമേറ്റീവ് സമീപനരീതിയിലുള്ള വിലയിരുത്തലിൽ നിരന്തര മൂല്യനിർണ്ണയവും (Continuous Evaluation) വാർഷിക മൂല്യനിർണ്ണയവും (Term Evaluation) അനിവാര്യ ഘടകങ്ങളാണ്.

## A വാർഷിക മൂല്യനിർണ്ണയം

വിശ്വാസപരമായ അറിവുകളും, ആശയങ്ങളും, സഭാ പീനങ്ങളും എത്രത്തോളം ഉൾകൊണ്ടിട്ടുണ്ടെന്നും, ജീവിത സാഹചര്യങ്ങളിൽ ക്രിസ്തീയ നിലപാടുകൾ സ്വീകരിക്കാൻ കഴിയുന്നുണ്ടോയെന്നതും വിലയിരുത്തുന്നതിന് ടേം മൂല്യനിർണ്ണയത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നു. ഇതിനായി പ്രധാനമായും എഴുത്തുപരീക്ഷ രീതിയാണ് സ്വീകരിക്കുക.

1. പാദവാർഷിക പരീക്ഷകൾ
2. വാർഷിക പരീക്ഷ
3. യൂണിറ്റ് ടെസ്റ്റുകൾ എന്നിവ ഇതിന്റെ ഭാഗങ്ങളാണ്.

## B നിരന്തര മൂല്യനിർണ്ണയം (CE)

പഠിതാവിലുണ്ടാകുന്ന മാറ്റങ്ങളും മനോഭാവങ്ങളും നിരന്തര മൂല്യനിർണ്ണയത്തിലൂടെ വിലയിരുത്തപ്പെടുത്തുന്നു. ക്ലാസ്സ് അധ്യാപകരാണ് ഇത് സാധ്യമാക്കേണ്ടത്. നിരന്തര മൂല്യനിർണ്ണയത്തിന് താഴെപ്പറയുന്ന മേഖലകൾ പരിഗണിക്കണം.

1. ക്ലാസ്സ് റൂം സാധ്യതകൾ: പ്രവർത്തനങ്ങളിലെ പങ്കാളിത്തം, തുടർ പ്രവർത്തനത്തിലൂടെ തയ്യാറാക്കപ്പെടുന്ന ഉല്പന്നങ്ങൾ, ഹാജർ എന്നിവയെല്ലാം ഇതിലെ മാനദണ്ഡങ്ങളാണ്.

2. കൂദാശാ ജീവിതം: വിശുദ്ധ കുർബാനയിലെ പങ്കാളിത്തം, അനുരഞ്ജന കൂദാശ സ്വീകരണം, കൂദാശകളോടും സഭാ നിലപാടുകളോടുമുള്ള മനോഭാവം മുതലായവ ഇതിൽ ഉൾപ്പെടുന്നു.

3. സംഘടനാ പ്രവർത്തനം: ഇടവകാപ്രവർത്തനങ്ങളിലെ ഭാഗഭാഗിത്വവും സംഘടനകളിലെ സജീവതയും, ധാർമ്മീക നിലപാടുകൾ തുടങ്ങിയ മേഖലകളാണ് ഇവിടെ വിലയിരുത്തപ്പെടേണ്ടത്.

നിരന്തര മൂല്യനിർണ്ണയ രേഖപ്പെടുത്തലുകൾ ക്ലാസ്സ് അദ്ധ്യാപകർ കൃത്യമായി നടത്തിയാൽ മാത്രമേ നിരന്തര മൂല്യനിർണ്ണയം സാധ്യമാകൂ.

**C. സ്വയം വിലയിരുത്തൽ:**

പഠിതാക്കൾക്ക് സ്വയം വിലയിരുത്താനും, (Self Evaluation) സംഘമായി വിലിയിരുത്താനും (Peer Group Evaluation) ഉള്ള അവസരങ്ങളും ഫോർമേറ്റീവ് അപ്രോച്ചിന്റെ സവിശേഷതയാണ്.

- ☐ കുട്ടികൾക്ക് തന്നെ ഒഴുക്കോടെ വായിച്ച് പോകാൻ പറ്റുന്ന മോണോലോഗ് (Monologe) ഇന്ററാക്ടീവ് ശൈലി സ്വീകരിക്കാൻ ഈ പുസ്തകത്തിലൂടെ പരമാവധി ശ്രമിച്ചിട്ടുണ്ട്.
- ☐ ചുരുക്കത്തിൽ അധ്യാപകർ പാഠപുസ്തക ആശയങ്ങളെ തിരിച്ചറിഞ്ഞ് ശരിയായ കത്തോലിക്കാ നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടുന്നതിലൂടെയാണ് ഈ പാഠപുസ്തകം കൂടുതൽ നന്നായി അവതരിപ്പിക്കുവാൻ സാധിക്കുക. ഈ പാഠപുസ്തകത്തിന്റെ ഫോർമേറ്റീവ് അപ്രോച്ച് നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം ഇതിന് ടീച്ചർക്ക് നല്ല മുൻധാരണയും ഒരുക്കവും ആവശ്യമാണ്.

# പാഠപുസ്തക വിശകലനം

പുസ്തക സവിശേഷത: ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിച്ചതിന്റെ വെളിച്ചത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും ഒന്നാം പാഠത്തിൽ കുട്ടികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കുന്നു. രണ്ടാം അധ്യായത്തിൽ ചരിത്ര പുരുഷനായ ഈശോ തന്റെ കർത്താവും ദൈവവുമാണെന്ന് മനസ്സിലാക്കുന്നു. മൂന്നുമുതൽ ആറ് വരെയുള്ള അധ്യായങ്ങളിലൂടെ CCC-യുടെ ഘടനയിലൂടെ കത്തോലിക്കാ സഭയുടെ മതബോധനം (നമ്മൾ വിശ്വസിക്കുന്നവ, ആഘോഷിക്കുന്നവ, പാലിക്കുന്നവ, പ്രാർത്ഥനകൾ) എന്നിവയെ അവതരിപ്പിക്കുന്നു. അധ്യായം ഏഴിൽ ക്രിസ്തീയ മനസ്സാക്ഷിയുടെ സവിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുന്നു. എട്ട് ഒൻപത് അധ്യായങ്ങൾ നമ്മുടെ ജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. പത്താം അധ്യായം നന്മയിൽ വളർന്നാൽ മാത്രം പോരാ തിന്മയ്ക്കെതിരെ പോരാടാനും നമ്മൾ ശക്തരായിരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. പതിനൊന്നാം അധ്യായം ക്രിസ്തീയ ജീവിതം സന്തോഷത്തിന്റെ ജീവിതമാണ് എന്ന അടിസ്ഥാന ബോധ്യം നൽകുന്നു. പന്ത്രണ്ടാം അധ്യായത്തിൽ നമ്മുടെ ദൗത്യം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിച്ച് ഈശോയ്ക്ക് എന്നും സാക്ഷികളായിമാറുക എന്നതാണ്.

**പാഠങ്ങളുടെ വിഭജനം**

- ഒന്നു മുതൽ ആറ് വരെയുള്ള പാഠങ്ങൾ ഒരു ക്ലസ്റ്റർ ആണ്.
  അധ്യായം 1 ക്രിസ്തീയജീവിതത്തിന്റെ അർത്ഥവും അനന്യതയും വ്യക്തമാക്കുന്നു.
  അധ്യായം 2 ഈശോ ചരിത്രത്തിൽ ജീവിച്ചിരുന്ന മനുഷ്യനാണന്ന് ബോധ്യപ്പെട്ട് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനങ്ങൾ മനസ്സിലാക്കാൻ പ്രാപ്തരാക്കുന്നു
  അധ്യായം 3, 4, 5, 6 യഥാക്രമം ക്രൈസ്തവ വിശ്വാസത്തിന്റെ 4 തൂണുകൾ എന്ന് പറയുന്ന വിശ്വാസം, വിശ്വാസത്തിന്റെ ആഘോഷമായ ആരാധനാക്രമം, ദൈവകല്പനകൾ, പ്രാർത്ഥന എന്നിവയിലൂന്നിയുള്ള ജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ സഹായിക്കുന്നു.
- രണ്ടാം ക്ലസ്റ്ററിൽ 7,8,9 എന്നീ അധ്യായങ്ങൾ ഉൾപ്പെടുന്നു. ധാർമ്മീകജീവിതത്തിലുണ്ടായിരിക്കേണ്ട ക്രൈസ്തവ മനസാക്ഷി, ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന ശിലയായ വിശുദ്ധ ബൈബിൾ, വചനാധിഷ്ഠിത ജീവിതം എന്നിവയിലേക്ക് നയിക്കുന്നു.

- മൂന്നാമത്തെ ക്ലസ്റ്ററിൽ 10, 11, 12 അധ്യായങ്ങൾ ഉൾപ്പെടുന്നു. സാമൂഹ്യ ജീവിതത്തിൽ തിന്മയെ അതിജീവിക്കേണ്ടതിന്റെ പ്രാധാന്യം, ക്രിസ്തീയ ജീവിതം പ്രദാനം ചെയ്യുന്ന സന്തോഷം, സാമൂഹത്തിൽ നമ്മുടെ ദൗത്യം എന്നിവയെ ബോധ്യതലങ്ങളിലേക്ക് ഉയർത്തുന്നു.

**നിറങ്ങളും ചിഹ്നങ്ങളും**

വിവിധ നിറങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും ലേ ഔട്ട് ചെയ്തിരിക്കുന്നു. അധ്യായത്തിന്റെ തലക്കെട്ടിൽ തന്നെ ആശയസൂചന നൽകുന്ന ചിത്രം ചേർത്തിട്ടുണ്ട്. കഴിയുന്നത്ര Icons ആണ് കൊടുത്തിട്ടുള്ളത്.

**a) നിറങ്ങൾ**

- ☐ ഇളം നീല: ക്രോഡീകരിക്കേണ്ടതും പഠിച്ചിരിക്കേണ്ടതുമായ ആശയങ്ങളും സഭാ നിലപാടുകളും സൂചിപ്പിക്കുന്നു.
- ☐ ചുവപ്പ്: വിശ്വാസമായി മാറേണ്ട വസ്തുതകളും സന്ദേശങ്ങളെയുമാണ് സൂചിപ്പിക്കുന്നത്.
- ☐ ഇളം പച്ച: ആശയങ്ങളുമായി ബന്ധപ്പെട്ട അധികവിവരങ്ങളാണ്. ഇവ നോൺ ഇവാലുവേറ്ററിയാണ്.
- ☐ ഇളം റോസ്: ആശയത്തെ സാധൂകരിക്കുന്ന ഉദ്ധരണികൾ, വ്യക്തികൾ എന്നിവയാണ്.

**b) ചിഹ്നങ്ങൾ**

- ☐ ഇളം മഞ്ഞ: പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, അധിക വിവരണങ്ങൾ, ഉദാഹരങ്ങങ്ങൾ എന്നിവയാണ്.



നീല നിറത്തിലുള്ള ചോദ്യചിഹ്നം കുട്ടികളുടെ മുന്നറിവ് പരിശോധിച്ച് പാഠത്തിലേക്ക് നയിക്കാനുള്ളതാണ് (ടീച്ചിംഗ് ക്വസ്റ്റ്യൻസാണ്).



ക്ലാസ്സ് മുറിയിലും പുറത്തുമായി കുട്ടികൾ നിർബന്ധമായും ചെയ്യേണ്ടതായ പ്രവർത്തനങ്ങളാണ്.



കുട്ടികൾ സാംശീകരിക്കേണ്ട പ്രധാന ആശയങ്ങളിലേക്ക് നയിക്കുന്ന മൂല്യനിർണ്ണയ ചോദ്യങ്ങളാണ്.



ബോധ്യങ്ങളെയും ബോധ്യങ്ങളിൽ നിന്നും ഉണ്ടാകേണ്ട തീരുമാനങ്ങളേയും സൂചിപ്പിക്കുന്നു. ഇവയിലേക്ക് കുട്ടികളെ നയിക്കുകയാണ് ടീച്ചറുടെ ഉത്തരവാദിത്വം.



ആശയങ്ങളുമായി ബന്ധപ്പെട്ട് വായിക്കേണ്ടതും മനസ്സിലാക്കേണ്ടതുമായ വചനഭാഗങ്ങളെ സൂചിപ്പിക്കുന്നു.



പാഠത്തിന്റെ അവസാനം നൽകിയിരിക്കുന്ന വചനം മനഃപ്പാഠമാക്കണമെന്ന് സൂചിപ്പിക്കുന്നു.



ഓരോ അധ്യായത്തിൽ നിന്നും ശീലമാക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച പ്രായോഗികമായ തീരുമാനങ്ങളിലേക്ക് നയിക്കുന്നു.

**ചോദ്യങ്ങൾ**

- പാഠഭാഗം വിശദീകരിക്കുന്ന ഭാഗത്ത് ചോദ്യചിഹ്നമിട്ട് ചേർത്തിരിക്കുന്ന ചോദ്യങ്ങൾ ആശയാവതരണത്തിന് ടീച്ചർ ചോദിക്കേണ്ടവയാണ്. (Teaching question) ഇതിലൂടെ മുന്നറിവുകൾ പ്രകടിപ്പിക്കാനും ചിന്തയെ ഉണർത്താനും കഴിയും.
- വലുതുഭാഗത്തെ ചെറിയ കോളത്തിൽ പ്രത്യേക ചിഹ്നം നല്കിയിട്ടുള്ള ചോദ്യങ്ങൾ വിലയിരുത്തൽ ചോദ്യങ്ങളാണ്. (Learning/ Evaluatory questions)
- പാഠഭാഗവുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങളും അധ്യാപകർക്ക് ചോദിക്കാവുന്നതാണ്.

**മൊഡ്യൂൾ**

പാഠഭാഗത്തെ പ്രവർത്തനങ്ങൾ/ ടീച്ചർ പ്ലാൻ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രധാന ആശയങ്ങൾ അവതരിപ്പിക്കുകയും ക്രോഡീകരിക്കുകയും ചെയ്ത് തുടർപ്രവർത്തനം നൽകുകയും ചെയ്യുമ്പോഴാണ് ഒരു മൊഡ്യൂൾ പൂർണമാകുക. ഇതാണ് അധ്യാപകരുടെ ടീച്ചിംഗ് നോട്ട്. മൊഡ്യൂളുകൾ ക്രമീകരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. ആകെയുള്ള സമയവും ഓരോ പാഠത്തിനുള്ള സമയവും നിങ്ങളുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കണം.

- **സുവിശേഷ പഠനം:** ദൈവവചനം വായിക്കാം എന്നത് പതിനൊന്നാം ക്ലാസ്സ് കഴിയുമ്പോൾ കുട്ടികൾ, വി. മത്തായി, വി. മർക്കോസ്, വി. ലൂക്ക എന്നീ സുവിശേഷങ്ങൾ ഒരു പ്രാവശ്യം വായിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണ്. അതിനുള്ള ക്രമീകരണങ്ങൾ അധ്യാപകർ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. ഇതിലൂടെ പഠിതാക്കൾ സമാന്തര സുവിശേഷങ്ങൾ പരിചയപ്പെട്ട് സുവിശേഷത്തിലെ ഈശോയുമായി ആഴപ്പെട്ട വ്യക്തിബന്ധം സാധ്യമാക്കുന്നു.

**ബൈബിൾ/നമസ്കാരങ്ങൾ/സഭാ പഠനങ്ങൾ**

- പാഠഭാഗത്ത് തന്ന ആശയങ്ങളുമായി ബന്ധപ്പെട്ട് നല്കിയിട്ടുള്ള വചനഭാഗങ്ങളും നമസ്കാരങ്ങളും മൂല്യനിർണ്ണയത്തിന് ബാധകമാണ്. ഓരോ അധ്യായത്തിന്റേയും അവസാനം ഹൃദയം ദീപ്തമാക്കാം എന്ന വചനവും കുട്ടികൾ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- എല്ലാ അധ്യായങ്ങളിലും തിരുവചനം, നമസ്കാരങ്ങൾ, ചരിത്രവസ്തുതകൾ, വിശുദ്ധരായ വ്യക്തികൾ, സഭാ പ്രബോധനങ്ങൾ എന്നിവയെല്ലാം ഉൾകൊള്ളുന്നുണ്ട്. ഇവയിലൂടെ അധ്യാപകരും കുട്ടികളും കടന്നുപോകുന്നുണ്ടെന്ന് ടീച്ചർ ഉറപ്പാക്കുമ്പോഴാണ് പാഠലക്ഷ്യം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.
- ഈ പാഠഭാഗങ്ങൾ വ്യക്തമായി പഠിപ്പിക്കാൻ ഈ പുസ്തകം ഉപയോഗപ്പെടുത്തുന്ന സഭാ പ്രബോധന ഗ്രന്ഥങ്ങൾ (വ്യക്തിപരമായോ പൊതുവായോ) ഓരോ ഇടവകയിലും ഉണ്ടായിരിക്കാൻ ശ്രദ്ധ പതിപ്പിക്കണം.
- കുട്ടികൾക്ക് തന്നെ ഒഴുക്കോടെ വായിച്ച് പോകാൻ പറ്റുന്ന മോണോലോഗ് (Monologe) ഇന്ററാക്ടീവ് ശൈലി സ്വീകരിക്കാൻ ഈ പുസ്തകത്തിലൂടെ പരമാവധി ശ്രമിച്ചിട്ടുണ്ട്.
- ചുരുക്കത്തിൽ അധ്യാപകർ പാഠപുസ്തക ആശയങ്ങളെ തിരിച്ചറിഞ്ഞ് ശരിയായ കത്തോലിക്കാ നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടുന്നതിലൂടെയാണ് ഈ പാഠപുസ്തകം കൂടുതൽ നന്നായി അവതരിപ്പിക്കുവാൻ സാധിക്കുക. ഈ പാഠപുസ്തകത്തിന്റെ ഫോർമേറ്റീവ് അപ്രോച്ച് നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം ഇതിന് ടീച്ചർക്ക് നല്ല മുൻധാരണയും ഒരുക്കവും ആവശ്യമാണ്.

## ഈ ഗ്രന്ഥ രചനയിൽ സഹായിച്ചവർ (റിസോഴ്സ് ടീം)

ഡോ. ബാബു ചിറ്റിലപ്പിള്ളി (പ്രിൻസിപ്പാൾ, മാർ ഒസ്താത്തിയോസ് കോളേജ്, പെരുമ്പിലാവ്, തൃശ്ശൂർ അതിരൂപത)

ഡോ. ഹണി ബാബു ചിറ്റിലപ്പിള്ളി (അധ്യാപിക, സെന്റ് തോമസ് എച്ച് എസ് എസ്, വല്ലച്ചിറ, തൃശ്ശൂർ അതിരൂപത)

ജോസ് മാത്യു പുഞ്ചയിൽ (പ്രിൻസിപ്പാൾ, ഗവ. എച്ച് എസ് എസ് എടത്തണ, മാനന്തവാടി രൂപത)

സജി നരിവേലിൽ (റിട്ട. പ്രിൻസിപ്പാൾ, എച്ച് എസ് എസ് നടവയൽ, മാനന്തവാടി രൂപത)

സെബാസ്റ്റ്യൻ പാലംപറമ്പിൽ (റിട്ട. അധ്യാപകൻ,എച്ച് എസ് എസ് കല്പ്പറ്റ, മാനന്തവാടി രൂപത)

ബിനീഷ് ജോസഫ് കളപ്പുരയ്ക്കൽ (അധ്യാപകൻ, എച്ച് എസ് എസ്, കാഞ്ഞിരപ്പള്ളി രൂപത)

ഷാജി സി. മാണി ചൂരപ്പുഴയിൽ (അധ്യാപകൻ, സെന്റ് അലോഷ്യസ് എച്ച് എസ് എസ്, അതിരംപുഴ, ചങ്ങനാശ്ശേരി അതിരൂപത)

ബിനോ. പി. ജോസ് പെരുംതോട്ടത്തിൽ (അസി. പ്രൊഫസർ, ഹിസ്റ്ററി, സെന്റ് ഡൊമനിക് കോളേജ്, കാഞ്ഞിരപ്പള്ളി രൂപത)

ഷൈരാജ് വർഗീസ് കൊച്ചുപറമ്പിൽ (ഹെഡ്മാസ്റ്റർ, സെന്റ് പീറ്റർ എച്ച് എസ് എസ് കുറുമ്പനാടം, ചങ്ങനാശ്ശേരി അതിരൂപത)

അദ്ധ്യായം 1

# ക്രിസ്തീയജീവിതം അർത്ഥവും വ്യാപ്തിയും

## A. പാഠ വിശകലനം

മനുഷ്യ ജീവിതത്തിന് അർത്ഥം നൽകുന്നത് ദർശനങ്ങളാണ്. ക്രിസ്തീയ ജീവിത ദർശനം അനന്യമാണ്. സുന്ദരമായ ആ ക്രിസ്തീയ ജീവിതം സ്വന്തമാക്കുന്നതിന് ഈശോയെ രക്ഷകനും നാഥനുമായി ഏറ്റുപറയണമെന്നും, മാമ്മോദീസാ സ്വീകരിച്ച് സഭയിൽ അംഗമാകണമെന്നും, ഈശോയുടെ വചനങ്ങളും സഭയുടെ പ്രബോധനങ്ങളുമനുസരിച്ച് ജീവിക്കണമെന്നും, പ്രേക്ഷിതാഭിമുഖ്യമുള്ളവരായി, സ്വർഗ്ഗം ലക്ഷ്യമാക്കി, വിശുദ്ധിയോടെ ജീവിക്കണമെന്നുമുള്ള വസ്തുതകളെ ഈ അദ്ധ്യായം വിശകലനം ചെയ്യുന്നു.

**ലക്ഷ്യം:** മനുഷ്യ ജീവിതത്തിന് ഒരു അർത്ഥവും ദർശനവും ഉണ്ടാകണമെന്നും അവയിൽ ഏറ്റവും ഉൽകൃഷ്ടവും അനന്യവുമാണ് ക്രൈസ്തവ ജീവിതദർശനമെന്നും തിരിച്ചറിഞ്ഞുകൊണ്ട് ആ ക്രൈസ്തവ ജീവിതം സ്വന്തമാക്കാൻ എന്തൊക്കെ ചെയ്യണം എന്ന് പഠിതാക്കൾ മനസ്സിലാക്കുന്നു.

**ബോധ്യങ്ങൾ**

1. ജീവിതത്തിന് അർത്ഥം നൽകുന്നത് ദർശനങ്ങളാണ്.
2. ക്രിസ്തീയജീവിതദർശനം അനന്യവും കാലാതിവർത്തിയും ദിശാബോധദായകവുമാണ്.
3. ഈശോയെ നാഥനും രക്ഷകനുമായി സ്വീകരിച്ച്, സ്വർഗ്ഗോന്മുഖമായും, സഭാത്മകമായും ജീവിക്കുന്നതാണ് ക്രിസ്തീയജീവിതശൈലി.

**ശീലം:** എന്റെ ജീവിതത്തെക്കുറിച്ചും അതിന്റെ അർത്ഥം, ലക്ഷ്യം തുടങ്ങിയവയെക്കുറിച്ചും ഞാൻ ഗൗരവമായി ചിന്തിക്കും. എന്റെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവുമെല്ലാം ക്രൈസ്തവ ജീവിതത്തിൽ ഞാൻ കണ്ടെത്തും. ഞാൻ നയിക്കുന്ന ക്രൈസ്തവ ജീവിതത്തിന്റെ അനന്യതയും സൗന്ദര്യവും ഞാൻ ആസ്വദിക്കുകയും അതിൽ ആനന്ദിക്കുകയും അഭിമാനിക്കുകയും അതിനെക്കുറിച്ച് പ്രഘോഷിക്കുകയും ചെയ്യും.

**സഹായക ഗ്രന്ഥങ്ങൾ**

- വിശുദ്ധബൈബിൾ
- കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം
- യൂ ക്യാറ്റ്
- പാഠപുസ്തകം
- ലോകമതങ്ങളിലൂടെ ഒരു തീർത്ഥയാത്ര, ഡോ. വിൻസെന്റ് കുണ്ടുകുളം, മംഗലപ്പുഴ സെമിനാരി

**പ്രധാന ആശയങ്ങൾ**

- മനുഷ്യ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്നത് ദർശനങ്ങളാണ്.
- ലോകത്തിൽ നിരവധി ദർശനങ്ങളുണ്ട്. അവയിലേറ്റവും അനന്യവും സമ്പൂർണ്ണവും ക്രിസ്തീയ ജീവിത ദർശനമാണ്. കാരണം, ക്രിസ്തീയ ജീവിത ദർശനം ദൈവീക വെളിപാടിന്റെ പൂർണ്ണതയെ സംവഹിക്കുന്ന ദർശനമാണ്.
- ക്രിസ്തീയ ജീവിതം സ്വന്തമാക്കാൻ ഈശോമിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിച്ച് ഏറ്റുപറയണം, മാമ്മോദീസ സ്വീകരിക്കണം, ഈശോയുടെ സുവിശേഷമനുസരിച്ചും സഭാ പ്രബോധനമനുസരിച്ചും സ്വർഗ്ഗം ലക്ഷ്യമാക്കി, വിശുദ്ധിയോടെയും പ്രേഷിതാഭിമുഖ്യത്തോടെയും ജീവിക്കണം. ക്രിസ്തീയ ജീവിതം ഈശോയെ സാക്ഷ്യപ്പെടുത്തി ജീവിക്കുന്ന ജീവിതശൈലിയാണ്.

**പഠനോപകരണങ്ങൾ**

ചാർട്ട് പേപ്പർ, മാർക്കർ, വെള്ള പേപ്പർ, സഭയുടെ പ്രേഷിത പ്രവർത്ത നങ്ങളെക്കുറിച്ചുള്ള പത്രകട്ടിംഗുകൾ, മാഗസിൻ ഫീച്ചറുകൾ, വീഡിയോകൾ, വീഡിയോകൾ പ്രദർശിപ്പിക്കാൻ മൊബൈൽ, ലാപ് ടോപ്പ്, അല്ലെങ്കിൽ പ്രൊജക്ടർ etc.. സഹായക ഗ്രന്ഥങ്ങൾ.

**വിശദമാക്കേണ്ട പദങ്ങൾ:** ദർശനം, ആത്മ സാക്ഷാത്ക്കാരം, മൗതിക ശരീരം

**ദർശനം**

ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്ന തത്വചിന്തകളാണ് ദർശനം. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ആന്തരിക സ്വഭാവത്തെക്കു റിച്ചുള്ള പഠനം എന്ന അർത്ഥത്തിലാണ് ദർശനം എന്ന പദം ഉപ

യോഗിച്ച് കാണുന്നത്. ഫിലോസഫി എന്ന വാക്കിന് തുല്യമായ പദമാണ് ദർശനം. (കണാദന്റെ വൈശേഷിക സൂത്രം എന്ന കൃതിയിലാണ് തത്വശാസ്ത്രം എന്ന അർത്ഥത്തിൽ ഈ പദം ആദ്യമായി പ്രയോഗിച്ചത്. തത്വം കണ്ടെത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ദർശനം ഉണ്ടാകുന്നത്. വൈജ്ഞാനിക ചിന്ത എന്ന അർത്ഥം കൂടി ഈ പദത്തി നുണ്ട്. ഷഡ് ദർശനങ്ങൾ എന്ന പേരിൽ ആറ് ദർശനങ്ങൾ അറിയ പ്പെടുന്നു.സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ മീമാംസ, ഉത്തര മീമാംസ എന്നിവയാണവ).

**ആത്മ സാക്ഷാത്കാരം**

ഏതു വ്യക്തിയുടെയും ആത്മാവിൽ ഒരു ദാഹമുണ്ട്. ആ ദാഹം ഭൗതികമായ നേട്ടങ്ങൾ കൊണ്ടോ സന്തോഷങ്ങൾക്കൊണ്ടോ പൂർണ്ണ മായും തൃപ്തിപ്പെടുന്നില്ല. പകരം പരമ നന്മസ്വരൂപനും കാരുണ്യവാനു മായ ദൈവത്തെ അനുഭവിക്കുമ്പോൾ ആത്മാവ് സന്തോഷവും സമാധാനവും ആനന്ദവും പൂർണമായും ആസ്വദിക്കുന്നു. ആ അവ സ്ഥയ്ക്ക് പറയുന്ന പേരാണ് ആത്മസാക്ഷാത്കാരം.

**സഭ, ഈശോയുടെ മൗതികശരീരം (Mystical Body)**

സഭ ഈശോയിൽ വിശ്വസിക്കുന്ന ആളുകളുടെ ഒരു കൂട്ടം മാത്രമല്ല.അത് ഈശോയുടെ ശരീരം തന്നെയാണ്. സഭയെ പീഡിപ്പിച്ച സാവൂളിനോട് നീ എന്തിനാണ് എന്നെ പീഡിപ്പിക്കുന്നതെന്ന് ഈശോ ചോദിച്ചപ്പോൾ സഭ തന്റെ ശരീരം തന്നെയെന്ന് അവിടുന്ന് സൂചിപ്പിക്കുകയായിരുന്നു. കൂടാതെ, പൗലോസ് ശ്ലീഹാ, ഈശാ സഭയുടെ ശിരസ്സും നാമെല്ലാം അവിടുത്തെ ശരീരത്തിലെ വിവിധ അവയവങ്ങളാണെന്നും സാക്ഷ്യപ്പെടുത്തുന്നു. (കൊളോ 1:18) അങ്ങനെ, കൂദാശകളിലൂടെ സഭ യിൽ അംഗമാകുന്ന ഒരു വ്യക്തി ഈശോയുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങളാകുന്നു. സഭാംഗങ്ങൾ തമ്മിലുള്ള ഐക്യത്തെയും സ്നേ ഹത്തെയും സഭയുടെ ശിരസ്സായ ഈശോയുടെ സാന്നിധ്യത്തെയും സഭ, ഈശോയുടെ മൗതികശരീരം എന്ന ഈ ഒരു പ്രതീകം എടുത്തു പറയുകയാണ്.

**B. പാഠാവതരണം**

**രണ്ട് മണിക്കൂർ കൊണ്ട് പൂർത്തിയാക്കാവുന്ന രണ്ട് മൊഡ്യൂളുകളാണ് ഈ അധ്യായത്തിലുള്ളത്.**

**മൊഡ്യൂൾ 1 : ക്രിസ്തീയജീവിതദർശനത്തിന്റെ അനന്യത, ജീവിതം: വിവിധ ദർശനങ്ങൾ**

**സമയം: 30 മിനിറ്റ്**

**ആമുഖ പ്രാർത്ഥന:** ആവർത്തിക്കാവുന്ന ഭജനകൾ പോലുള്ള ചെറു ഗീതങ്ങൾ പാടിക്കൊണ്ട് ക്ലാസ്സിനെ ധ്യാനപൂർവ്വം ഒരുക്കി ജീവിതത്തെക്കുറിച്ചും ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്തേണ്ടതിനെക്കുറിച്ചും ചെറിയ വിചിന്തനങ്ങൾ നൽകി, പ്രാർത്ഥനയോടെ ക്ലാസ് അധ്യാപകർ ആരംഭിക്കുന്നു.

**പ്രവർത്തനം 1: ആശയം പങ്കുവയ്ക്കൽ**

എന്തിനാണ് ജീവിതം? ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്തേണ്ടത് അത്യാവശ്യമാണോ? ഈ ചോദ്യങ്ങൾ ടീച്ചർ ക്ലാസിൽ പൊതുവായി ചോദിക്കുകയും താല്പര്യമുള്ള കുട്ടികൾ ഇവയ്ക്കുള്ള ഉത്തരം ക്ലാസിൽ പൊതുവായി പങ്കുവയ്ക്കുകയും ചെയ്യുന്നു.

ഈ പ്രവർത്തനത്തിലൂടെ ജീവിതത്തിന്റെ ദർശനം കണ്ടെത്തുക അത്യാവശ്യമാണെന്ന് കുട്ടികൾ തിരിച്ചറിയുന്നു.

**പ്രവർത്തനം 2: ഗ്രൂപ്പ് പഠനം**

ലോകത്തിൽ നിലവിലുള്ള വിവിധ ജീവിത ദർശനങ്ങളെക്കുറിച്ച് പാഠപുസ്തകത്തിൽ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഓരോ ഗ്രൂപ്പും മനസ്സിലാക്കി ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു.

**പ്രവർത്തനം 3: ഗ്രൂപ്പ് ചർച്ച, പോസ്റ്റർ തയ്യാറാക്കൽ**

വിവിധ ലോകദർശനങ്ങളെക്കുറിച്ച് മനസ്സിലാക്കിയതിനുശേഷം ക്രിസ്തീയ ജീവിതത്തിന്റെ അനന്യതയെക്കുറിച്ച് ഓരോ ഗ്രൂപ്പും ചർച്ച ചെയ്യുകയും കണ്ടെത്തലുകൾ ക്ലാസ്സിൽ അവതരിപ്പിച്ച് പാഠപുസ്തകത്തിൽ തന്നിരിക്കുന്ന ആശയങ്ങളും ചേർത്ത് ക്രോഡീകരിക്കുകയും ചെയ്യുക. ക്രോഡീകരിച്ച ക്രൈസ്തവ ജീവിതത്തിന്റെ അനന്യതകൾ ഒരു ചാർട്ട് പേപ്പറിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

അനന്യത = Uniqueness

**ക്രോഡീകരണം:** മനുഷ്യ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ലോകത്തിൽ വിവിധ ദർശനങ്ങൾ ഉണ്ട്. അവയിൽ ഏറ്റവും അനന്യമായത് ക്രൈസ്തവ ജീവിത ദർശനമാണ്. ജീവിക്കുന്ന ദൈവവുമായുള്ള ഒരു കണ്ടുമുട്ടലിൽ നിന്നാണ് വിശ്വാസം ജനിക്കുന്നതും ക്രിസ്തീയ ജീവിതദർശനത്തെ ഒരാൾ കണ്ടെത്തുന്നതും.

**തുടർ പ്രവർത്തനങ്ങൾ**

പാഠപുസ്തകം പേജ് 11-ലെ മൂന്ന് പ്രവർത്തനങ്ങൾ നൽകാം.

- Ambition-നും ജീവിതദർശനവും തമ്മിലുള്ള വ്യത്യാസം.
- ☐ അനന്യമായ ക്രിസ്തീയ ജീവിത ദർശനം എന്തുകൊണ്ട് ഞാൻ സ്വീകരിക്കണം?
- ☐ നിങ്ങളുടെ ജീവിതത്തെ സ്വാധീനിച്ച സുവിശേഷ വാക്യം എഴുതുക.

**മൊഡ്യൂൾ 2: എന്താണ് ക്രിസ്തീയജീവിതം? ക്രിസ്തീയജീവിതം സ്വന്തമാക്കുവാൻ ചെയ്യേണ്ട 6 കാര്യങ്ങൾ.**

**സമയം: ഒന്നര മണിക്കൂർ**

**പ്രവർത്തനം 4: സ്കിറ്റ് അവതരണം (പാഠഭാഗത്ത് പറഞ്ഞിരിക്കുന്ന പേജ് 11)**

ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ ബൈബിൾ കഥാപാത്രങ്ങളെയും സംഭവങ്ങളെയും ചെറുസ്കിറ്റുകളായി ക്ലാസ്സിൽ അവതരിപ്പിക്കുക.

> **ക്രോഡീകരണം:** ക്രിസ്തീയജീവിതം സ്വന്തമാക്കുവാൻ ആദ്യമായി ഒരാൾ ചെയ്യേണ്ടത് പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിൽ അടിയുറച്ച് ഈശോമിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിച്ച് ഏറ്റു പറയുകയാണ്.

**പ്രവർത്തനം 5: വചനവായന, ധ്യാനം**

മാമ്മോദീസയെക്കുറിച്ചുള്ള വചനഭാഗങ്ങൾ ഓരോ ഗ്രൂപ്പിനും നൽകുക. ഓരോ ഗ്രൂപ്പും ആ വചനം വായിച്ചുകൊണ്ട് മാമ്മോദീസയുടെ പ്രസക്തിയെക്കുറിച്ച് ക്ലാസ്സിൽ സംസാരിക്കുക.

> **ക്രോഡീകരണം:** ക്രിസ്തീയജീവിതം സ്വന്തമാക്കുന്നതിന് ഒരാൾ മാമ്മോദിസ സ്വീകരിച്ച് സഭയിൽ അംഗമാകണം.

**പ്രവർത്തനം 6: പ്രസംഗം**

സമകാലീന സഭാ സാമൂഹിക ജീവിതത്തിൽ സഭാ പ്രബോധനങ്ങൾ എപ്രകാരം വഴി നടത്തുന്നുവെന്ന് ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടികൾ മുൻകൂട്ടി തയ്യാറാക്കി വന്ന് ക്ലാസിൽ പൊതുവായി പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്നു. ഉദാഹരണം: ഗർഭഛിദ്രം, ദയാവധം, വധശിക്ഷ, പ്രകൃതി സംരക്ഷണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സഭാ പ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രസംഗം തയ്യാറാക്കാം.

അല്ലെങ്കിൽ

വ്യക്തിജീവിതത്തിൽ ദൈവവചനത്തിന്റെ പ്രസക്തിയെക്കുറിച്ചും അനുഭവത്തെക്കുറിച്ചും കുട്ടികൾ പങ്കുവയ്ക്കുക.

**ക്രോഡീകരണം:** ക്രിസ്തീയജീവിതം സ്വന്തമാക്കുന്നതിന് ഈശോയുടെ സുവിശേഷമനുസരിച്ചും സഭാ പ്രബോധനമനുസരിച്ചും ജീവിക്കണം.

**പ്രവർത്തനം 7: സാക്ഷ്യം**

പലവിധത്തിലുള്ള പ്രേഷിത പ്രവർത്തന മേഖലകളിലുള്ള ആളുകളെ കുട്ടികൾ കണ്ടെത്തി, പത്ര കട്ടിങ്ങുകൾ, മൊബൈൽ, ലാപ്ടോപ്പ് അല്ലെങ്കിൽ പ്രൊജക്ടർ തുടങ്ങിയവയുടെ സഹായത്തോടെ ക്ലാസിൽ പരിചയപ്പെടുത്തുക (പ്രേഷിതാഭിമുഖ്യമുള്ളവരായി ജീവിക്കുക എന്ന ഭാഗം ഇവിടെ വരണം).

**ക്രോഡീകരണം:** ക്രിസ്തീയ ജീവിതം സ്വന്തമാക്കുന്നതിന് പ്രേഷിതാഭിമുഖ്യം ഉള്ളവരായി ജീവിക്കുക.

**പ്രവർത്തനം 8: ചിത്ര/ പദ വിശകലനം**

വിശുദ്ധ ഗ്രന്ഥത്തിലെ സ്വർഗ്ഗത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളും അവയുടെ അർത്ഥവും സന്ദേശവും ഗ്രൂപ്പിൽ വിശകലനം ചെയ്യുക.

**ക്രോഡീകരണം:** ക്രിസ്തീയജീവിതം സ്വന്തമാക്കുന്നതിന് സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുക.

**പ്രവർത്തനം 9: ചർച്ച**

വിശുദ്ധിയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ നൽകിയിരിക്കുന്ന 6 ആഹ്വാനങ്ങൾ ഓരോ ഗ്രൂപ്പും വിശദമായി വിശകലനം ചെയ്ത് അവ വ്യക്തിജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്ന് കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

**ക്രോഡീകരണം:** ക്രിസ്തീയജീവിതം വിശുദ്ധിയിലേക്കുള്ള വിളിയും ഒരു ജീവിത ശൈലിയുമാണ്.


**തുടർ പ്രവർത്തനങ്ങൾ**

പേജ് 14-ലെ പ്രവർത്തനങ്ങൾ നൽകാം.



## എന്റെ ബോധ്യങ്ങൾ

1. ജീവിതത്തിന് അർത്ഥം നല്കുന്നത് ദർശനങ്ങളാണ്.
2. ക്രിസ്തീയ ജീവിതദർശനം അനന്യവും കാലാതി. വർത്തിയും ദിശാബോധദായകവുമാണ്.
3. ഈശോയെ നാഥനും രക്ഷകനുമായി സ്വീകരിച്ച് സ്വർഗ്ഗോന്മുഖമായും സഭാത്മകമായും ജീവിക്കുന്ന താണ് ക്രിസ്തീയജീവിതശൈലി.



## ദൈവവചനം വായിക്കാം

വിശുദ്ധ മത്തായിയുടെ സുവിശേഷം
അദ്ധ്യായങ്ങൾ 1 – 7



## ഹൃദയം ദീപ്തമാക്കാം

"നിങ്ങളുടെ വിശുദ്ധീകരണമാണ്
ദൈവം ആഗ്രഹിക്കുന്നത്"
(1 തെസ 4:3).



## എന്റെ തീരുമാനം

എന്റെ ജീവിതസാഹചര്യങ്ങളിൽ ഈശോയെ രക്ഷകനും നാഥനുമായി ഞാൻ ഏറ്റുപറയും.

## അദ്ധ്യായം 2
# ചരിത്രപുരുഷനായ ഈശോ

**ശ്രദ്ധിക്കുക ⇨ ഗൃഹപാഠം എന്ന ഭാഗം**
**മൊഡ്യൂൾ 3, പ്രവർത്തനം 3 (മുൻകൂട്ടി ഒരുങ്ങാൻ)**
- **റിച്ചിയോത്തി വിശദാംശങ്ങൾ**
- **വിശുദ്ധ നാടിന്റെ ഭൂപടം**

## A. പാഠവിശകലനം

ദൈവപുത്രനായ ഈശോ മനുഷ്യനായി ജീവിച്ചിരുന്നു എന്നതിന്റെ തികച്ചും ചരിത്രപരമായ തെളിവുകൾ വിശകലനം ചെയ്യുന്ന അദ്ധ്യായമാണിത്. സുവിശേഷങ്ങൾ, ആദിമ സഭാസമൂഹങ്ങൾ, ചരിത്രരചനകൾ, സ്ഥലങ്ങളും സ്മാരകങ്ങളും എന്നിങ്ങനെ നാലായി തിരിച്ച് ഈശോയുടെ ചരിത്രപരത സംബന്ധിച്ച തെളിവുകൾ പ്രതിപാദിക്കുന്നു.

**ലക്ഷ്യം:** ലോകത്തിന്റെ ഏകരക്ഷകനും ദൈവപുത്രനുമായ ഈശോ ഈ ലോകത്തിൽ ജനിച്ച് ജീവിച്ച് മരിച്ച് ഉത്ഥാനം ചെയ്ത ചരിത്രപുരുഷനാണെന്ന് തിരിച്ചറിയുന്നു.

**ബോധ്യങ്ങൾ:**

1. ഈശോ ചരിത്രപുരുഷനാണ്.
2. ഈശോ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്.
3. ചരിത്രപുരുഷനും ദൈവപുത്രനുമായ ഈശോ ലോകത്തിന്റെ ഏകരക്ഷകനാണ്.

**ശീലം:** ഈശോയുടെ വ്യക്തിത്വത്തെക്കുറിച്ചും ചരിത്രപരതയെക്കുറിച്ചും കൂടുതൽ വായിച്ചും പഠിച്ചും അവിടുന്നുമായുള്ള വ്യക്തിബന്ധത്തിൽ ഞാൻ വളരും.

**റഫറൻസ്**

- വിശുദ്ധബൈബിൾ
- ☐ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- ☐ യുകാറ്റ്
- ☐ പാഠപുസ്തകം
- ☐ രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി
- ☐ ചരിത്രപുരുഷനായ ക്രിസ്തു, റിച്ചിയോത്തി, കാർമ്മൽ പബ്ലിഷിങ് സെന്റർ, തിരുവനന്തപുരം, 2001
- ☐ ഇസ്രായേൽ ചരിത്രം, റിച്ചിയോത്തി, കാർമ്മൽ പബ്ലിഷിങ് സെന്റർ, തിരുവനന്തപുരം, 2014

- ☐ നസ്രത്തിലെ യേശു ഭാഗം I, II& III, ബെനഡിക്റ്റ് XVI മാർപാപ്പ, ബിബ്ലിയാ പബ്ലിക്കേഷൻസ്, തൃശൂർ, 2011
- Website: https://earlychurchhistory.org/
- Website: https://www.perseus.tufts.edu/hopper/
- "The Antiquities of the Jews", Flavius Josephus, Internet Archive

**പ്രധാന ആശയങ്ങൾ:**

1. സ്വന്തം വിശ്വാസത്തിന്റെ ഉറപ്പിനും സംശയദൂരീകരണത്തിനും ഈശോയുടെ ചരിത്രപരത നാം അറിയണം
2. സുവിശേഷങ്ങളിൽ ഈശോയെക്കുറിച്ചുള്ള പരാമർശങ്ങൾ മതേതര ചരിത്രത്തിലും തെളിയിക്കാവുന്ന ചരിത്രസത്യങ്ങളാണ്
3. ആദിമസഭാസമൂഹങ്ങളുടെ ജീവിതരേഖകളും അവരുടെ നിർമ്മിതികളും ഈശോയെക്കുറിച്ച് ചരിത്രപരവും പുരാവസ്തു ശാസ്ത്രപരവുമായ തെളിവുകൾ നല്കുന്നു.
4. ഈശോ ജീവിച്ചിരുന്ന കാലത്തിനടുത്തു തന്നെ രചിക്കപ്പെട്ട ക്രൈസ്തവേതരവും മതേതരവുമായ പല കൃതികളും അവിടുത്തേക്കുറിച്ച് തെളിവുകൾ നല്കുന്നു.
5. ഈശോയുമായി ബന്ധപ്പെട്ട് ബൈബിളിൽ പരാമർശിക്കുന്ന സ്ഥലങ്ങളും അവിടുത്തെ ജീവിത സ്മാരകങ്ങളും ചരിത്രപരമാണെന്നത് വസ്തുതാപരമായി തെളിയിക്കാവുന്നതാണ്.
6. ചരിത്രപുരുഷനായ ഈശോ ദൈവപുത്രനും നമ്മുടെ നാഥനും സർവ്വലോകത്തിന്റെയും രക്ഷകനുമാണ്.

**പാഠോപകരണങ്ങൾ:** ചാർട്ട് പേപ്പർ, മാർക്കർ, PPT അവതരിപ്പിക്കാൻ ആവശ്യമായ സങ്കേതങ്ങൾ, വിശുദ്ധനാട് ഭൂപട രൂപരേഖ, സഹായക ഗ്രന്ഥങ്ങൾ

**വിശദമാക്കേണ്ട പദങ്ങൾ:** ചരിത്രസത്യം, ചരിത്രപുരുഷൻ, മതേതര ചരിത്രം, വാചികപാരമ്പര്യം, ലിഖിതപാരമ്പര്യം, പുരാവസ്തുശാസ്ത്രം, കാറ്റക്കോമ്പ്, "IKhThYS"

**ചരിത്രസത്യം**

തെളിവുകളും ചരിത്രത്തിന്റെ സങ്കേതങ്ങളും ഉപയോഗിച്ച് സംശയാതീതമായി സ്ഥാപിക്കപ്പെട്ട വസ്തുതകളാണ് ചരിത്രസത്യങ്ങൾ. അവ അഭിപ്രായങ്ങളോ വിശ്വാസങ്ങളോ എന്നതിലുപരി ഏതൊരാൾക്കും ബോധ്യപ്പെടുന്ന യാഥാർത്ഥ്യങ്ങളാണ്.

**ചരിത്രപുരുഷൻ**

ഭൂമിയിൽ ജീവിച്ചിരുന്നു എന്നത് ഒരു ചരിത്രസത്യമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള വ്യക്തി.

**മതേതരചരിത്രം**

മതവിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത ചരിത്രം. പൊതുലോകം അംഗീകരിച്ചിട്ടുള്ള ശാസ്ത്രീയമായ 'രീതിശാസ്ത്രം' (Methodology) പിന്തുടരുന്ന അക്കാദമിക വിജ്ഞാനശാഖയാണിത്. വിവരങ്ങളുടെ അന്വേഷണത്തിനും സാധൂകരണത്തിനും അക്കാദമികലോകം അംഗീകരിച്ച രീതിശാസ്ത്രം പിന്തുടരുന്നതിലൂടെ മതേതരചരിത്രം ശാസ്ത്രീയമായിത്തീരുന്നു. മതേതരചരിത്രത്തിൽ അഭിപ്രായങ്ങളോ വിശ്വാസങ്ങളോ സ്വീകരിക്കുന്നതിന് ആദ്യം മുൻപറഞ്ഞ രീതിയിൽ അവയുടെ സത്യസന്ധത സ്ഥാപിക്കപ്പെടണം.

**വാചികപാരമ്പര്യം, ലിഖിതപാരമ്പര്യം**

പല പുരാതനകൃതികളും എഴുത്തുവിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പു രൂപപ്പെട്ടവയാണ്. അവ ശബ്ദരൂപത്തിൽ നിർമ്മിക്കപ്പെട്ടു. മനുഷ്യർ അവ ഓർമ്മയിലാണ് സൂക്ഷിച്ചത്. വർഷങ്ങളോ നൂറ്റാണ്ടുകളോ പിന്നിട്ട ശേഷമാണ് അവ അക്ഷരങ്ങളുപയോഗിച്ച് എഴുതിവയ്ക്കപ്പെടുന്നത്. ഉദാഹരണമായി ഇന്ത്യൻ സംസ്കാരത്തിൽ വേദങ്ങളും ഇതിഹാസങ്ങളും പഴന്തമിഴ് കൃതികളുമൊക്കെ അക്ഷരങ്ങളിലേക്ക് പകർത്തപ്പെടുന്നതിനു മുമ്പ് നൂറ്റാണ്ടുകളോളം വാചികപാരമ്പര്യങ്ങളായി നിലനിന്നിരുന്നു. എഴുത്തുവിദ്യ കണ്ടുപിടിച്ച ശേഷവും വാചികമായി രൂപപ്പെടുകയും വളരെ നാളുകൾക്ക് ശേഷം മാത്രം എഴുതപ്പെടുകയോ ഒരിക്കലും എഴുതപ്പെടാതിരിക്കുകയോ ചെയ്യുന്ന കൃതികളും ഉണ്ട്. നമ്മുടെ നാടൻ പാട്ടുകളും കഥകളും ഉദാഹരണങ്ങളാണ്.

**പുരാവസ്തുശാസ്ത്രം**

മനുഷ്യൻ നിർമ്മിച്ചതോ രൂപമാറ്റം വരുത്തിയതോ ആയ വസ്തുക്കളിൽ നിന്ന് ചരിത്രം പഠിക്കുന്ന ശാസ്ത്രശാഖയാണിത്. പുരാതന ഉപകരണങ്ങൾ ചിത്രങ്ങൾ, ഗുഹകൾ മുതലായവ ഇപ്രകാരം പഠനവിധേയമാകുന്നു. എഴുത്തുവിദ്യ കണ്ടുപിടിക്കുന്നതിനും സാഹിത്യരചനകൾ ലഭ്യമായതിനും മുമ്പുള്ള കാലത്തിന്റെ ചരിത്രം അറിയാൻ പുരാവസ്തുശാസ്ത്രം സഹായിക്കുന്നു. എഴുതപ്പെട്ട രേഖകളിൽ നിന്ന് നിർമ്മിക്കുന്ന ചരിത്രത്തിന്റെ വസ്തുനിഷ്ഠത പരിശോധിക്കാനും പുരാവസ്തുശാസ്ത്രം സഹായിക്കുന്നു.

**കാറ്റക്കോമ്പ്**

ഉദാഹരണങ്ങൾ, സെന്റ് സെബാസ്റ്റ്യൻ, സെന്റ് കലിസ്റ്റസ്, സെന്റ് നിക്കോള എന്നിവ റോമിലെ പ്രധാന കാറ്റക്കോമ്പുകൾ ആണ്.

**റഫറൻസ്:**

മുൻപറഞ്ഞ സഹായകഗ്രന്ഥങ്ങൾ/വിഭവങ്ങൾ

CCC ഭാഗം 1, ഖണ്ഡം 2, അദ്ധ്യായം 2, ഖണ്ഡികകൾ 422 –682

## B. പാഠാവതരണം

രണ്ടു മണിക്കൂർകൊണ്ട് പൂർത്തിയാക്കാവുന്ന നാല് മൊഡ്യൂളുകൾ ആയിട്ടാണ് പാഠഭാഗം അവതരിപ്പിക്കേണ്ടത്.

1. ഈശോയുടെ ചരിത്രപരതയ്ക്കുള്ള സുവിശേഷത്തിലെ തെളിവുകൾ
2. ഈശോയുടെ ചരിത്രപരതയ്ക്ക് ആദിമസഭയിൽനിന്നുള്ള തെളിവുകൾ
3. ഈശോയുടെ ചരിത്രപരതയ്ക്ക് വിവിധചരിത്രകാരർ നല്കുന്ന തെളിവുകൾ
4. ഈശോയുടെ ചരിത്രപരതയ്ക്ക് സ്ഥലങ്ങളും സ്മാരകങ്ങളും നല്കുന്ന തെളിവുകൾ

**മൊഡ്യൂൾ 1**

**ഈശോയുടെ ചരിത്രപരതയ്ക്കുള്ള സുവിശേഷത്തിലെ തെളിവുകൾ**

ആമുഖപ്രാർത്ഥന പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുന്നു

സമയം : 30 മിനിറ്റ്

**പ്രവർത്തനം 1. പോസ്റ്റർ നിർമ്മാണം**

- അദ്ധ്യായത്തിലെ പ്രാരംഭചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ടീച്ചർ വിഷയാവതരണം നടത്തുന്നു
- ☐ ഈശോയുടെ ചരിത്രപരത അറിയേണ്ടതിന്റെ ആവശ്യകത പൊതുചർച്ചയിലൂടെ ബോധ്യപ്പെടുത്തുന്നു
- ☐ ഈശോയെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകളുടെ നാലു വിഭാഗങ്ങൾ അവതരിപ്പിക്കുന്നു
- ☐ കുട്ടികൾ നാലു ഗ്രൂപ്പുകളാകുന്നു

☐ ഓരോ ഗ്രൂപ്പ് ഓരോ സുവിശേഷത്തിന്റെ ആമുഖം വായിച്ച് ആ സുവിശേഷത്തിന്റെ രചനയെക്കുറിച്ച് പോസ്റ്റർ തയാറാക്കുന്നു

☐ ക്ലാസ്സിൽ പൊതുവായ അവതരണം, ചർച്ച, ക്രോഡീകരണം.

**ക്രോഡീകരണം**

- സുവിശേഷകർ ഈശോയെ കണ്ടു, കേട്ടു
- സുവിശേഷങ്ങൾ എ ഡി 65 നും 95 നും ഇടയിൽ രചിക്കപ്പെട്ടു
- സുവിശേഷങ്ങളുടെ പുരാതനകയ്യെഴുത്തുപ്രതികൾ ലഭ്യമാണ്
- സുവിശേഷങ്ങളിൽ കാണുന്ന വ്യക്തികളും സംഭവങ്ങളും ചരിത്ര പരമാണ്
- സുവിശേഷങ്ങൾ ഈശോയുടെ ചരിത്രപരത തെളിയിക്കുന്നു

**തുടർപ്രവർത്തനങ്ങൾ:**
(ഗൃഹപാഠമായി ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കാം)

- സുവിശേഷങ്ങളിലെ ചരിത്രപരമായ വിവരങ്ങളുടെ സത്യസന്ധത എങ്ങനെ തെളിയിക്കാം? കുറിപ്പ് തയ്യാറാക്കൽ അവതരണം

☐ സുവിശേഷങ്ങളിൽ പരാമർശിക്കപ്പെടുന്ന വ്യക്തികൾ, സംഭവങ്ങൾ ചാർട്ട് തയ്യാറാക്കൽ അവതരണം

**മൊഡ്യൂൾ 2**

**ഈശോയുടെ ചരിത്രപരതയ്ക്ക് ആദിമസഭയിൽനിന്നുള്ള തെളിവുകൾ**

ആമുഖപ്രാർത്ഥന പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 30 മിനിറ്റ്

**പ്രവർത്തനം 2:** പവർ പോയിന്റ് പ്രസന്റേഷൻ

- കുട്ടികൾ 5 ഗ്രൂപ്പുകളാകുന്നു
- ഓരോ ഗ്രൂപ്പ് താഴെത്തന്നിരിക്കുന്ന ഓരോ വിഷയം സംബന്ധിച്ച് ഇന്റർനെറ്റിൽ നിന്നും പുസ്തകങ്ങളിൽ നിന്നും വിവരം ശേഖരിച്ചു PPT തയ്യാറാക്കി അവതരിപ്പിക്കുന്നു.

1. പുരാതന ക്രിസ്ത്യൻ പള്ളികളും ഈശോയുടെ ചരിത്രപരതയും
2. ആദ്യ വിശ്വാസികളും ഈശോയുടെ ചരിത്രപരതയും
3. ആദ്യരക്തസാക്ഷികളും ഈശോയുടെ ചരിത്രപരതയും
4. സഭാപിതാക്കന്മാരുടെ ഈശോയെക്കുറിച്ചുള്ള രചനകൾ

5. കാറ്റക്കൊമ്പുകളിൽ കാണുന്ന ഈശോ

☐ ടീച്ചറുടെ നേതൃത്വത്തിൽ പൊതുചർച്ച ക്രോഡീകരണം

☐ **ക്രോഡീകരണം**

- ആദിമസഭാസമൂഹങ്ങളുടെ വിശ്വാസവും ജീവിതവും നിർമ്മിതികളും ഈശോ ചരിത്രപുരുഷനാണ് എന്നതിന് തെളിവുകളാണ്.

**തുടർപ്രവർത്തനങ്ങൾ:**

പാഠപുസ്തകം പേജ് 17-ലെ പ്രവർത്തനങ്ങൾ

**മൊഡ്യൂൾ 3**

ഈശോയുടെ ചരിത്രപരതയ്ക്ക് വിവിധചരിത്രകാരർ നല്കുന്ന തെളിവുകൾ

ആമുഖപ്രാർത്ഥന പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 30 മിനിറ്റ്

**പ്രവർത്തനം 3: സെമിനാർ**

- കുട്ടികൾ 4 ഗ്രൂപ്പുകളാകുന്നു
- ഓരോ ഗ്രൂപ്പ് താഴെത്തന്നിരിക്കുന്ന ഓരോ വിഷയം സംബന്ധിച്ച് വിവരം ശേഖരിച്ചു ചാർട്ടുകൾ തയ്യാറാക്കുന്നു (പാഠപുസ്തകത്തിൽ നിന്ന്)

1. യഹൂദഗ്രന്ഥങ്ങളിലെ ഈശോ
2. ജോസെഫൂസിന്റെ രചനകളിലെ ഈശോ
3. റോമൻ ചരിത്രകാരുടെ രചനകളിലെ ഈശോ
4. അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലെ ഈശോ

☐ ചാർട്ടുകളുടെ അവതരണം, വിശകലനം

☐ ടീച്ചറുടെ നേതൃത്വത്തിൽ പൊതുചർച്ച, ക്രോഡീകരണം

**ക്രോഡീകരണം**

ഈശോയുടെ കാലത്തും തൊട്ടുപിന്നാലെയും എഴുതപ്പെട്ട മതേതര രചനകൾ ഈശോ ചരിത്രപുരുഷനാണ് എന്നതിന് തെളിവുകളാണ്.

**തുടർപ്രവർത്തനങ്ങൾ:**

പാഠപുസ്തകം പേജ് 17-ലെ പ്രവർത്തനം

**മൊഡ്യൂൾ 4**

## ഈശോയുടെ ചരിത്രപരതയ്ക്ക് സ്ഥലങ്ങളും സ്മാരകങ്ങളും നല്കുന്ന തെളിവുകൾ

ആമുഖപ്രാർത്ഥന പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 30 മിനിറ്റ്

**പ്രവർത്തനം 4: ഭൂപടനിർമ്മാണം**

- **കുട്ടികൾ 4 പേർ വീതമുള്ള ഗ്രൂപ്പുകളാകുന്നു**

☐ ഒരു ഗ്രൂപ്പ് സുവിശേഷത്തിൽ നിന്നും റിച്ചിയോത്തിയുടെ "ചരിത്ര പുരുഷനായ ക്രിസ്തു" എന്ന പുസ്തകത്തിൽനിന്നുമായി ഈശോയുടെ കാലത്തെ സാമൂഹികരാഷ്ട്രീയ അവസ്ഥ കണ്ടെത്തി അവതരിപ്പിക്കുന്നു (മുൻകൂട്ടി ഒരുങ്ങണം)

☐ ഓരോ ഗ്രൂപ്പും സുവിശേഷങ്ങളിൽ നിന്ന് ഈശോയുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സ്ഥലങ്ങളും സ്മാരകങ്ങളും കണ്ടെത്തുന്നു

☐ അവ ടീച്ചർ നല്കുന്ന ഭൂപടത്തിൽ അടയാളപ്പെടുത്തുന്നു

☐ ഈ ഭൂപടങ്ങൾ ആധുനിക പലസ്തീൻ ഭൂപടവുമായി ക്ലാസ്സിൽ പൊതുവെ താരതമ്യം ചെയ്യുന്നു

**ക്രോഡീകരണം:**
സുവിശേഷങ്ങളിലെ ഈശോയുടെ വാക്കുകൾ അക്കാലത്തെ സാമൂഹികരാഷ്ട്രീയ അവസ്ഥ കൃത്യമായി പ്രതിഫലിപ്പിച്ചു.
സുവിശേഷങ്ങളിലെ ഈശോയുടെ ജീവിതവും പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാമർശിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളും സ്മാരകങ്ങളും ചരിത്രപരമാണ്.


**തുടർപ്രവർത്തനങ്ങൾ**

പാഠപുസ്തകം പേജ് 19-ലെ പ്രവർത്തനങ്ങൾ ഗൃഹപാഠമായി വ്യത്യസ്ത ഗ്രൂപ്പുകൾ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.



### എന്റെ ബോധ്യങ്ങൾ

1. ഈശോ ചരിത്രപുരുഷനാണ്.
2. ഈശോ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്.
3. ചരിത്രപുരുഷനും ദൈവപുത്രനുമായ ഈശോ ലോകത്തിന്റെ ഏകരക്ഷകനാണ്.



**ദൈവവചനം വായിക്കാം**

വി. മത്തായിയുടെ സുവിശേഷം

അദ്ധ്യായങ്ങൾ 8-14



**ഹൃദയം ദീപ്തമാക്കാം**

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി 15 :14).



**എന്റെ തീരുമാനം**

ഒരു യുവാവ് /യുവതി എന്ന നിലയ്ക്ക് ഞാൻ ഈശോയുടെ മാതൃക എന്റെ ജീവിതത്തിൽ പകർത്തും.

**ഈശോയുടെ ജീവിതരേഖ**
**(അവലംബം, റിച്ചിയോത്തി, ചരിത്രപുരുഷനായ ക്രിസ്തു)**

- **ജന്മനാട്**

  : തെക്കൻ സിറിയയെയും ഈജിപ്റ്റിനെയും തമ്മിൽ യോജിപ്പിക്കുന്ന മെഡിറ്ററേനിയൻ തീരപ്രദേശം
  
  : ഈ പ്രദേശം ഇന്നും പലസ്തീന എന്നറിയപ്പെടുന്നു.
  
  : പലസ്തീനിലെ ഏകനദി ജോർദ്ദാൻ
  
  : ഈ നദി കടലിലല്ല, തിബേരിയസ് തടാകത്തിലാണു പതിക്കുന്നത് ഈ തടാകത്തിന്റെ പേരാണ്

ഈ തടാകത്തിന്റെ പേരാണ് ഗനേസറത്ത് തടാകം

☐ ഈശോയുടെ കാലത്തെ ഭരണാധികാരികൾ ഹേറോദേസ് (BC 40-04)

: അർക്കെലാവോസ് (BC 4- AD 6)

: അന്തിപ്പാസ് (BC 4- AD 40)

: ഫിലിപ്പ് (BC 4- AD 34)

മൂവരും ഹേറോദേസിന്റെ മക്കൾ

☐ പന്തിയോസ് പീലാത്തോസ് (AB 26-38)

റോമൻ ഗവർണ്ണർ


☐ അഗസ്റ്റസ് സീസർ (BC 27- AD 14)

തിബേരിയൂസ് സീസർ (AD 14-36)
റോമൻ ചക്രവർത്തിമാർ

- **ഈശോയുടെ രൂപം:** ഈശോയുടെ ശാരീരിക സവിശേഷതകളെക്കുറിച്ച് വ്യത്യസ്ത വിവരണങ്ങൾ നിലവിലുണ്ട്. ഏറെ പ്രസിദ്ധമായ ഒന്ന് പന്തിയോസ് പീലാത്തോസിന്റെ മുൻഗാമിയെന്നു കരുതപ്പെടുന്ന ഒരു ഇതിഹാസ പുരുഷനായ ലെന്തുളൂസ് ഈശോയെക്കുറിച്ച് റോമൻ സെനറ്റിന് എഴുതിയ വിവരണമാണ്. അത് ഇങ്ങനെയാണ്:

  'അക്കാലത്തു, യേശുക്രിസ്തു എന്നുപറയുന്ന ഒരു മനുഷ്യൻ (മനുഷ്യനെന്നു, അദ്ദേഹത്തെ വിളിക്കുന്നത്: ശരിയെങ്കിൽ) ആഗതനായി. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ സത്യത്തിൽ പ്രവാചകനെന്നു വിളിക്കുന്നു; എന്നാൽ, അദ്ദേഹത്തിന്റെ ശിഷ്യന്മാരാകട്ടെ ദൈവപുത്രനെന്നും. അദ്ദേഹം മരിച്ചവരെ ജീവിപ്പിക്കുകയും എല്ലാവിധ രോഗങ്ങളും സുഖപ്പെടുത്തുകയും ചെയ്യുന്നു. അദ്ദേഹത്തിന് സാധാരണ പൊക്കുമുണ്ട്, നല്ല മുഖശ്രീയുണ്ട്.നല്ല തേജസ്സുള്ള ആകാരമാണു അദ്ദേഹത്തിന്റേത്. മനോഹരമായ ആ മുഖമൊന്നു നോക്കുന്നവർ അദ്ദേഹത്തെ സ്നേഹിക്കാതിരിക്കയില്ല. നല്ല തവിട്ടു നിറത്തിലുള്ളതും തോളിലേയ്ക്കു ഊർന്നുകിടക്കുന്നതും തിളക്കുമുള്ളതുമാണു അദ്ദേഹത്തിൻെറ മുടി. നസ്രായന്മാർ സാധാരണ ചെയ്യുന്നതുപോലെ നെറ്റിക്കു, നടുവേ ആ മുടി വകഞ്ഞിട്ടുണ്ട് . അദ്ദേഹത്തിൻെറ നെറ്റിത്തടം മിനുസവും പ്രശാന്തവുമാണ'. നേരിയ ഒരു, ശോഭ നിഴലിക്കുന്ന, ചുളിവോ കലയോ ഇല്ലാത്തതാണു ആ മുഖം. നാസികയും വായും കുറ്റമറ്റതാണ്. തലമുടി പോലെതന്നെ നിറമുള്ള താടിമീശ നിബിഡമാണ്'. അതിനു, അത്രനീളമൊന്നുമില്ല; നടുവിൽ പകുത്തിരിക്കുന്നു.അദ്ദേഹത്തിൻെറ നോട്ടം നിഷ്ക്കളങ്കവും ഗാഢവുമാണ്. പ്രകാശമാനവും ജീവസ്സുറ്റതും ചാരനീലനിറത്തോടുകൂടിയതുമാണാനേത്രങ്ങൾ. അദ്ദേഹത്തിൻെറ ശകാരം ഭീതിദമാണെങ്കിലും പ്രബോധനം ശാന്തവും സ്നേഹമസൃണവും സന്തോഷദായകവും ഗൗരവമുള്ളതുമാണ്. അദ്ദേഹം കരയുന്നതു, കണ്ടവരുണ്ട്, എന്നാൽ, ഒരിക്കലും ചിരിച്ചതായി കണ്ടിട്ടില്ല. ഉയരം കൂടിയതും നേരയുള്ളതുമായ ആകാരമുള്ള അദ്ദേഹത്തിൻെറ കരതലങ്ങൾ അത്യന്തം സുന്ദരങ്ങളാണ്, കാണികളെ ആനന്ദതുന്ദിലരാക്കുന്നവയാണ്, അദ്ദേഹം സംഭാഷണത്തിൽ മിതത്വമുള്ളവനും ഗൗരവപ്രകൃതിയുമാണ്. പ്രവാചകന്റെ വാക്കുകൾ അന്വർത്ഥമാക്കാനെന്നപോലെ മനുഷ്യപുത്രന്മാരെല്ലാവരിലും വച്ച്' ഏറ്റം സുന്ദരനാണദ്ദേഹം (Dobschutz, op. cit., p. 319).

  (റിച്ചിയേത്തി, ചരിത്രപുരുഷനായ ക്രിസ്തു, കാർമ്മൽ പബ്ലിഷിങ് സെന്റർ, TVM, 2001, P 226)


ക്രിസ്തുവിന്റെ
കാലത്തെ
പലസ്തീന
മെഡിറ്ററേനിയൻ കടൽ
ഗലീലി
സീദോൻ
ടയർ
കഫർണാവു
ബെദ്സയി
മഗ്ദലെന
തിബേരിയ
തിബേരിയ
തടാകം
കാന
നസറത്ത്
താബോർമല
നായിം
ദശഗ്രാമ
യോർദാൻ നദി
സമറിയ
സമറിയ
സിക്കിം
പെരിയ
യോപ്പാ
എമ്മാവൂസ്
ജെറിക്കോ
ജറുസലേം
ബഥനി
ബെത്ലെഹം
ചാവു
കടൽ
യൂദെയ

## അദ്ധ്യായം 3

# ക്രിസ്തീയവിശ്വാസം: ഉള്ളടക്കവും സവിശേഷതകളും

- ശ്രദ്ധിക്കുക ⇨ മൊഡ്യൂൾ 2 ഗൃഹപാഠം എന്ന ഭാഗം
- മൊഡ്യൂൾ 3, കുട്ടികളെ ഒരാഴ്ച മുൻപേ ജോടികളാക്കുന്നു
- വിശ്വാസപ്രമാണത്തിന്റെ 2 രൂപങ്ങളുടെ വ്യത്യാസം

## a. പാഠവിശകലനം

ദൈവാന്വേഷണം മനുഷ്യന്റെ സ്വാഭാവിക ചോദനയാണ്. എന്നാൽ മനുഷ്യബുദ്ധിയുടെ പരിമിതി മൂലം മനുഷ്യന് ദൈവത്തെ പൂർണമായി അറിയാൻ അവിടുന്ന് സ്വയം വെളിപ്പെടുത്തി നല്കേണ്ടതുണ്ട്. അതിനാൽ മിശിഹാ വെളിപ്പെടുത്തിയ സുവിശേഷത്തിലാണ് പൂർണ്ണമായ ദൈവ ദർശനമുള്ളത്; അതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അനന്യത. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കവും സവിശേഷതകളും വിശ്വാസ പ്രമാണവും കത്തോലിക്കാസഭയുടെ മതബോധനത്തിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യായം വിശകലനം ചെയ്യുന്നു.

**ലക്ഷ്യം:** കുട്ടികൾക്ക് ക്രിസ്തീയവിശ്വാസത്തിന്റെ അനന്യതയും പൂർണ്ണതയും ബോധ്യപ്പെടുകയും അവർ ക്രിസ്തീയവിശ്വാസത്തിന്റെ സവിശേഷതകൾ അറിഞ്ഞ് വിശ്വാസസത്യങ്ങളിൽ ആഴപ്പെടുകയും ചെയ്യുന്നു.

**ബോധ്യങ്ങൾ:**

1. സ്വയം വെളിപ്പെടുത്തുകയും എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്തിന് ഞാൻ നല്കുന്ന പ്രത്യുത്തരമാണ് എന്റെ ക്രിസ്തീയവിശ്വാസം.
2. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കം ഈശോ പഠിപ്പിച്ച കാര്യങ്ങളാണ്; അവയുടെ സംഹിതയാണ് വിശ്വാസപ്രമാണം.
3. വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കണം.

**ശീലം:** വിശ്വാസസത്യങ്ങൾ ധ്യാനിക്കുകയും അവ അനുദിന ജീവിതത്തിൽ പ്രവൃത്തിപഥത്തിൽ എത്തിക്കുകയും ചെയ്യുന്നു.

**സഹായകഗ്രന്ഥങ്ങൾ:**

- വിശുദ്ധബൈബിൾ
- ☐ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- ☐ യുക്യാറ്റ്
- ☐ രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി

**പ്രധാന ആശയങ്ങൾ:**

- മനുഷ്യൻ എക്കാലത്തും ദൈവാന്വേഷിയായിരുന്നു; അതിന്റെ പ്രകാശനമാണ് മതങ്ങൾ.
- ☐ മനുഷ്യബുദ്ധി പരിമിതമായതിനാൽ അപൂർണ്ണമായ ഉത്തരങ്ങളാണ് ലഭിച്ചത്; എന്നാൽ ദൈവമായ ഈശോമിശിഹായുടെ വെളിപ്പെടുത്തൽ പൂർണ്ണമാണ്.
- ☐ സ്വയം വെളിപ്പെടുത്തുകയും നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം.
- ☐ വിശ്വാസം ദൈവികദാനവും മാനുഷികപ്രവൃത്തിയും 'രഹസ്യവും യുക്തിപൂരകവും നിത്യരക്ഷയുടെ അടിസ്ഥാനവുമാണ്.
- ☐ ക്രിസ്തീയവിശ്വാസസംഹിതയുടെ ഉള്ളടക്കം വിശ്വസിക്കുന്നവ, ആഘോഷിക്കുന്നവ, ജീവിക്കുന്നവ, പ്രാർത്ഥിക്കുന്നവ എന്നിങ്ങനെ നാലാണ്.
- ☐ കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിൽ പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം, സഭയിലുള്ള വിശ്വാസം, നിത്യജീവിതത്തിലുള്ള വിശ്വാസം എന്നീ മൂന്നു ഭാഗങ്ങളിലായി 12 വിശ്വാസസത്യങ്ങളാണുള്ളത്.

**പഠനോപകരണങ്ങൾ:** ചാർട്ട് പേപ്പർ, മാർക്കർ, PPT അവതരിപ്പിക്കാൻ ആവശ്യമായ സങ്കേതങ്ങൾ, സഹായകഗ്രന്ഥങ്ങൾ

**വിശദമാക്കേണ്ട പദങ്ങൾ:** ദൈവാന്വേഷണം, വിശ്വാസം, വിശ്വാസപ്രമാണം, വിശ്വാസസത്യം

**ദൈവാന്വേഷണം**

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായ ശക്തിയെ അറിയാനോ ആരാധിക്കാനോ ആശ്രയിക്കാനോ മനുഷ്യന്റെ ഉള്ളിലുള്ള ജന്മവാസന. ഗുഹാചിത്രങ്ങൾ, വിവിധ ആരാധനരൂപങ്ങൾ, പ്രാർത്ഥന എന്നിങ്ങനെ പല രൂപങ്ങളിൽ ഈ അന്വേഷണം നടക്കുന്നു.

**വിശ്വാസം**

പല അർത്ഥങ്ങളിൽ ഉപയോഗിക്കുന്ന പദം. സാധാരണ അർത്ഥത്തിൽ മനസ്സിലെ ഒരു ഉറപ്പാണത്. അതില്ലാതെ അനുദിനജീവിതം അസാധ്യം. പുസ്തകത്തിൽ ഈ പദം ഉപയോഗിക്കുന്നത് ആഴമേറിയ അർത്ഥത്തിലാണ്. അത് പാഠപുസ്തകം പേജ് 23-ൽ വിശദീകരിച്ചിരിക്കുന്നു.

**വിശ്വാസസത്യങ്ങൾ**

മിശിഹായിൽ നിന്ന് സ്വീകരിച്ച പ്രബോധനാധികാരത്തിൽ ദൈവജനം മുഴുവന്റേയും വിശ്വാസത്തോടുള്ള ഒരു നിരുപാധിക വിധേയത്വം ആവശ്യപ്പെടുന്ന പ്രഖ്യാപനങ്ങളാണ് വിശ്വാസസത്യങ്ങൾ. ഇതുവഴി ദൈവാവിഷ്കൃത സത്യങ്ങളെയോ, അവയോട് ആവശ്യബന്ധമുള്ള സത്യങ്ങളെയും സഭ ഖണ്ഡിതമായി അവതരിപ്പിക്കുന്നു.

ഉദാ: മാതാവിനെക്കുറിച്ച്, അമലോത്ഭവം തുടങ്ങിയവ ഇവയ്ക്ക് കത്തോലിക്കാ പ്രബോധനത്തിന്റെ സത്യങ്ങളുടെ ഒരു ക്രമം അഥവാ ശ്രേണി (hierarchy) ഉണ്ട് (CCC 88-90).

**റഫറൻസ്:**

സഹായകഗ്രന്ഥങ്ങൾ

CCC ഭാഗം 1. ഖണ്ഡികകൾ 26-1065

അ. പാഠാവതരണം

രണ്ടു മണിക്കൂർകൊണ്ട് പൂർത്തിയാക്കാവുന്ന മൂന്ന് മൊഡ്യൂളുകൾ ആയിട്ടാണ് പാഠഭാഗം അവതരിപ്പിക്കേണ്ടത്.

1. മനുഷ്യന്റെ ദൈവാന്വേഷണവും ക്രിസ്തീയവിശ്വാസവും
2. വിശ്വാസത്തിന്റെ ഉള്ളടക്കവും സവിശേഷതകളും
3. കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം

**മൊഡ്യൂൾ 1**

**മനുഷ്യന്റെ ദൈവാന്വേഷണവും ക്രിസ്തീയവിശ്വാസവും**

ആമുഖപ്രാർത്ഥന പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 30 മിനിറ്റ്

**പ്രവർത്തനം 1. കാർട്ടൂൺ വിശകലനം**

- പുസ്തകത്തിലെ കാർട്ടൂണിന്റെ അടിസ്ഥാനത്തിൽ ഈശ്വര വിശ്വാസത്തെക്കുറിച്ചുള്ള പൊതുചർച്ചയിലൂടെ പാഠഭാഗത്തേക്ക് പ്രവേശിക്കുന്നു.

☐ ദൈവാന്വേഷണത്തിന് വ്യത്യസ്തകാലങ്ങളിൽ വ്യത്യസ്തജന തകൾക്ക് വ്യത്യസ്ത ഉത്തരങ്ങളാണ് ലഭിച്ചത്. ആ ഉത്തരങ്ങൾ അപൂർണ്ണമായിരുന്നു എന്നും അതിനു കാരണം മനുഷ്യബുദ്ധിയുടെ

പരിമിതിയാണെന്നുമുള്ള ധാരണയിലേക്ക് ടീച്ചർ കുട്ടികളെ നയിക്കുന്നു. ദൈവം സ്വയം വെളിപ്പെടുത്തിയാൽ മാത്രമേ മനുഷ്യന് അവിടുത്തെ അറിയാൻ കഴിയൂ എന്നത് യുക്തിപരമാണ് എന്നു തിരിച്ചറിയുന്നു.

**മനുഷ്യബുദ്ധിയുടെ പരിമിതി (Additional Information)**

- മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ അസാധ്യമായതും ബുദ്ധിമുട്ടുള്ളതുമായ പല കാര്യങ്ങളുമുണ്ട്. ഉദാഹരണമായി, 'അനാദി' എന്ന ആശയം മനസ്സിലാക്കാൻ നമുക്ക് കഴിയില്ല; പക്ഷേ അത് യുക്തിസഹമാണ്. അതിനാൽ അനാദിയായ ദൈവവും അങ്ങനെതന്നെ.
- മനുഷ്യബുദ്ധിക്ക് സമയത്തിന്റെയും സ്ഥലത്തിന്റെയും പരമിതിയുണ്ട് (Time & Space)
- പൊതുചർച്ചയിലൂടെ ദൈവപുത്രനായ ഈശോ വെളിപ്പെടുത്തിയ വിശ്വാസം മാത്രമാണ് പൂർണ്ണതയുള്ളത് എന്ന നിഗമനം രൂപീകരിക്കുന്നു.
- സുവിശേഷങ്ങളിൽ ഈശോ വെളിപ്പെടുത്തിയ സത്യങ്ങൾ കാലാതിവർത്തിയായ പൂർണ്ണതയുള്ളതാണ്. തിരുസഭ എല്ലാ മതങ്ങളെയും ആദരിക്കുന്നു. എല്ലാ മതങ്ങളിലും സത്യത്തിന്റെ അംശമുണ്ടെന്ന് സഭ പഠിപ്പിക്കുന്നു. ഒപ്പം, തുറവിയോടെ സത്യത്തിന്റെ പൂർണ്ണത അന്വേഷിക്കാൻ സഭ എല്ലാവരെയും ക്ഷണിക്കുന്നു. ഈശോമിശിഹാ പഠിപ്പിച്ച വിശ്വാസം ജീവിക്കാനും പ്രഘോഷിക്കാനും സഭ അവളുടെ മക്കളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.
- വിശ്വാസം എന്നാലെന്ത്, വിശ്വാസത്തിന്റെ പ്രത്യേകതകൾ എന്ത് എന്നീ ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ പാഠപുസ്തകം വായിച്ചു കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു

**ക്രോഡീകരണം**

- മനുഷ്യർ ദൈവാന്വേഷികളാണ്. അവരുടെ കണ്ടെത്തലുകൾ പ്രധാനമെങ്കിലും അപൂർണ്ണമാണ്. ഈശോ വെളിപ്പെടുത്തിയതും സഭ സംരക്ഷിച്ചു പ്രഘോഷിക്കുന്നതുമായ വിശ്വാസസത്യങ്ങളാണ് പൂർണ്ണതയുള്ളത്.

**തുടർപ്രവർത്തനങ്ങൾ:**

- പാഠപുസ്തകം പേജ് 22-ലെ പ്രവർത്തനങ്ങൾ ഗൃഹപാഠമായി കുറിപ്പുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാം

☐ പാഠപുസ്തകം പേജ് 23-ലെ ആദ്യപ്രവർത്തനം

**മൊഡ്യൂൾ 2**

**വിശ്വാസത്തിന്റെ ഉള്ളടക്കവും സവിശേഷതകളും**

ആമുഖപ്രാർത്ഥന  പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 45 മിനിറ്റ്

**പ്രവർത്തനം 2: രംഗാവതരണം**

- കുട്ടികൾ ആറ് ഗ്രൂപ്പുകളാകുന്നു(സാഹചര്യമനുസരിച്ച്)

☐ ഓരോ ഗ്രൂപ്പും വിശ്വാസത്തിന്റെ ഓരോ സവിശേഷത പഠിച്ച് അത് വ്യക്തമാക്കുന്ന ബൈബിൾ/അനുദിനജീവിത സന്ദർഭങ്ങൾ കണ്ടെത്തി ലഘുസ്കിറ്റുകളായി അവതരിപ്പിക്കുന്നു.

☐ പൊതുചർച്ച ക്രോഡീകരണം

☐ തുടർന്ന്, ടീച്ചറുടെ സഹായത്തോടെ മുൻകൂട്ടി തയ്യാറായ നാലു കുട്ടികൾ ക്രിസ്തീയ വിശ്വാസസംഹിതയുടെ നാല് ഉള്ളടക്കങ്ങൾ ഓരോന്ന് അവതരിപ്പിക്കുന്നു. പാനൽ അവതരണം.

**ക്രോഡീകരണം:**

- ക്രിസ്തീയവിശ്വാസം സവിശേഷവും അനിവാര്യവും അമൂല്യവുമാണ്. അത് സ്വീകരിച്ച് സംരക്ഷിച്ച് ജീവിച്ച് വളർത്തണം.

**തുടർപ്രവർത്തനങ്ങൾ:**

- പാഠപുസ്തകം പേജ് 23-ലെ പ്രവർത്തനങ്ങൾ ഗൃഹപാഠമായി കുറിപ്പുകൾ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കാം

**മൊഡ്യൂൾ 3**

**കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം**

ആമുഖപ്രാർത്ഥന  പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക

സമയം : 45 മിനിറ്റ്

**പ്രവർത്തനം 3: റോൾ പ്ലേ**

- കുട്ടികൾ ഒരാഴ്ച മുൻപേ 15 ജോഡികളാകുന്നു

☐ 12 വിശ്വാസസത്യങ്ങൾ, വിശ്വാസപ്രമാണത്തിന്റെ 3 ഭാഗങ്ങൾ എന്നിവ ഓരോന്ന് ഓരോ ജോഡിക്ക് നിശ്ചയിച്ചു നല്കുന്നു.

☐ ലഭിച്ച വിഷയം പാഠപുസ്തകത്തിന്റെയും, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെയും സഹായത്തോടെ കുട്ടികൾ പഠിക്കുന്നു

☐ അമ്മയും കുട്ടിയും, ടീച്ചറും കുട്ടിയും, അക്രൈസ്തവനും, ക്രൈസ്തവനും, മുതലായ ഏതെങ്കിലും രണ്ടു പേർ തമ്മിലുള്ള ഒരു സംഭാഷണമായി കുട്ടികൾ തങ്ങൾ പഠിച്ച വിഷയം ക്ലാസിൽ റോൾ പ്ലേ രൂപത്തിൽ അവതരിപ്പിക്കുന്നു.

☐ പൊതുചർച്ച ക്രോഡീകരണം

**ക്രോഡീകരണം:**
കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിലെ വിശ്വാസസത്യങ്ങൾ നാം നിരന്തരം പഠിക്കുകയും ധ്യാനിക്കുകയും ഏറ്റു പറയുകയും ചെയ്യുമ്പോൾ അവ നമ്മുടെ ജീവിതത്തിന് ദിശാബോധവും അർത്ഥവും പകരും.

**തുടർപ്രവർത്തനങ്ങൾ:**


- വിശ്വാസം എങ്ങനെ സംരക്ഷിക്കാം, വളർത്താം? പാഠപുസ്തകം പേജ് 24-ൽ നല്കിയിട്ടുള്ള CCC162 അടിസ്ഥാനമാക്കിയുള്ള ചർച്ച

☐ പാഠപുസ്തകം പേജ് 25-ലെയും 26-ലെയും പ്രവർത്തനങ്ങൾ



## എന്റെ ബോധ്യങ്ങൾ

1. സ്വയം വെളിപ്പെടുത്തുകയും എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്തിന് ഞാൻ നൽകുന്ന പ്രത്യുത്തരമാണ് എന്റെ ക്രിസ്തീയവിശ്വാസം.
2. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കം ഈശോ പഠിപ്പിച്ച കാര്യങ്ങളാണ്; അവയുടെ സംഹിതയാണ് വിശ്വാസപ്രമാണം.
3. വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കണം



## ദൈവവചനം വായിക്കാം

വിശുദ്ധ മത്തായിയുടെ സുവിശേഷം
അദ്ധ്യായങ്ങൾ 15-21



## ഹൃദയം ദീപ്തമാക്കാം

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്
(യോഹ 5:24)



## എന്റെ തീരുമാനം

ഈശോയിലുള്ള വിശ്വാസത്തിൽ നിന്ന്
എന്നെ മാറ്റുവാൻ ഒന്നിനും സാധ്യമല്ല.

**വിശ്വാസപ്രമാണത്തിന്റെ രണ്ടു രൂപങ്ങൾ (Additional Information)**

Youcat 24 – ആർക്കും ഒറ്റപ്പെട്ട് തന്നെത്താൻ വിശ്വസിക്കാനാവുകയില്ല. ഒറ്റപ്പെട്ട് സ്വശക്തികൊണ്ട് ജീവിക്കാൻ ആർക്കും കഴിയാത്തതുപോലെ തന്നെ. വിശ്വാസം സഭയിൽ നിന്ന് നാം സ്വീകരിക്കുന്നു നാം നമ്മുടെ വിശ്വാസം പങ്കുവയ്ക്കുന്ന ആളുകളുമായുള്ള കൂട്ടായ്മയിൽ അതനുസരിച്ച് ജീവിക്കുന്നു.

ഒരു വ്യക്തിക്കുള്ള ഏറ്റവും വ്യക്തിപരമായ കാര്യമാണ് വിശ്വാസം. എന്നാലും അത് വ്യക്തിപരമായ ഒരു കാര്യമല്ല. വിശ്വസിക്കാൻ ആഗ്രഹിക്കുന്ന ആർക്കും "ഞാൻ"എന്നും "ഞങ്ങൾ" എന്നും പറയാൻ കഴിയണം. എന്തെന്നാൽ നിങ്ങൾക്കു പങ്കുവയ്ക്കുവാനും പകർന്നുനല്കുവാനും കഴിയാത്ത വിശ്വാസം യുക്തിരഹിതമായിരിക്കും. വിശ്വസിക്കുന്ന വ്യക്തി സഭയുടെ ഞങ്ങൾ വിശ്വസിക്കുന്നു എന്നതിന് സ്വതന്ത്രമായി സമ്മതം നൽകുന്നു. സഭയിൽ നിന്ന് അയാൾ വിശ്വാസം സ്വീകരിച്ചു. നൂറ്റാണ്ടുകളിലൂടെ വിശ്വാസം കൈമാറുകയും എന്നിട്ട് അയാൾക്ക് നൽകുകയും അബദ്ധപൂർണ്ണമാക്കലിൽ നിന്ന് അതിനെ സംരക്ഷിക്കുകയും വീണ്ടും വീണ്ടും പ്രകാശിക്കാൻ കാരണമാക്കുകയും ചെയ്തത് സഭയാണ്. അതുകൊണ്ട് വിശ്വസിക്കൽ എന്നത് പൊതുവായ ഒരു അവബോധത്തിലുള്ള ഭാഗഭാഗിത്വമാണ്. എന്റെ വിശ്വാസത്തിന്റെ തീക്ഷ്ണത മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ശക്തിപ്പെടുത്തുകയും പോലെതന്നെ മറ്റുള്ളവരുടെ വിശ്വാസം എന്നെ പിൻതാങ്ങുന്നു. സഭ വിശ്വാസത്തിന്റെ "ഞാൻ" എന്നതിനും "ഞങ്ങൾ" എന്നതിനും ഊന്നൽ നല്കുന്നു. തന്റെ ലിറ്റർജികളിൽ രണ്ടു വിശ്വാസപ്രമാണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്: "ഞാൻ വിശ്വസിക്കുന്നു" (credo) എന്ന് തുടങ്ങുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണവും ആദിമരൂപത്തിൽ "ഞങ്ങൾ വിശ്വസിക്കുന്നു" (credimus) എന്ന് തുടങ്ങുന്ന വലിയ നിഖ്യാകോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും.

## അദ്ധ്യായം 4

# ക്രിസ്തീയജീവിതം വിശ്വാസത്തിന്റെ ആഘോഷം

ശ്രദ്ധിക്കുക ⇨ മൊഡ്യൂൾ 1, പ്രവർത്തനം 2 സ്ഥലങ്ങൾ എന്ന ഭാഗം
മൊഡ്യൂൾ 2, പ്രവർത്തനം 1 സെമിനാർ അവതരണം
കൂദാശകൾ എന്നാൽ എന്ത് ? (**Additional Note)**
ആരാധനക്രമ കാലങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ
എന്തുകൊണ്ട് തൈലാഭിഷേകവും തിരുപ്പട്ടവും ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു.

### പാഠ വിശകലനം

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം രണ്ടാം സ്തംഭമായ "കൂദാശകളെ"കുറിച്ചുള്ള ഭാഗമാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. സഭ "മിശിഹാ രഹസ്യം" എങ്ങിനെയാണ് പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുകയും ചെയ്യുന്നത് എന്ന് പാഠത്തിൽ വ്യക്തമാക്കുന്നു.

**ലക്ഷ്യം:** മിശിഹാ രഹസ്യത്തെയും സഭയുടെ യഥാർത്ഥ സ്വഭാവത്തേയും ജീവിതത്തിൽ പ്രകാശിപ്പിക്കുവാനും മറ്റുള്ളവർക്ക് സാക്ഷ്യമാകുവാനും വിശ്വാസികളെ പ്രാപ്തരാക്കുക.

### ബോധ്യങ്ങൾ

1. ദേവാലയത്തിലെ ആരാധനക്രമ കർമ്മങ്ങൾ/ ആഘോഷങ്ങൾ വെറും അനുഷ്ഠാനങ്ങളല്ല; ക്രൈസ്തവ വിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനമാണ്.
2. ദൈവ മഹത്വത്തിനും വിശുദ്ധീകരണത്തിനും വിശ്വാസാഘോഷങ്ങൾ സഹായിക്കുന്നു.
3. എല്ലാവരുടെയും ബോധപൂർവ്വവും സജീവവും ഫലപ്രദവുമായ ഭാഗഭാഗിത്വം ആരാധനക്രമ ആഘോഷങ്ങളിൽ തിരുസഭ ആഗ്രഹിക്കുന്നു.

**ശീലം:** ഒരുക്കത്തോടും വിശ്വാസത്തോടും കൂടി കൂദാശകളിലും മറ്റ് ഭക്താനുഷ്ഠാനങ്ങളിലും പങ്കെടുക്കുന്നു.

### റഫറൻസ്

1. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം
2. യൂക്യാറ്റ്
3. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ
4. ബൈബിൾ
5. തിരുസഭാ ചരിത്രം

**പ്രധാന ആശയങ്ങൾ:**

1. വിശ്വാസത്തിന്റെ ആഘോഷമാണ് ദൈവാരാധന; നിത്യ രക്ഷയാണ് അതിന്റെ ലക്ഷ്യം
2. പെസഹാരഹസ്യത്തിന്റെ കാലാനുസൃതമായ പ്രഖ്യാപനവും ആഘോഷവുമാണ് "ആരാധനക്രമം"
3. ആരാധനക്രമ ആഘോഷത്തിന്റെ വിവിധ മേഖലകളാണ് കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമ പ്രാർത്ഥനകൾ, പൊതുജന ഭക്തി, തിരുനാൾ ആഘോഷങ്ങൾ.
4. മനുഷ്യ രക്ഷക്കായുള്ള ദൈവിക പദ്ധതിയുടെ പൂർത്തീകരണമായ മിശിഹാ രഹസ്യത്തെ സമൂഹത്തിന്റെ വിശ്വാസത്തിന് മുൻപിൽ യാഥാർത്ഥ്യമാക്കുകയാണ് വിശ്വാസാഘോഷങ്ങളുടെ പ്രസക്തി.

**പഠനോപകരണങ്ങൾ:**

1. ആരാധനക്രമ കാലങ്ങളെ സംബന്ധിക്കുന്ന പുസ്തകം
2. വിവിധ കൂദാശകൾ,... പരികർമ്മം ചെയ്യുന്നതിന്റെ വീഡിയോ ചിത്രങ്ങൾ
3. സഭയിലെ തിരുനാൾ ആഘോഷങ്ങൾ, ചിത്രങ്ങൾ
4. CCC 1066-1690

**വിശദമാക്കേണ്ട പദങ്ങൾ:**

പെസഹാരഹസ്യം, മിശിഹാരഹസ്യം, ലിറ്റർജി, മൂറോൻ, എക്സോർസിസം

## മൊഡ്യൂൾ 1 , 45 Min

ആമുഖ പ്രാർത്ഥന - ടീച്ചർ നേതൃത്വം നല്കുന്നു.

**പ്രവർത്തനം-1 : ഓർമ്മകൾ പങ്കുവയ്ക്കാം**

വിശ്വാസ ജീവിതത്തിൽ കൂദാശ സ്വീകരണത്തിന്റെ സന്ദർഭങ്ങൾ കുട്ടികൾ പങ്കുവയ്ക്കുന്നു - ചർച്ച

**ക്രോഡീകരണം**
വിശ്വാസത്തിന്റെ ആഘോഷമാണ് ദൈവാരാധന, നിത്യ രക്ഷയാണ് അതിന്റെ ലക്ഷ്യം. കൂദാശ സന്ദർഭങ്ങൾ നമ്മെ ആഘോഷത്തിലേക്ക് നയിക്കുന്നു. കൂദാശകളുടെ അനുഷ്ഠാനക്രമം ആരാധനക്രമത്തിന്റെ ഭാഗമാണ്. ആരാധനാക്രമം മിശിഹാ രഹസ്യത്തിന്റെ അനുസ്മരണമാണ്.

**പ്രവർത്തനം 2 –** ഗ്രൂപ്പ് തിരിഞ്ഞ്; പാഠപുസ്തകത്തിലെ ആരാധനക്രമ കാലങ്ങളോട് ചേർന്ന സ്ഥലങ്ങൾ കണ്ടെത്തുന്നു. ഉദാ: പിറവികാലം– ബത്‌ലഹേം etc. (Additional notes ശ്രദ്ധിക്കുക)

| |
|---|
| ക്രോഡീകരണം: ആരാധനക്രമം മിശിഹാരഹസ്യത്തിന്റെ കാലാനുഗതമായ അനുസ്മരണമാണ്. അപ്പസ്തോലിക പാരമ്പര്യം അനുസരിച്ച് ആരാധനാ ക്രമാനുഷ്ഠാനങ്ങളിൽ വൈവിധ്യങ്ങൾ നിലനില്ക്കുന്നു. |

**തുടർപ്രവർത്തനം**

സഭ സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭയിലെ 24 വ്യക്തിസഭകളുടെയും അപ്പസ്തോലിക പാരമ്പര്യവും സ്ഥലങ്ങളും കണ്ടെത്താമോ?

**മൊഡ്യൂൾ 2 45 Min**

**ആമുഖ പ്രാർത്ഥന**

**പ്രവർത്തനം 1 – സെമിനാർ അവതരണം**

കുട്ടികളുടെ എണ്ണം അനുസരിച്ച് (പരമാവധി അഞ്ച് ഗ്രൂപ്പുകളായി തിരിച്ച്) ആരാധനാക്രമത്തിന്റെ ആഘോഷ മേഖലകൾ സെമിനാർ അവതരണത്തിനായി നല്കുന്നു.

സൂചകങ്ങൾ:– ഓരോ ഗ്രൂപ്പും ലഭിച്ചിരിക്കുന്ന മേഖലയുടെ അനുഷ്ഠാനക്രമം, ഘടന എന്നിവ ചർച്ചചെയ്ത് ക്ലാസ്സിൽ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

**തുടർ ചർച്ച: സൂചകങ്ങൾ**

1. കൂദാശകളുടെ ഫലദായകത്വം പുരോഹിതന്റെ അയോഗ്യതകൾ ബാധിക്കുമോ ?
2. കൂദാശകളുടെ സ്വീകരണവും വ്യക്തിപരമായ ഒരുക്കവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു ?
3. കൂദാശകളുടെ എണ്ണം കൂട്ടുവാനോ, കുറയ്ക്കുവാനോ സഭയ്ക്ക് സാധിക്കുമോ ?
4. എന്തുകൊണ്ട് ചില കൂദാശകൾ ഒരിക്കൽ മാത്രം സ്വീകരിക്കുന്നു ?
5. നമ്മുടെ തിരുനാൾ ആഘോഷങ്ങൾ ആദ്ധ്യാത്മിക നവീകരണം സാധ്യമാക്കുന്നുണ്ടോ ?


**ക്രോഡീകരണം**

- കൂദാശകൾ അനുഷ്ഠാനത്തിൽ തന്നെ പ്രവർത്തിക്കുന്നു. പുരോഹിതന്റെ യോഗ്യതകുറവ് സ്വീകരിക്കുന്ന വ്യക്തിയുടെ ഒരുക്കത്തെ, മനോഭാവത്തെ ബാധിച്ചേക്കാം; യോഗ്യതയും ഒരുക്കവും ഒരുപോലെ പ്രധാനപ്പെട്ടതാണ്.
- കൂദാശകൾ മിശിഹാ സ്ഥാപിതമാകയാൽ എണ്ണം വ്യത്യാസപ്പെടുത്തുവാൻ സഭയ്ക്ക് അധികാരമില്ല.
- ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്ന കൂദാശകൾ ഒരിക്കൽ മാത്രം സ്വീകരിച്ചാൽ മതി.
- നമ്മുടെ തിരുനാൾ ആഘോഷങ്ങൾ ആധ്യാത്മിക വളർച്ചയ്ക്ക് പ്രാധാന്യം കൊടുക്കുകയും വിശ്വാസികളെ നിത്യ രക്ഷയിലേക്ക് നയിക്കുന്നതുമാകണം.



**എന്റെ ബോധ്യങ്ങൾ**

1. ദൈവാലയത്തിലെ ആരാധനക്രമകർമ്മങ്ങൾ ആഘോഷങ്ങൾ വെറും അനുഷ്ഠാനങ്ങളല്ല എന്റെ ക്രൈസ്തവ വിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനമാണ്.
2. ദൈവമഹത്വത്തിനും വിശുദ്ധീകരണത്തിനും വിശ്വാസാഘോഷങ്ങൾ എന്നെ സഹായിക്കുന്നു.
3. എന്റെ സജീവവും ഫലപ്രദവുമായ ഭാഗഭാഗിത്വം ആരാധനക്രമ ആഘോഷങ്ങളിൽ തിരുസഭ ആഗ്രഹിക്കുന്നുണ്ട്.



**ദൈവവചനം വായിക്കാം**

വി. മത്തായി സുവിശേഷം അദ്ധ്യായങ്ങൾ 22-28



**ഹൃദയം ദീപ്തമാക്കാം**

“എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയർപ്പിക്കും” (യോഹ 6:54).



**എന്റെ തീരുമാനം**

ഒരുക്കത്തോടെയും വിശ്വാസത്തോടെയും
കൂദാശകളിലും മറ്റുഭക്താനുഷ്ഠാനങ്ങളിലും
ഞാൻ പങ്കെടുക്കും.

# Additional Note

- കൂദാശകൾ എന്നാൽ എന്ത് ?

അദൃശ്യമായ ദൈവീക ജീവൻ നല്കി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈശോ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ. കൂദാശ എന്ന പദം സുറിയാനി ഭാഷയിലെ "ഖുദാശ"യിൽ നിന്ന് വരുന്നു. ശുദ്ധമാക്കൽ, പ്രതിഷ്ഠ, പരിശുദ്ധൻ എന്നൊക്കെയാണ് അർത്ഥം. ഹീബ്രു ഭാഷയിൽ കൂദാശ "ഖ്ദ്ഷ്" എന്ന വാക്കിൽ നിന്ന് ഉദ്ഭവിക്കുന്നു. വേർതിരിക്കുക, ദൈവത്തിനായി മാറ്റിവയ്ക്കുക എന്ന് അർത്ഥം. ലത്തീൻ ഭാഷയിൽ സാക്രമെന്തും (Sacramentum) കൂദാശ എന്ന വാക്കിന്റെ അർത്ഥം തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്.

- ആരാധനക്രമ കാലങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ

മംഗളവാർത്ത - ഗലീലിയ, നസറത്ത്, യൂദയാ
പിറവിക്കാലം - ബത്‌ലഹേം, ജറുസലേം
ദനഹക്കാലം - ജോർദ്ദാൻ
നോമ്പുകാലം - മരുഭൂമി, ഗദ്സെമൻ
ഉയിർപ്പുകാലം - കല്ലറ, പാതാളം, ജറുസലേം
ശ്ലീഹാക്കാലം - സെഹിയോൻ, ജറുസലേം
കൈത്താക്കാലം - കാറ്റകൊമ്പ്, കൊളോസിയം, റോമ
ഏലിയ, ശ്ലീവാ, മുശക്കാലം - താബോർ മല
പള്ളികൂദാശക്കാലം -റോമ

എന്തുകൊണ്ട് തൈലാഭിഷേകവും തിരുപ്പട്ടവും ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു.

തൈലാഭിഷേകം യൂകാറ്റ് 205: മാമ്മോദീസ സ്വീകരിച്ച ക്രൈസ്തവന്റെ ആത്മാവിൽ തൈലാഭിഷേകം സ്ഥിരമുദ്ര പതിക്കുന്നു. അത് ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നതാണ്. അത് എന്നേക്കും ക്രൈസ്തവനായി ഒരു വ്യക്തിയെ അടയാളപ്പെടുത്തുന്നു. ഉന്നതത്തിൽ നിന്നുള്ള ഒരു ശക്തിയാണ് പരിശുദ്ധാത്മാവ് എന്ന ദാനം. തൈലാഭിഷേകത്തിലൂടെ ക്രിസ്തുവിന്റെ സാക്ഷിയായി മാറുന്നു.

തിരുപ്പട്ടം യൂകാറ്റ് 250: തിരുപ്പട്ട അഭിഷേകത്തിലൂടെ വൈദികനിൽ രൂപാന്തരീകരണപരവും സൗഖ്യദായകവും രക്ഷാകരവുമായ ശക്തി അയാളിൽ ഒട്ടിച്ചേർക്കപ്പെടുന്നു.

അദ്ധ്യായം 5

# ക്രിസ്തീയജീവിതം നിയമവും ധാർമ്മികതയും

| |
|---|
| ശ്രദ്ധിക്കുക ⇨ മൊഡ്യൂൾ 1, പ്രവർത്തനം 2 സ്ഥലങ്ങൾ എന്ന ഭാഗം<br>മൊഡ്യൂൾ 2, പ്രവർത്തനം 1 സെമിനാർ അവതരണം |

## A. പാഠവിശകലനം

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം മൂന്നാം സ്തംഭമായ ദൈവകല്പനകളെ കുറിച്ചുള്ള ഭാഗമാണ് ഈ പാഠത്തിന്റെ ഉള്ളടക്ക കേന്ദ്രം. ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗങ്ങളായ നിയമ ങ്ങളാണ് പ്രതിപാദ്യവിഷയം.

**ലക്ഷ്യം:** ദൈവീക നിയമങ്ങളുടെ ധാർമ്മീകാടിത്തറയിൽ രൂപീകൃതമാ യിട്ടുള്ള പൊതുനിയമങ്ങളുടെ അനുസരണം മനുഷ്യരുടെ കടമയാണ്. വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നതും ഈശോയോടൊത്തുള്ള ധാർമ്മിക ജീവിതം നയിക്കാൻ നാം പ്രാപ്തരാകുന്നതും നിയമങ്ങളുടെ പാലന മാണ്.

**ബോധ്യങ്ങൾ:**

1. നന്മയുടേയും നീതിയുടേയും സാഹചര്യം സൃഷ്ടിക്കാൻ നിയമങ്ങൾ അനുസരിക്കണം.
2. പ്രവർത്തിയുടെ ലക്ഷ്യം മാത്രമല്ല മാർഗ്ഗവും നല്ലതായിരിക്കണം.
3. മൗലിക സുകൃതങ്ങളിൽ വളർന്ന് നന്മയിൽ ജീവിക്കാൻ നിയമങ്ങ ളുടെ അനുസരണം അനിവാര്യമാണ്.
4. ധാർമ്മീകമല്ലാത്ത നിയമങ്ങൾ അനുസരിക്കാൻ വ്യക്തിക്ക് ബാധ്യ തയില്ല

**ശീലം:** ഓരോ മേഖലയിലും പാലിക്കേണ്ടതായ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്നു.

**റഫറൻസ് ബുക്കുകൾ:** കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യുക്യാറ്റ്, വിശുദ്ധ ബൈബിൾ, നമസ്കാര പുസ്തകം. വത്തിക്കാൻ കൗൺസിൽ ഡിക്രി.

**പ്രധാന ആശയങ്ങൾ:**

1. പൊതു നന്മയുടെ സംരക്ഷണത്തിനായി യോഗ്യനായ അധികാരി നടപ്പാക്കുന്ന ചട്ടങ്ങളാണ് നിയമങ്ങൾ.

2. സാമൂഹ്യ ജീവിതത്തിൽ പാലിക്കേണ്ട ചട്ടങ്ങൾ നിർമ്മിക്കുകയും മനുഷ്യരിൽ നിന്ന് അനുസരണം ആവശ്യപ്പെടുകയും ചെയ്യുന്ന സവിശേഷ ഗുണമാണ് അധികാരം.

3. നന്മചെയ്യാനും തിന്മയെ ഉപേക്ഷിക്കാനുമുള്ള ദൈവീകശബ്ദമായ ധാർമ്മീകതയാണ് നിയമങ്ങളുടെ അടിസ്ഥാനം.

4. ദൈവാത്മാവ് കുടികൊള്ളുന്നുവെന്നതാണ് മനുഷ്യന്റെ മഹത്വത്തി നാധാരം.

5. വ്യക്തിപരമായ തീരുമാനത്താൽ പ്രവൃത്തിക്കാനോ, പ്രവൃത്തി ക്കാതിരിക്കാനോ, സ്വന്തം ബുദ്ധിയിലും, ഇച്ഛയിലുംനിന്ന് സംജാത മാക്കുന്ന തീർപ്പാണ് സ്വാതന്ത്ര്യം.

6. ധാർമ്മീക നിയമങ്ങളുടെ പ്രകാശിതരൂപങ്ങളാണ് സ്വാഭാവിക, ദൈവീക, സഭാത്മക, രാഷ്ട്ര, നിയമങ്ങൾ (നിയമങ്ങളുടെ പ്രകാശന രീതികൾ വിശദമാക്കണം).

7. മാനുഷിക പ്രവൃത്തിയുടെ ധാർമ്മീകത വിഷയം, ഉദ്ദേശം, സാഹചര്യം എന്നിവയാലാണ് നിർണയിക്കപ്പെടുന്നത്.

8. മൂല പാപങ്ങളും മൗലിക സുകൃതങ്ങളുമാണ് വികാരങ്ങളെ ചീത്തയാക്കുന്നതും നല്ലതാക്കുന്നതും.

9. ദൈവീക നിയമങ്ങൾക്കും ധാർമ്മിക നിയമങ്ങൾക്കും വിരുദ്ധമായ നിയമങ്ങൾ അനുസരിക്കാൻ ബാധ്യതയില്ല.

10. നന്മചെയ്യുന്നത് ശീലമാക്കിയ മനോഭാവമാണ് സുകൃതങ്ങൾ.

**പഠനോപകരണങ്ങൾ:** വീഡിയോകൾ, പത്രവാർത്ത, ചിത്രം (റോഡ് അപകടമായി ബന്ധപ്പെട്ടത്), ഫ്ളോചാർട്ട്, സൺഡേസ്കൂൾ; സംഘടന കൾ എന്നിവയുടെ നിയമാവലികൾ etc.

**വിശദമാക്കേണ്ട പദങ്ങൾ:** നിയമം, ധാർമ്മികത, അധികാരം, വികാരം, സുകൃതം, സ്വാതന്ത്ര്യം, പൊതുനന്മ, മൂലപാപങ്ങൾ.

**വികാരങ്ങൾ:** ആത്മനിഷ്ഠമായ അനുഭവം അതിനോടുള്ള മാനസീക പ്ര തികരണം പെരുമാറ്റ പ്രതികരണം എന്നീ മൂന്ന് ഘട്ടങ്ങൾ ഉൾക്കൊള്ളുന്ന മാനസീക അവസ്ഥയാണ് വികാരങ്ങൾ.

**അനുഭൂതികൾ:** വ്യക്തിക്ക് തന്റെ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി മറ്റുള്ളവരുടെ വികാരങ്ങൾ വിശകലനം ചെയ്യാനും മനസിലാക്കാനുമുള്ള

കഴിവും അവയെ സ്വന്തം ഭാഗമായി അനുഭവിക്കാൻ തുടങ്ങുന്നതുമായ മാനസീകാവസ്ഥ.

| വികാരങ്ങൾ | |
|---|---|
| പോസിറ്റീവ് | നെഗറ്റീവ് |
| സ്നേഹം<br>സന്തോഷം<br>ധൈര്യം<br>അഭിമാനം<br>വിശ്വാസം<br>അതിശയം<br>പ്രതീക്ഷ | വെറുപ്പ്<br>സങ്കടം<br>ഭയം<br>ദേഷ്യം<br>നഷ്ടം<br>അറപ്പ്<br>ലജ്ജ |

ഇവയെല്ലാം മനുഷ്യന് ആവശ്യമാണ്. അവയെ സമചിത്തതയോടെ നിയന്ത്രിക്കാനും ഉൾക്കൊള്ളാനുള്ള മാനസീകവളർച്ച നമുക്ക് ഉണ്ടായിരിക്കണം. ഇതാണ് വൈകാരിക പക്വത.

**പൊതുനന്മ**

വ്യക്തികളോടുള്ള ആദരവ്, സാമൂഹ്യക്ഷേമം, വികസനം, നീതിപൂർവ്വക വിഭവ വിതരണ തുല്യത എന്നിവ നിലനിൽക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നത്.

**ഇച്ഛ**

അറിവ്, ബുദ്ധി, യുക്തി ഉപയോഗിച്ച് എടുക്കേണ്ട തീരുമാനത്തിലേക്ക് സൂചന തരുന്ന മാനസീക പ്രവൃത്തി.

**മനുഷ്യമഹത്ത്വം**

മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യനു മാത്രം ഉള്ള പ്രത്യേകത ദൈവാത്മാവ് നമ്മിൽ കുടികൊള്ളുന്നു എന്നതാണ്.

**പ്രബോധനാധികാരം**

ലിഖിത രൂപത്തിലോ പാരമ്പര്യത്തിലോ ഉള്ള ദൈവവചനത്തെ വ്യാഖ്യാനിക്കാൻ ഈശോമിശിഹായുടെ നാമത്തിലുള്ള ചുമതലയാണ് പ്രബോധനാധികാരം. മെത്രാൻമാരുടെ കൂട്ടായ്മയിലൂടെയാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്.

**സഭാ പ്രബോധനങ്ങൾ**

പ്രബോധനാധികാരത്തിൽ നിന്നും ഉണ്ടാകുന്ന ആധികാരികമായ പഠിപ്പിക്കലാണ് സഭാ പ്രബോധനങ്ങൾ

**ചാക്രികലേഖനം**

സഭ മുഴുവനേയും സംബോധന ചെയ്തുകൊണ്ട് ഒരു വിഷയത്തെ കുറിച്ച് മാർപ്പാപ്പ നൽകുന്ന പ്രബോധനമാണിത്. സഭയുടെ നന്മ ലക്ഷ്യമാക്കി തെറ്റുതിരുത്തുന്നതിനോ, വിശ്വാസത്തിനോ ധാർമ്മീകതയ്ക്കോ എതിരായ പ്രവണതകളെക്കുറിച്ച് പഠനം നൽകുന്നതിനോ ആയിട്ടാണ് ചാക്രികലേഖനങ്ങൾ നൽകപ്പെടുന്നത്.

**ധാർമ്മികത**

ദൈവീകമായ നന്മയുടെ സംരക്ഷണവും വിശുദ്ധിയിലുള്ള നിലനിൽപ്പുമാണ് ധാർമ്മീകത.

**പാരസ്ത്യസഭ & പാശ്ചാത്യ സഭ:**

AD 293–ൽ ഡയക്ലിഷൻ ചക്രവർത്തി റോമാസാമ്രാജ്യത്തെ നാല് പ്രവശ്യകളായി തിരിച്ചു. AD 395–ൽ ഇത് രണ്ട് പ്രവശ്യകളാക്കി മാറ്റി. റോമിന് പടിഞ്ഞാറ് പാശ്ചാത്യം, കിഴക്ക് പൗരസ്ത്യം. ഇന്ന് ലത്തീൻ കത്തോലിക്കാ സഭയാണ് പാശ്ചാത്യ സഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. റോമിന് കിഴക്ക് അപ്പസ്തോലന്മാരുടെ സുവിശേഷപ്രവർത്തനംവഴി രൂപംകൊണ്ട സഭാസമൂഹങ്ങളാണ് പൗരസ്ത്യ സഭകൾ. ലത്തീൻ റീത്തിൽപ്പെടാത്തവയെല്ലാം ഈ ഗണത്തിൽപ്പെടുന്നു.

**റഫറൻസ്**

CCC1744 സ്വാതന്ത്ര്യം
CCC1951 നിയമങ്ങൾ
CCC1897 അധികാരം
CCC1736 പ്രവർത്തിയുടെ ഉത്തരവാദിത്വം
CCC1961, 2 ദൈവീക നിയമങ്ങൾ പൊതുനന്മ
CCC85, 86, 2041 തിരുസഭയുടെ കല്പനകൾ
CCC2419-23 സഭാപ്രബോധനങ്ങൾ
CCC1767 വികാരങ്ങൾ
CCC1750-1754 മാനുഷീകപ്രവർത്തിയുടെ ധാർമ്മീകത
You cat ചോദ്യങ്ങൾ
280,286,325 നിയമം ഉത്തരവാദിത്വം
315,177,318,319 സുകൃതജീവിതം
294,301 ,302 മൂലപാപങ്ങൾ

## B. പാഠാവതരണം

രണ്ടേകാൽ മണിക്കൂർകൊണ്ട് പൂർത്തിയാക്കാവുന്ന നാല് മൊഡ്യൂളുകൾ ആയിട്ടാണ് പാഠഭാഗം അവതരിപ്പിക്കേണ്ടത്.

1. എന്താണ്, എന്തിനാണ് നിയമങ്ങൾ?
2. ധാർമ്മീക നിയമങ്ങളുടെ പ്രകാശിത തലങ്ങൾ
3. മാനുഷീക പ്രവർത്തികളുടെ ധാർമ്മികത
4. സുകൃത ജീവിതം

**മൊഡ്യൂൾ: 1**

**ആമുഖപ്രാർത്ഥന = പാഠഭാഗവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക**

സമയം: 40 മിനിറ്റ്

**പ്രവർത്തനം 1. വായിക്കാം വിശദീകരിക്കാം**

**പ്രകിയ:** കുട്ടികളെ രണ്ടു ഗ്രൂപ്പുകളായി തിരിച്ച് ഒരു ഗ്രൂപ്പിന് വി. ലൂക്കാ 18/8-33 വചനഭാഗവും, രണ്ടാമത്തെ ഗ്രൂപ്പിന് വാഹനാപകടത്തിന്റെ പത്രവാർത്ത/ചിത്രം/ വീഡിയോ എന്നിവ നൽകുന്നു. ഓരോ ഗ്രൂപ്പും വായിച്ച്/ കണ്ട് സംക്ഷിപ്തം അവതരിപ്പിക്കുന്നു. ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു. പൊതു ചർച്ചയിലൂടെ ക്രോഡീകരണം നടത്തുന്നു.

ചർച്ചാ സൂചകങ്ങൾ:

1. യുവാവിന്റെ ആവശ്യം എന്തായിരുന്നു? ഈശോ നിർദ്ദേശിച്ച മാർഗ്ഗങ്ങൾ എന്തായിരുന്നു?
2. അപകടങ്ങൾ സംഭവിക്കുന്നതിന്റെ സാഹചര്യങ്ങൾ എന്തെല്ലാമാണ്...

ചോദ്യങ്ങൾ ഗ്രുപ്പുകൾക്ക് കൊടുത്ത് കണ്ടെത്തലുകൾ അവതരിപ്പിക്കാൻ ആവശ്യപെടുന്നു. ഗ്രൂപ്പ് അവതരണം നടത്തിക്കഴിഞ്ഞ് ടീച്ചർക്ക് ആശയ ക്രോഡീകരണത്തിനായി പൊതുവായി ചോദ്യങ്ങൾ ഉന്നയിക്കാം. അതിന്റെയടിസ്ഥാനത്തിൽ പൊതുചർച്ചകളും ക്രോഡീകരണവും നടത്തുന്നു.

**ക്രോഡീകരണം:**

1. നിത്യജീവൻ അവകാശപ്പെടുത്താൻ നിയമാനുസൃതമുള്ള ജീവിതവും ആത്മീയ വളർച്ചയും ഈശോയോടൊത്തുള്ള ജീവിതവും ഉണ്ടായിരിക്കണം.
2. ജീവിത സാഹചര്യങ്ങളിൽ പാലിക്കേണ്ട നിയമങ്ങൾ അനുസരിക്കാതിരുന്നാൽ പരാജയങ്ങളും നഷ്ടങ്ങളും ഉണ്ടാകുന്നു. എല്ലാവരും നിയമം അനുസരിച്ചാൽ ഇവ ഒഴിവാക്കാൻ സാധിക്കും.
3. ലക്ഷ്യത്തിലേക്കുള്ള യാത്രയിലെ വഴികാട്ടികളുമാണ് നിയമങ്ങൾ

**തുടർചർച്ച :** ടീച്ചർ തുടർചർച്ചക്കായുള്ള ചോദ്യങ്ങൾ പൊതുവായി ഉന്നയിക്കുന്നു.

- എന്തിനുവേണ്ടിയാണ് നിയമങ്ങൾ?
- ☐ ആരാണ് നിയമങ്ങൾ നിർമ്മിക്കുന്നത്?
- ☐ നിയമം ഒരു തടസ്സമാണോ?
- ☐ എന്താണ് നിയമം?

(ചോദ്യങ്ങൾ ഒരുമിച്ചല്ല, ഒന്ന് ചർച്ച ചെയ്തശേഷം അടുത്തത് എന്ന ക്രമം പാലിക്കണം. ചർച്ചയ്ക്കിടയിൽ നിയമം, അധികാരം, സ്വാതന്ത്ര്യം, എന്നിവ എന്താണെന്ന് പാഠഭാഗങ്ങളിൽ നിന്നും കണ്ടെത്തി ഉത്തരങ്ങൾ വായിപ്പിക്കുന്നു. മറ്റ് ആശയങ്ങളും വിശദമാക്കുന്നു)

**ക്രോഡീകരണം:** പ്രധാനാശയങ്ങളിൽ 1, 2, 3, 4, 5 എന്നിവയും അവയുടെ അനുബന്ധകാര്യങ്ങളും, നിയമങ്ങൾ പലതരങ്ങളിൽ കാണപ്പെടുന്നു എന്നതും ക്രോഡീകരിക്കുന്നു. തുടർന്ന് പാഠഭാഗം ആരംഭവും എന്താണ് നിയമങ്ങൾ എന്ന ഭാഗവും വായിച്ച് കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

**തുടർ പ്രവർത്തനം:**

- നിയമങ്ങൾ ഇല്ലാതെ ഒരു സമൂഹത്തിനോ പ്രസ്ഥാനത്തിനോ നിലനിൽക്കാനാകുമോ ?
- ☐ സംഘടനകൾക്കും, പ്രസ്ഥാനങ്ങൾക്കും, നിയമാവലിയും രാജ്യങ്ങൾക്ക് ഭരണഘടനയും എന്തിനാണ്? കുറിപ്പ് തയ്യാറാക്കുക.

**മൊഡ്യൂൾ: 2**

**പ്രവർത്തനം: കുറിപ്പുകൾ തയ്യാറാക്കാം (40 മിനിറ്റ്)**

ക്ലാസിനെ നാല് ഗ്രൂപ്പുകളായി തിരിക്കുന്നു. (കുട്ടികൾ കുറവാണെങ്കിൽ വ്യക്തിഗതമാക്കാം) സ്വാഭാവിക നിയമങ്ങൾ, ദൈവീക നിയമങ്ങൾ, സഭാ

നിയമങ്ങൾ, രാഷ്ട്ര നിയമങ്ങൾ, എന്നിവയിൽ ഒരു മേഖല നൽകി പാഠപുസ്തകഭാഗം വായിച്ച് ലഘുകുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. അവതരിപ്പിച്ചു ക്രോഡീകരിക്കുന്നു.

| |
|---|
| **ക്രോഡീകരണം:**<br>പ്രധാന ആശയം നമ്പർ 06 പാഠഭാഗത്തെ എല്ലാകാര്യങ്ങളും വന്നിട്ടുണ്ടെന്ന് ഉറപ്പാക്കിവേണം ക്രോഡീകരണം (ധാർമ്മിക നിയമങ്ങളുടെ പ്രകാശിത തലങ്ങൾ, പാഠപുസ്തകഭാഗം). |

**തുടർ പ്രവർത്തനം**

പുറപ്പാട് 20/1-17, വി. മത്തായി 57 അദ്ധ്യായങ്ങൾ എന്നീ വചനഭാഗം വായിക്കുക. ക്ലാസ്സിൽ വെച്ച് വായിപ്പിക്കുന്നത് കൂടുതൽ ഉചിതമാകും.

1. ടെക്സ്റ്റിലെ പട്ടികപ്പെടുത്താം എന്ന ഭാഗം ഗൃഹപാഠമായി ചെയ്യിക്കാം.

| |
|---|
| കുട്ടികളുടെ സംരക്ഷണം സ്വാഭാവിക നിയമം<br>വിഗ്രഹാരാധന പാടില്ല - ദൈവ കൽപ്പന (പഴയനിയമം)<br>ജീവൻ നശിപ്പിക്കരുത് - ദൈവ കൽപ്പന (പഴയനിയമം)<br>സഹോദരർ തമ്മിൽ വിവാഹം പാടില്ല - തിരുസഭയുടെ കല്പന.<br>നികുതി നല്കണം - രാഷ്ട്ര നിയമം.<br>ആത്മഹത്യ പാപം - ദൈവ കൽപ്പന<br>കരുണാപൂർവ്വം പ്രവർത്തിക്കണം - ദൈവ കൽപ്പന (പുതിയനിയമം) |

2. ദൈവകൽപ്പനകൾ, സുവിശേഷ ഭാഗ്യങ്ങൾ, തിരുസഭയുടെ കൽപ്പനകൾ, പ്രധാന പുണ്യ പ്രവൃത്തികൾ, ദൈവീക പുണ്യങ്ങൾ എന്നീ നമസ്കാരങ്ങൾ മനഃപാഠമാക്കുവാൻ ആവശ്യപ്പെടുകയും തുടർ പ്രവൃത്തിദിനങ്ങളിൽ പരിശോധിക്കുകയും ചെയ്യുന്നു

**മൊഡ്യൂൾ: 3**

**പ്രവർത്തനം: ഡിബേറ്റ് (30 മിനിറ്റ്)**

ക്ലാസിനെ രണ്ട് ഗ്രൂപ്പുകളാക്കി തിരിച്ച് ടെക്സ്റ്റ് ബുക്കിൽ നൽകിയിരിക്കുന്ന കേസ് സ്റ്റഡി നൽകി, "നന്മ പ്രവർത്തിക്കുന്നതിനായി തിന്മ ചെയ്യാമോ" എന്ന വിഷയത്തെക്കുറിച്ച് ഡിബേറ്റ് സംഘടിപ്പിക്കുന്നു. (രണ്ടു കുട്ടികൾ മാത്രമുള്ള ക്ലാസിലും ഈ പ്രവർത്തനം നടത്താവുന്നതാണ്)

**ക്രോഡീകരണം:**
ലക്ഷ്യം മാത്രമല്ല മാർഗ്ഗവും നല്ലതായിരിക്കുമ്പോളാണ് പ്രവൃത്തി നല്ലതാകുന്നത്. ഒരു പ്രവൃത്തി
ധാർമ്മീകമാകുന്നത് വിഷയം, ഉദ്ദേശം, സാഹചര്യം ഇവ മുന്നും നല്ലതാകുമ്പോൾ മാത്രമാണ്.

**വിഷയം:** ബോധപൂർവ്വം മനസ്സ് ഏതു കാര്യത്തിലേക്ക് നയിക്കുന്നുവോ അത്.

**ഉദ്ദേശം:** ലക്ഷ്യത്തിലേക്കുള്ള മനസ്സിന്റെ സഞ്ചാരം.

**സാഹചര്യം:** പ്രവർത്തി ചെയ്യുന്നതിനുള്ള ചുറ്റുപാടോ കാരണമോ.

- ധാർമ്മികമായ നല്ല പ്രവർത്തിയിലേക്ക് നയിക്കുമ്പോൾ വികാരങ്ങൾ നല്ലതും മറിച്ചാണെകിൽ മോശവുമാണ്. വികാരങ്ങളെയും അനുഭൂതികളെയും സുകൃതമാക്കി ഉയർത്താം ദുശീലമായി താഴ്ത്താം. ഇങ്ങനെ ദുശീലങ്ങളായി താഴ്ത്തുമ്പോഴാണ് അവ പാപമാകുന്നത്.

**മൊഡ്യൂൾ: 4**

**പ്രവർത്തനം: നമസ്കാരം എഴുതാം (30 മിനിറ്റ്)**

☐ മൂല പാപങ്ങളും അവയെക്കതിരായ പുണ്യങ്ങളും വ്യക്തിപരമായി എഴുതാൻ ആവശ്യപ്പെടുന്നു. വായിക്കുന്നു. തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തുന്നു

☐ തുടർന്ന് ടീച്ചർ, സുകൃതങ്ങൾ, വിവേകം, നീതി, മനോധൈര്യം, സംയമനം, മൂലപാപങ്ങൾ എന്നീ ലോട്ടുകൾ ഓരോ കുട്ടികൾക്കു നൽകുന്നു. ഉത്തരം കണ്ടെത്തി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം**
നന്മ ചെയുന്നത് ശീലമാക്കിയ മനോഭാവമാണ് സുകൃതങ്ങൾ. മൗലീക സുകൃതങ്ങൾ ഓരോന്നിന്റേയും നിർവചനം പുസ്തകത്തിൽ ഉള്ളത്.
മറ്റു പാപങ്ങളെ ജനിപ്പിക്കുന്നതും നമ്മുടെ ഉള്ളിൽ കുടികൊള്ളുന്നതുമായ പാപമാണ് മൂലപാപങ്ങൾ.

**തുടർപ്രവർത്തനം:**

വികാരങ്ങളെ സുകൃതങ്ങളാക്കി മാറ്റാൻ സാധിക്കാത്തതാണ് സാമൂഹ്യതിന്മകൾക്ക് കാരണം – അഭിപ്രായകുറിപ്പ് തയ്യാറാക്കുക


**ഓർമിച്ചെടുക്കാം**

- പാഠഭാഗത്തിൽ ആദ്യം മുതൽ പ്രതിപാദിച്ചതും, ക്ലാസ്സിൽ അവതരിപ്പിക്കപ്പെട്ടതുമായ ആശയങ്ങൾ ആകർഷകമായ രീതിയിൽ ഷോർട്ട് നോട്ടു കുറിക്കാൻ ആവശ്യപെടുന്നു, അല്ലെങ്കിൽ ഓർമിച്ചുപറയാൻ ആവശ്യപ്പെടുന്നു.



**എന്റെ ബോധ്യങ്ങൾ**

1. നന്മയുടേയും നീതിയുടേയും സാഹചര്യം ഉണ്ടാകാൻ നിയമം അനുസരിക്കണം.
2. ലക്ഷ്യം മാത്രമല്ല: മാർഗ്ഗവും നല്ലതായിരിക്കണം.
3. സുകൃതജീവിതം നയിക്കാൻ ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ ഞാൻ കടപ്പെട്ടിരിക്കുന്നു.



**ദൈവവചനം വായിക്കാം**

വി. മർക്കോസ് സുവിശേഷം

അദ്ധ്യായങ്ങൾ 1-5



**ഹൃദയം ദീപ്തമാക്കാം**

"മറ്റുള്ളവർ നിങ്ങൾക്കു ചെയ്ത് തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ, അതാണ് നിയമവും പ്രവാചകൻമാരും"

(മത്താ 7:12).



**എന്റെ തീരുമാനം**

ദൈവികനിയമത്തിന്റെ ധാർമ്മികതയിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള നിയമങ്ങൾ അനുസരിച്ച് ഞാൻ ജീവിക്കും.

### അദ്ധ്യായം 6

# ക്രിസ്തീയജീവിതം: പ്രാർത്ഥനാജീവിതം

## A. പാഠവിശകലനം

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലെ നാലാം സ്തംഭമായ പ്രാർത്ഥനയെ കേന്ദ്രീകരിച്ചാണ് പാഠത്തിലെ ആശയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. രണ്ട് മൊഡ്യൂളുകളായിട്ട് അവതരിപ്പിക്കാൻ കഴിയും.

**ലക്ഷ്യം:** എപ്പോഴും ദൈവത്തോടൊപ്പമായിരിക്കാൻ പ്രാർത്ഥനയിലൂടെയാണ് സാധിക്കുക; പ്രബോധനങ്ങളും അനുഷ്ഠാനങ്ങളും അർത്ഥപൂർണ്ണമാകുന്നതും പ്രാർത്ഥനയിലൂടെയാണെന്ന് തിരിച്ചറിഞ്ഞ് പ്രാർത്ഥനാജീവിതം നയിക്കാൻ പ്രാപ്തരാകുന്നു.

**ബോധ്യങ്ങൾ:**

1. പ്രാർത്ഥന കൂടാതെ ക്രിസ്തീയജീവിതം സാധ്യമല്ല.
2. വി. കുർബാനയാണ് പരമോന്നതമായ പ്രാർത്ഥന
3. വിവിധപ്രാർത്ഥനാരൂപങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും പ്രകാശിതമാകുന്നതാണ് ക്രിസ്തീയ പ്രാർത്ഥനകൾ.

**ശീലം:** എല്ലാ ദിവസവും കുടുംബ പ്രാർത്ഥനയിൽ പങ്കുചേരുന്നു; നിരന്തരം പ്രാർത്ഥിക്കുന്നു.

**റഫറൻസ്:** വി. ബൈബിൾ, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, യൂക്കാറ്റ്, നമസ്കാരങ്ങൾ, പാഠപുസ്തകം.

**പ്രധാനാശയങ്ങൾ**

1. പരി. ത്രിത്വ ദൈവത്തോടുള്ള ദൈവമക്കളുടെ വ്യക്തിപരവും സജ്ജീവവുമായ ബന്ധമാണ് ക്രിസ്തീയ പ്രാർത്ഥന.
2. പ്രാർത്ഥനയുടെ ആവശ്യകത.
3. ക്രിസ്തീയ പ്രാർത്ഥനയുടെ വിവിധ രൂപങ്ങൾ
4. പ്രാർത്ഥനയുടെ ഉറവിടങ്ങളും മനോഭാവങ്ങളും
5. പ്രാർത്ഥനയുടെ വിവിധ ആവിഷ്കാരങ്ങൾ
6. കർതൃ പ്രാർത്ഥനയുടെ പ്രാധാന്യം.

**പഠനോപകരണങ്ങൾ**

പ്രാർത്ഥനയുടെ ചിത്രങ്ങൾ, ചാർട്ട്, വചന കാർഡുകൾ മുതലായവ.

**വിശദമാക്കേണ്ട പദങ്ങൾ.**

ധ്യാനം, ധ്യാനയോഗ പ്രാർത്ഥന, നിത്യരക്ഷ ആവിഷ്കാരങ്ങൾ, പ്രത്യാശ, ഉപവാസം ദാനധർമ്മം.

ധ്യാനം, ധ്യാനയോഗ പ്രാർത്ഥന ഇവ പാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**പ്രത്യാശ:** മനുഷ്യന്റെ പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുകയും ഉറച്ച ആത്മവിശ്വാസത്തോടെ നന്മ പ്രതീക്ഷിക്കുകയും ചെയ്യുന്ന മനോഭാവം. (നിത്യജീവനും അതിന് അർഹത നേടാനുള്ള കൃപാവരങ്ങളും ലഭിക്കുമെന്ന ആത്മവിശ്വാസത്തോടെയുള്ള ഉറച്ച പ്രതീക്ഷയാണ് പ്രത്യാശയെന്ന ദൈവീക പുണ്യം CCC 1443)

**നിത്യരക്ഷ:** തന്റെ മരണവും ഉയിർപ്പും വഴി ഈശോ പൂർത്തിയാക്കിയ രക്ഷ (പാപത്തിൽ നിന്നുള്ള പൂർണ്ണമായ വിശുദ്ധീകരണം) പൂർണ്ണതയോടെ സ്വന്തമാക്കുന്നത്. (നിത്യരക്ഷയുടെ ഫലമാണ് നിത്യജീവൻ: ഈശോയോടുകൂടി എന്നേയ്ക്കുമുള്ള ജീവൻ CCC 1023-1026)

- പ്രായശ്ചിത്തത്തിന്റെ മൂന്ന് രൂപങ്ങളിൽ പ്രാർത്ഥന, ദാനധർമ്മം, ഉപവാസം: ഉൾപ്പെടുന്നു. തന്നോടും ദൈവത്തോടും മറ്റുള്ളവരോടുമുള്ള ബന്ധത്തിലെ മാനസാന്തരത്തെ വെളിപ്പെടുത്തുന്നു. (പ്രാർത്ഥന, ഉപവാസം, ദാനധർമ്മം) സാഹോദര്യപരമായ പങ്കുവെയ്ക്കലാണ് ദാനധർമ്മം.സ്വമേധയാ ഏറ്റെടുക്കുന്ന ആത്മപരിത്യാഗപ്രവർത്തികളാണ് ഉപവാസം (CCC 1434, 1438)

**റഫറൻസുകൾ**

ഈശോ പ്രാർത്ഥിച്ച സന്ദർഭങ്ങൾ: വി.മത്തായി 17/1-8
വി.യോഹ:11/38-44
വി.ലൂക്ക: 22/14-20 (CCC 2598 to 2606)
പ്രാർത്ഥന: CCC 2561
പ്രാർത്ഥനയുടെ രൂപങ്ങൾ.: CCC 2626 to 2643
പ്രാർത്ഥനയുടെ ഉറവിടങ്ങൾ: CCC 2652 to 2660
പ്രാർത്ഥനയുടെ ആവിഷ്കാരങ്ങൾ: CCC 2700 to 2711
പ്രാർത്ഥനയുടെ അംഗചേഷ്ടകൾ: യൂക്കാറ്റ് ചോദ്യം 486.

**B. പാഠാവതരണം.**

ആമുഖ പ്രാർത്ഥന: നിത്യമാം പ്രകാശമേ .. എന്ന ഗാനം /

**മൊഡ്യൂൾ 1 - സമയം 60 മിനുട്ട്.**

പ്രാർത്ഥനയിൽ കേട്ട ഗാനത്തെക്കുറിച്ചുള്ള ചോദ്യങ്ങളിലൂടെ പാഠഭാഗത്തേക്ക് പ്രവേശിക്കുന്നു.
ആരാണ് ഈ ഗാനം എഴുതിയത്?
ഗാനത്തിന്റെ ആശയമെന്ത്?
ഈ ഗാനത്തിൽ ഉൾച്ചേർന്നിരിക്കുന്ന മനോഭാവം എന്ത് ?

| |
|---|
| **ക്രോഡീകരണം:** (എന്തിന് പ്രാർത്ഥിക്കണം പേജ് 47, 6 പോയിന്റ്സ് ചേർക്കുക) |

കാർഡിനൽ ന്യൂമാൻ രചിച്ച പ്രാർത്ഥനാഗാനം

ഈശോ പ്രാർത്ഥിക്കുന്ന സന്ദർഭം എഴുതിയ ലോട്ട് നല്കി ബൈബിളിൽ ആ ഭാഗം കണ്ടെത്തുന്നു.

ഈശോ എന്തിനാണ് പ്രാർത്ഥിച്ചതെന്ന ചോദ്യം ചർച്ചക്ക് വെയ്ക്കുന്നു. പാഠപുസ്തകം പേജ് 46-ലെ ആശയവും 47-ലെ പ്രാർത്ഥനയുടെ നിർവചനങ്ങളും ക്രോഡീകരിക്കുന്നു.

നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? എപ്പോൾ എന്തിന്? ഈ ചോദ്യങ്ങൾ ഉന്നയിച്ച് പേജ് 47-ലെ ആശയം ക്രോഡീകരിക്കുന്നു.

ക്രിസ്തീയ പ്രാർത്ഥനയുടെ വിവിധ രൂപങ്ങളുടെ പേര് എഴുതിയ ലോട്ടുകൾ ഓരോ കുട്ടികൾക്കും നല്കി പുസ്തകത്തിൽ നിന്നും അവയുടെ ആശയം കണ്ടെത്തി പറയിപ്പിക്കുന്നു. ആവശ്യമായ വിശദീകരണങ്ങൾ നല്കി. വി.കുർബാനയാണ് പരമോന്നതമായ പ്രാർത്ഥന എന്നതിൽ അവസാനിപ്പിക്കുന്നു.

**തുടർ പ്രവർത്തനം ടീച്ചർ നല്കുന്നു.**

**ക്രോഡീകരണം**

**മൊഡ്യൂൾ 2 – 60 മിനുട്ട്**

**പാഠാവതരണം പ്രധാന ആശയങ്ങൾ**

CCC 2700/2708/2210 ഇവ ഒരോ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. മനസ്സിലായത് പങ്കുവെയ്ക്കാൻ ആവശ്യപ്പെടുന്നു. വാചകം/ ധ്യാനം/ ധ്യാനയോഗം എന്നീ പ്രാർത്ഥനയുടെ ആവിഷ്കാരങ്ങൾ ക്രോഡീകരിക്കുന്നു.

സ്വർഗ്ഗസ്ഥനായ പിതാവേ..... എന്ന പ്രാർത്ഥന ചൊല്ലിക്കുന്നു.

ആരു പഠിപ്പിച്ച പ്രാർത്ഥന?

എത്ര യാചനകൾ ഉണ്ട്?

മനോഭാവം എന്ത്?

എന്നീ ചോദ്യങ്ങളിലൂടെ ഉറവിടങ്ങളും മനോഭാവങ്ങളും ക്രോഡീകരിച്ച ചാർട്ട് പ്രദർശിപ്പിക്കുന്നു.

പാഠപുസ്തകത്തിൽ നല്കിയിരിക്കുന്ന മനോഭാവങ്ങൾ വായിപ്പിച്ച് ചേരുന്ന വചനങ്ങൾ ചാർട്ടിൽ എഴുതിക്കുന്നു.

കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം, പരിശുദ്ധാത്മാവിന്റെ സഹായം എന്നിവയും ടീച്ചർ ക്രോഡീകരിക്കുന്നു .


നമസ്കാര പുസ്തകം നല്കി പ്രധാന പുണ്യപ്രവർത്തികൾ പറയിപ്പിച്ച് വിശദീകരണം ചോദിക്കുന്നു. ഇതിലൂടെ ആദ്യ മൊഡ്യൂളിൽ പഠിപ്പിച്ച പ്രാർത്ഥനയുടെ നിർവചനം പറയിക്കുന്നു ഉപവാസം; ദാനധർമ്മം ടീച്ചർ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**
പ്രാർത്ഥനയുടെ അംഗചേഷ്ടകളുടെ അർത്ഥം. ചിത്രചാർട്ട് തയ്യാറാക്കാൻ തുടർപ്രവർത്തനം നല്കുന്നു



### എന്റെ ബോധ്യങ്ങൾ

1. പ്രാർത്ഥന കൂടാതെ ക്രിസ്തീയജീവിതം സാധ്യമല്ല.
2. വി. കുർബാനയാണ് പരമോന്നതമായ പ്രാർത്ഥന.
3. വിവിധ പ്രാർത്ഥനാരൂപങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും എന്റെ ക്രിസ്തീയജീവിതം പ്രകാശിതമാക്കാൻ കഴിയും.



### ദൈവവചനം വായിക്കാം

വി. മർക്കോസ് സുവിശേഷം
അദ്ധ്യായങ്ങൾ 6-10



### ഹൃദയം ദീപ്തമാക്കാം

"ചോദിക്കുവിൻ, നിങ്ങൾക്ക് ലഭിക്കും;
അന്വേഷിക്കുവിൻ,നിങ്ങൾ കണ്ടെത്തും;
മുട്ടുവിൻ, നിങ്ങൾക്ക് തുറന്ന് കിട്ടും" (മത്താ 7:7).



### എന്റെ തീരുമാനം

എത്ര ദൂരത്തായിരുന്നാലും കുടുംബപ്രാർത്ഥനയിൽ ഞാൻ പങ്കുചേരും. എല്ലാ ദിവസവും പ്രാർത്ഥിക്കും.

## അദ്ധ്യായം 7

# ക്രിസ്തീയ മന:സാക്ഷി

**ശ്രദ്ധിക്കുക ⇨ മൊഡ്യൂൾ 1-ലെ സെന്റ് തോമസ് മൂർ കുട്ടികൾക്ക് വായിക്കാൻ സൗകര്യം ഉണ്ടാക്കി കൊടുക്കണം**
**മൊഡ്യൂൾ 2 -ലെ പ്രോജക്റ്റ് കുട്ടികൾക്ക് തലേ ഞായറാഴ്ച പരിചയപ്പെടുത്തണം**
**ഈ പാഠഭാഗം ഒരു സെമിനാർ ആയി സംഘടിപ്പിക്കാവുന്നതാണ്**

**പാഠവിശകലനം**

ക്രിസ്തീയമന:സാക്ഷി എന്താണെന്നും ക്രിസ്തീയമന:സാക്ഷി എപ്രകാരം ഒരു വ്യക്തിയിൽ രൂപപ്പെടുത്തിയെടുക്കാമെന്നുമുള്ളതാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. ഓരോ ക്രൈസ്തവന്റെയും പ്രവൃത്തികളുടെ അടിസ്ഥാനം ക്രിസ്തീയമന:സാക്ഷി അനുസരിച്ചുള്ള നന്മയുടെ തീരുമാനങ്ങളാവണമെന്നും ഇതിൽ സഭയും കുടുംബവും സാമൂഹ്യ സമ്പർക്കമാദ്ധ്യമങ്ങളും സ്വാധീനം ചെലുത്തുന്നുണ്ടെന്നും ഈ പാഠം ഓർമ്മിപ്പിക്കുന്നു.

**ലക്ഷ്യം:** ഈശോയുടെ പ്രബോധനങ്ങൾക്കനുസരിച്ചുള്ള നന്മയുടെ തിരഞ്ഞെടുപ്പിലേക്ക് ജീവിതത്തിലെ ഓരോ നിമിഷവും കുട്ടിയെ പ്രാപ്തമാക്കുന്നു.

**ബോധ്യം:** ക്രൈസ്തവനായ എന്റെ ജീവിതം മുഴുവൻ ക്രിസ്തീയ മനഃസാക്ഷിയുടെ നിയമങ്ങൾക്കനുസരിച്ചായിരിക്കണം.

**ശീലം:** ജീവിതത്തിലെ ഓരോ അവസരത്തിലും ക്രിസ്തീയ മന:സാക്ഷിക്കനുസരിച്ചുള്ള തീരുമാനങ്ങളും തിരഞ്ഞെടുപ്പുകളും നടത്തുന്നു.

**റഫറൻസ്:** കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, യുക്യാറ്റ്, വിശുദ്ധ ബൈബിൾ, പാഠപുസ്തകം, രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി

**പ്രധാന ആശയങ്ങൾ:**

- നന്മയും തിന്മയും വിവേചിച്ചറിഞ്ഞ്, നന്മ തിരഞ്ഞെടുക്കുവാനും തിന്മ തള്ളിക്കളയുവാനും ഒരു വ്യക്തിയെ സഹായിക്കുന്നതിനായി അവന്റെയോ അവളുടെയോ ഉള്ളിലുള്ള ദൈവിക സ്വരമാണ് മന:സാക്ഷി.
- പല കാരണങ്ങൾ കൊണ്ട് മന:സാക്ഷിയുടെ സ്വരം തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ട് നമുക്ക് തെറ്റുപറ്റുവാൻ സാധ്യതയുണ്ട്.

- വ്യത്യസ്തതരം മനഃസാക്ഷികൾ ഉള്ളതിൽ നിന്ന് ധാർമ്മികമന:സാക്ഷി പ്രാപ്തമാവുന്നതിനായി ഓരോ ക്രൈസ്തവനും ശ്രമിക്കണം.
- ധാർമ്മിക മന:സാക്ഷി രൂപപ്പെടുത്തിയെടുക്കേണ്ട പ്രക്രിയയാണ്.
- നന്മതിന്മകളെക്കുറിച്ചുള്ള അറിവ്, സത്യത്തോടുള്ള തുറവി, വ്യക്തമായി തീരുമാനമെടുക്കാനുള്ള കഴിവ്, ഓരോ വ്യക്തിക്കും സ്വാതന്ത്ര്യത്തോടെ തീരുമാനമെടുക്കാനുള്ള കഴിവ്, പരോന്മുഖത, പ്രകൃത്യോന്മുഖത എന്നിവ ധാർമ്മിക മന:സാക്ഷി രൂപീകരണത്തിന് അത്യാവശ്യമാണ്.
- ധാർമ്മിക മനഃസാക്ഷിയിൽ നിന്ന് ക്രിസ്തീയമനഃസാക്ഷിയെ വേർതിരിക്കുന്ന ഈശോയുടെ മനോഭാവത്തോടെ മനഃസാക്ഷി രൂപീകരണം ഓരോ ക്രൈസ്തവനിലും നടക്കണം
- ഈശോമിശിഹായുടെ മനോഭാവങ്ങളും ദൈവവചനത്തിന്റെ മാർഗ്ഗദർശനവും പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായവും സഭാപ്രബോധനങ്ങൾക്കനുസരിച്ചുള്ള ജീവിതവും ക്രിസ്തീയമനഃസാക്ഷി രൂപീകരണത്തിന് അത്യാവശ്യമാണ്.
- ക്രൈസ്തവമനഃസാക്ഷിരൂപീകരണത്തിൽ മാതാപിതാക്കൾക്കും സഭാസമൂഹത്തിനും ഒഴിച്ചുകൂടാനാവാത്ത പങ്കുണ്ട്.
- ആധുനിക സാമൂഹ്യ സമ്പർക്കമാധ്യമങ്ങളെ ഉപയോഗിക്കുന്നതിൽ നാം വിവേകപൂർണവും വിവേചനപരവുമായ ശ്രദ്ധവയ്ക്കണം. ഇവ മന:സാക്ഷി രൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

**പഠനോപകരണങ്ങൾ**

വീഡിയോകൾ, ചിത്രങ്ങൾ, ചാർട്ടുകൾ, ഗെയിമുകൾ

**സാരാംശപദങ്ങൾ**

ക്രൈസ്തവ മനഃസാക്ഷി, ധാർമ്മിക മനഃസാക്ഷി, പാപകരമായ മനഃസാക്ഷി, ചഞ്ചലമനഃസാക്ഷി, സംശയമനഃസാക്ഷി, ലാഘവമനഃസാക്ഷി, ആർദ്രമനഃസാക്ഷി, തെറ്റായ മനഃസാക്ഷി, മരവിച്ച മനഃസാക്ഷി, പരോന്മുഖത, പ്രകൃത്യോന്മുഖത, ചാക്രിക ലേഖനങ്ങൾ, അപ്പസ്തോലിക പ്രബോധനം

**മൊഡ്യൂൾ 1**
**പാഠാവതരണം**
**ആമുഖ പ്രാർത്ഥന**

പാഠവിഷയവുമായി ബന്ധപ്പെട്ട് അദ്ധ്യാപകൻ /അദ്ധ്യാപിക പ്രാർത്ഥന നയിക്കുന്നു.

**ചർച്ച (മന:സാക്ഷി ആന്തരിക സ്വരം, മനസാക്ഷിയുടെ പ്രാധാന്യം)**

2015 ഫെബ്രുവരി 12-ന് രക്തസാക്ഷികളാക്കപ്പെട്ട കോപ്റ്റിക്ക് വിശുദ്ധരുടെ വിവരണം ചിത്രത്തിന്റെയോ, വീഡിയോയുടെയോ സഹായത്തോടെ ടീച്ചർ ക്ലാസ്സിൽ നടത്തുന്നു. തുടർന്ന് എസ്, എം. വൈ. എം. ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ ജീവിതവുമായുള്ള താരതമ്യം ചർച്ച ചെയ്യുവാൻ ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്നു. ഗ്രൂപ്പുകൾ ചർച്ചക്ക് ശേഷം കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

**ചർച്ചാ പോയിന്റുകൾ**

ഈ 21 പേർക്കും വി. തോമസ് മൂറിനും മരിക്കാതിരിക്കാൻ സാധ്യത ഉണ്ടായിരുന്നോ?

ഇവർക്ക് രണ്ട് കൂട്ടർക്കും സ്വന്തം ജീവൻ രക്ഷിക്കാനുള്ള സാധ്യത അവരെ വധിച്ചവർ നൽകിയിരുന്നോ?

ഇവർ രണ്ട് കൂട്ടരും തിരഞ്ഞെടുത്ത വഴിയിൽ സാമ്യം ഉണ്ടായിരുന്നോ?

എന്ത് കാരണത്താലായിരിക്കും അവർ മരണം തിരഞ്ഞെടുത്തത്?

നമ്മുടെ സമകാലിക ജീവിത സാഹചര്യങ്ങളിൽ, ക്രൈസ്തവവിശ്വാസത്തിനെതിരായി നടക്കുന്ന കാര്യങ്ങളിൽ (ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ, ആഫ്രിക്കൻ നാടുകളിൽ, യൂറോപ്പിലെ ചില സ്ഥലങ്ങളിൽ ) ഈ രണ്ട് സംഭവങ്ങളുമായി എന്ത് സാമ്യമാണുള്ളത്?

**സെന്റ് തോമസ് മൂർ**

ബ്രിട്ടനിലെ രാജാവായിരുന്ന ഹെന്റി എട്ടാമന്റെ ചാൻസലറായിരുന്ന ഉത്തമ കത്തോലിക്കാവിശ്വാസി. രാജാവ് തന്റെ ഭാര്യയായിരുന്ന കാതറിൻ രാജ്ഞിയുമായുള്ള വിവാഹബന്ധം വേർപെടുത്തി, ആൻ ബോളിൻ എന്ന സ്ത്രീയെ വിവാഹം ചെയ്യുവാൻ സഭ അനുവാദിക്കാതെ വന്നപ്പോൾ, ഹെന്റി ബ്രിട്ടനിലെ സഭയുടെ തലവനായി സ്വയം അവരോധിച്ചു. രാജാവിനെ ബ്രിട്ടനിലെ സഭയുടെ തലവനായി അംഗീകരിക്കാൻ കൂട്ടാക്കാതെ വന്നപ്പോൾ, തോമസ് മൂറിനെ ദേശദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. ജൂലൈ 6, 1535-ൽ ദേശദ്രോഹക്കുറ്റം ചുമത്തി വധശിക്ഷയ്ക്ക് വിധേയനാക്കി. മരിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു, ഞാൻ രാജാവിന്റെ വിശ്വസ്ത സേവകനായി മരിക്കുന്നു; എന്നാൽ, അതിലും മേലേ, ദൈവത്തിന്റെ വിശ്വസ്ത സേവകനായി. പതിനൊന്നാം പിയൂസ് മാർപ്പാപ്പ അദ്ദേഹത്തെ 1935-ൽ രക്തസാക്ഷിയായ വിശുദ്ധനായി നാമകരണം ചെയ്തു (NB: ഈ ഭാഗം കുട്ടികൾക്ക് വായിക്കാനായി മുൻകൂട്ടികൊടുക്കണം).

**ചർച്ചയുടെ ക്രോഡീകരണം**

ഈ 21 പേർക്കും വി. തോമസ് മൂറിനും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവവിശ്വാസത്തിനായി ജീവൻ നഷ്ടപ്പെടുന്ന ഓരോ വ്യക്തിക്കും സ്വന്തം ജീവൻ രക്ഷിക്കുവാനുള്ള മാർഗ്ഗം ഈശോയിലുള്ള വിശ്വാസവും സഭയോടുള്ള പ്രതിബദ്ധതയും ഉപേക്ഷിക്കുക എന്നതായിരുന്നു.

ഇവർ സ്വീകരിച്ച നിലപാട് സ്വന്തം ജീവൻ ത്യജിച്ച് പോലും വിശ്വാസത്തിൽ നിലനിൽക്കുക എന്നതാണ്

എന്ത് തള്ളണമെന്നും എന്ത് കൊള്ളണമെന്നും തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇവർക്ക് ഓരോരുത്തർക്കും ഉണ്ട്.

എന്ത് ചെയ്യണമെന്ന തീരുമാനമായി, എന്ത് ചെയ്യേണ്ട എന്ന മുന്നറിയിപ്പായി, ഇവരുടെ മനസ്സിൽ ഉയർന്ന സ്വരം ഇവർ സ്വീകരിച്ചു.

ഇതുപോലെ നമ്മുടെ ഉള്ളിലും മുഴങ്ങുന്ന സ്വരമാണ് മന:സാക്ഷി.

തുടർന്ന് ടീച്ചർ പാഠപുസ്തകത്തിലെ മന:സാക്ഷി ആന്തരിക സ്വരം എന്ന ഭാഗത്തെ പ്രധാനാശയങ്ങൾ ഇപ്പോൾ നടന്ന ചർച്ചയുമായി ബന്ധപ്പെട്ട് വിവരിക്കുന്നു.

**ഗെയിം: മിക്സ് മാച്ച് (മനഃസാക്ഷിയുടെ സ്വരം തെറ്റാൻ സാധ്യതയുണ്ടോ?)**

പഠനോപകരണങ്ങൾ: മൂല പാപങ്ങൾക്കെതിരായ പുണ്യങ്ങൾ എഴുതിയ കാർഡുകൾ രണ്ട് / നാല് സെറ്റുകൾ (ഓരോ ഗ്രൂപ്പിനും ഓരോ സെറ്റ്).

മൂല പാപങ്ങളുടെ പേരുകൾ (ഒരു സെറ്റ്)

1. നിഗളം (അഹങ്കാരം) - എളിമ (വിനയം)
2. ദ്രവ്യാഗ്രഹം - ഔദാര്യം
3. മോഹം (വിഷയാസക്തി) - അടക്കം
4. കോപം - ക്ഷമ
5. കൊതി - മിതഭോജനം
6. അസൂയ - ഉപവി (പരസ്നേഹം)
7. മടി - ഉത്സാഹം

ക്ലാസ്സിനെ രണ്ടോ നാലോ ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിന്റെ കൈയിലും മൂല പാപങ്ങൾക്കെതിരായ പുണ്യങ്ങളുടെ പേരുകൾ അടങ്ങിയ കാർഡുകളുടെ ഓരോ സെറ്റ് നൽകുന്നു. ഓരോ

കാർഡിലും ഏത് പുണ്യമാണെന്ന് നോക്കുവാൻ ഗ്രൂപ്പുകളെ അനുവദിക്കരുത്. ഈ കാർഡുകൾ ഓരോ ഗ്രൂപ്പിന്റെയും മുമ്പിലെ ഡെസ്കിൽ കമഴ്ത്തി വയ്ക്കുന്നു. ഈ ഗെയിമിന് മൂന്ന് ഘട്ടങ്ങൾ ഉണ്ട്.

ഗെയിമിന്റെ ആദ്യ ഘട്ടം: ആദ്യ ഘട്ടത്തിൽ ടീച്ചർ തന്റെ കൈയിലുള്ള കാർഡിൽ നിന്ന് ഒരു മൂല പാപം എടുത്ത് വായിക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങളുടെ മുമ്പിൽ കമഴ്ത്തി വച്ചിരിക്കുന്ന കാർഡിൽ നിന്ന് ഒരെണ്ണം എടുത്ത് ടീച്ചറിന്റെ അടുത്ത് എത്തുന്നു. ടീച്ചർവായിച്ച മൂലപാപത്തിന് എതിരായ പുണ്യം എത്തിച്ച ഗ്രൂപ്പിന് പോയിന്റ് (ശരിയാണെങ്കിൽ 10 പോയിന്റ്, തെറ്റാണെങ്കിൽ മൈനസ് 5 പോയിന്റ്) നൽകുന്നു. ഏഴ് മൂല പാപങ്ങളും ഇപ്രകാരം ടീച്ചർവായിക്കുകയും ഓരോ ഗ്രൂപ്പും അവരുടെ പ്രതികരണം നൽകുകയും ചെയ്യുന്നു. ഏഴെണ്ണവും പൂർത്തിയായിക്കഴിയുമ്പോൾ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച ഗ്രൂപ്പ് ഈ ഘട്ടത്തിൽ വിജയിച്ചതായി പ്രഖ്യാപിക്കുന്നു.

ഗെയിമിന്റെ രണ്ടാം ഘട്ടം: ഇവിടെ ടീച്ചർ ആദ്യ ഘട്ടത്തിലേതുപോലെ മൂലപാപങ്ങൾക്കെതിരായ പുണ്യങ്ങളുടെ പേരുകൾ അടങ്ങിയ കാർഡുകളുടെ ഓരോ സെറ്റ് ഓരോ ഗ്രൂപ്പിന്റെയും മുമ്പിൽ ഷഫിൾ ചെയ്ത് കമഴ്ത്തി വയ്ക്കുന്നു. ഗ്രൂപ്പുകൾക്ക് ഇത് ഓരോന്നും എന്താണെന്ന് വേർതിരിച്ചറിയാൻ അവസരം നൽകരുത്. ആദ്യ ഘട്ടത്തിലേതുപോലെ ടീച്ചർതന്റെ കൈയിലുള്ള മൂല പാപങ്ങളുടെ കാർഡുകളിൽ നിന്ന് ഒരെണ്ണം വായിക്കുന്നു. കമഴ്ത്തി വച്ച കാർഡുകളിൽ നിന്ന് ഓരോ ഗ്രൂപ്പും ഒരു കാർഡ് വീതം എടുക്കുന്നു. ഈ ഘട്ടത്തിൽ ഓരോ ഗ്രൂപ്പും എടുത്ത കാർഡ് ടീച്ചർ കൈയിൽ എത്തിക്കണോ വേണ്ടയോ എന്ന് ഗ്രൂപ്പിന് തീരുമാനിക്കാം. എത്തിക്കുകയാണെങ്കിൽ (അത് ശരിയാണെങ്കിൽ 10 പോയിന്റ്, തെറ്റാണെങ്കിൽ 5 പോയിന്റ്) ഇപ്രകാരം എല്ലാ കാർഡുകളും അവസാനിച്ച് കഴിഞ്ഞ് ഗ്രൂപ്പുകൾക്ക് ലഭിച്ച പോയിന്റ് പരിഗണിച്ച് ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച ഗ്രൂപ്പ് വിജയിച്ചതായി പ്രഖ്യാപിക്കുന്നു.

ഗെയിമിന്റെ മൂന്നാം ഘട്ടം: മുൻ ഘട്ടങ്ങളിലേതുപോലെ ഓരോ ഗ്രൂപ്പിനും പുണ്യങ്ങളുടെ കാർഡുകൾ നൽകുന്നു. ഈ പ്രാവശ്യം ഓരോ ഗ്രൂപ്പിനും അവ ഓരോന്നും എന്താണെന്ന് കാണാൻ പറ്റും. ടീച്ചർ വിളിച്ചു പറയുന്ന മൂല പാപങ്ങളുടെ പേരുകളോട് അനുബന്ധമായുള്ള പുണ്യം ഓരോ ഗ്രൂപ്പിന്റെ കൈയിലുള്ള കാർഡിൽ നിന്നും നോക്കി എടുത്ത് ആദ്യം ടീച്ചർ അടുത്ത് എത്തിക്കുന്ന ഗ്രൂപ്പുകൾക്ക് പോയിന്റ് നൽകുന്നു. തെറ്റാണെങ്കിൽ മൈനസ് നൽകുന്നു. ഇത് തുടരുകയും

എല്ലാ മൂല പാപങ്ങളുടെയും പേരുകൾ അവസാനിച്ച് കഴിയുമ്പോൾ ഏറ്റ വും കൂടുതൽ പോയിന്റ് ലഭിച്ച് ഗ്രൂപ്പ് വിജയിച്ചതായി പ്രഖ്യാപിക്കുന്നു (കുട്ടികൾക്ക് രണ്ടാമതൊരു കാർഡ് എടുക്കാൻ പറ്റുകയില്ല).

ഡിബ്രീഫിംഗ് (വിശദീകരണം): ആദ്യ ഘട്ടത്തിലെ മത്സരത്തിൽ ഗ്രൂപ്പുകൾക്ക് തങ്ങളുടെ കൈയിലുള്ള കാർഡിൽ എന്താണെന്ന് അറി യാൻ കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ ടീച്ചർ പറഞ്ഞ മൂല പാപങ്ങൾക്ക് എതിരായുള്ള കൃത്യമായ പുണ്യം നൽകാൻ കഴിയണമെന്നില്ല. എന്നാൽ, സാന്ദർഭികമായി ലഭിക്കാനും സാധ്യതയുണ്ട്. ഇവിടെ അറിയാത്തതാണ് കാരണം. അതുകൊണ്ട് തന്നെ പ്രതികരണം ശരിയാണോ, ചെയ്യുന്നത് ശരിയാണോ എന്ന് വസ്തുനിഷ്ഠമായി തീരുമാനിക്കാതെ ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ ഗ്രൂപ്പുകൾക്ക് ലഭിക്കുന്ന പുണ്യം കൃത്യമാണോ അല്ലയോ എന്ന് തീരുമാനിച്ച് പ്രതികരിക്കാം. എന്നാൽ, ഗ്രൂപ്പുകൾക്ക് ലഭിക്കുന്നത് കൃത്യമായ പുണ്യമാവണമെന്നില്ല. അതുകൊണ്ട് തന്നെ പ്രതികരണം ശരിയാവണമെന്നില്ല. ടീച്ചർ പറഞ്ഞ മൂല പാപത്തിനെ തിരായ പുണ്യം ഒരു പക്ഷെ ഗ്രൂപ്പിന്റെ മുമ്പിൽ മറഞ്ഞിരിക്കുന്നുണ്ടാ വാം. ഇത് ഭാഗികമായ അറിവിന്റെ തലമാണ്. മൂന്നാം ഘട്ടത്തിൽ ഓരോ ഗ്രൂപ്പിന്റെ കൈയിലും ഉള്ള പുണ്യങ്ങൾ എന്താണെന്ന് അറിയാൻ അവർക്ക് കഴിയും. അവരുടെ മുന്നറിവിന്റെ അടിസ്ഥാനത്തിൽ ഓരോ പാപത്തിനും കൃത്യമായ പുണ്യങ്ങളുമായി പ്രതികരിക്കുവാൻ അവർക്ക് സാധിക്കും. ഇവിടെ പൂർണ്ണമായ അറിവും, തിരിച്ചറിവും, ഈ അറിവി നനുബന്ധമായ കൃത്യമായ തിരഞ്ഞെടുപ്പും നടത്തുവാൻ സാധിക്കും. ഇവിടെയും അറിവ് ഇല്ലായെങ്കിൽ തിരഞ്ഞെടുപ്പ് കൃത്യമാവില്ല.

മന:സാക്ഷിയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഈ ഗെയിം വളരെ പ്രസക്തമാണ്. ഈ ഗെയിമിന്റെ ആദ്യ ഘട്ടം മന:സാക്ഷിയുടെ ശരിയായ രൂപീകരണം നടക്കാത്ത വ്യക്തികളുടെ സൂചനയാണ്. അവ ർക്ക് അറിയില്ല എന്താണ് ശരിയായ പ്രതികരണമെന്ന്. ഈ അറിവില്ലാ യ്മ ശരിയായ മനഃസാക്ഷിരൂപീകരണത്തിൽ വലിയൊരു തടസ്സമാണ്. രണ്ടാം ഘട്ടം ശരിയായ രൂപീകരണം ലഭിക്കാത്ത മന:സാക്ഷിയുടെ ഉദാഹരണമാണ്. ഗെയിമിൽ ലഭിക്കുന്ന പുണ്യം വച്ച് പ്രതികരിക്കണോ വേണ്ടയോ എന്ന് ഗ്രൂപ്പുകൾക്ക് തീരുമാനിക്കാം. എന്നാൽ അവർക്ക് ലഭിച്ച പുണ്യം കൃത്യമാവണമെന്നില്ല. ശരിയായ പുണ്യം അപ്പോഴും മറ ഞ്ഞിരിക്കാം. ഇത് നമ്മെ കാണിക്കുന്നത് രൂപീകരണത്തിന്റെ കുറവിനെ യാണ്. ഇവിടെയും ചില ഗ്രൂപ്പുകൾക്ക് തെറ്റാം. അവർക്ക് ലഭിച്ച പുണ്യം കൊണ്ടുപോയി (അത് യോജിക്കുന്നതല്ലെങ്കിലും) ടീച്ചർനൽകാം. ചില സന്ദർഭങ്ങളിൽ നമ്മുടെ പ്രതികരണം ശരിയാണോ എന്നറിയില്ലെങ്കിലും,

അത് തെറ്റാണെന്ന് അറിയാമെങ്കിലും അത് ചെയ്യുന്നു. പലപ്പോഴും പെട്ടെന്നുള്ള വികാരവും സ്വാർത്ഥതയും ഇതിന് കാരണമാവാം. ചില സന്ദർഭങ്ങളിൽ, ചിലരുടെ സ്വാധീനവും ഇതിന് കാരണമാവാം. ഗ്രൂപ്പിൽ അറിവില്ലാത്ത ഒരാളുടെ തീരുമാനത്തിനനുസരിച്ച് പ്രവർത്തിച്ചാൽ, പ്രതികരണം തെറ്റാം.

**ഗെയിമിന്റെ ക്രോഡീകരണം:**

മനഃസാക്ഷിയുടെ സ്വരം തെറ്റാൻ സാധ്യതയുണ്ട്.

ശരിയായ രൂപീകരണം ലഭിച്ചിട്ടില്ലെങ്കിൽ, ലഭിച്ച രൂപീകരണം തെറ്റെങ്കിൽ, മനഃസാക്ഷിയുടെ സ്വരം തെറ്റാം

മനഃസാക്ഷിയുടെ രൂപീകരണം തെറ്റാം: സ്വാർത്ഥത കാരണം, പെട്ടെന്നുള്ള വികാരം കാരണം, മറ്റുള്ളവരുടെ സ്വാധീനം കൊണ്ട്, ശരിയെന്ത്, തെറ്റെന്ത് എന്ന അറിവിന്റെ അഭാവത്തിൽ.

**തരം തിരിക്കാം കണ്ടെത്താം** (തിരിച്ചറിവുകളിലേക്ക് ചില ചോദ്യങ്ങൾ; വിവിധ തരം മനഃസാക്ഷികൾ)

കുട്ടികളെ അൽപ്പം അകത്തി ഇരുത്തുക. സാധ്യതയുണ്ടെങ്കിൽ നിർദേശങ്ങൾ നൽകിയതിനുശേഷം അല്പസമയം അവരെ വെളിയിലേക്ക് ഇറക്കിവിടാവുന്നതാണ്. പുസ്തകത്തിൽ നൽകിയിരിക്കുന്ന ഒൻപത് പ്രസ്താവനകളും സ്വയം വായിച്ച് തന്റെ കാര്യത്തിൽ പ്രസക്തമായവ തിരിച്ചറിയുക. ഇത് അവരെ ഗ്രേഡ് ചെയ്യാനോ, കുറ്റം വിധിക്കാനോ ഉള്ളതല്ല എന്ന് പറയണം. ഈ പ്രസ്താവനകളിൽ എല്ലാം തന്നെ ഒരാളിൽ കണ്ടാൽ അതിനും സാധ്യത ഉണ്ടെന്ന് പറയണം. സ്വയം തിരിച്ചറിവുണ്ടാവുകയാണ് ഈ പ്രവർത്തനത്തിന്റെ കാതൽ എന്ന് ഓർമ്മിപ്പിക്കുക. അഞ്ച് മിനിറ്റിനുശേഷം കുട്ടികളെ വീണ്ടും ഒരുമിച്ച് കൊണ്ടുവന്ന് ഗ്രൂപ്പുകളായി ക്രമീകരിക്കുക.

അതിനുശേഷം വിവിധ തരം മന:സാക്ഷികളെ ചാർട്ടിന്റെയോ, സ്ലൈഡിന്റെയോ സഹായത്തോടെ ടീച്ചർ വിവരിക്കുന്നു. തുടർന്ന് ഗ്രൂപ്പുകൾക്ക് 5 മിനിറ്റ് സമയം നൽകുന്നു. മുമ്പ് ചെയ്ത തിരിച്ചറിവുകളിലേക്ക് ചില ചോദ്യങ്ങൾ എന്ന ഭാഗത്ത് നൽകിയിരുന്ന ഒൻപത് പ്രസ്താവനകളിൽ ഓരോ പ്രസ്താവനയും ഏത് തരം മന:സാക്ഷിയോട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ കുട്ടികൾക്ക് കണ്ടെത്താൻ നൽകുക. ഇതിനായി 5 മിനിറ്റ് നൽകാം. അതിനുശേഷം ഓരോ ഗ്രൂപ്പും തങ്ങളുടെ കണ്ടെത്തലുകൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കണം. ടീച്ചറുടെ കൂട്ടിച്ചേർക്കലുകൾ വേണമെങ്കിൽ അത് ഗ്രൂപ്പുകളുടെ അവതരണത്തിനു

ശേഷം നൽകണം. കുട്ടികൾ വ്യക്തിപരമായി ചിന്തിച്ച പ്രസ്താവനകളു മായി ബന്ധപ്പെട്ട മനഃസാക്ഷി തിരിച്ചറിയാൻ ടീച്ചർ സൂചന നൽകണം.

പ്രവർത്തനത്തിന്റെ ക്രോഡീകരണം: മനുഷ്യവ്യക്തികളെന്ന നിലയിൽ, വിവിധ സാഹചര്യങ്ങളിൽ, ധാർമ്മിക മനഃസാക്ഷിയോ, പാപകരമായ മനഃസാക്ഷിയോ, ചഞ്ചലമനഃസാക്ഷിയോ, സംശയമനഃസാക്ഷിയോ, ലാഘവ മനഃസാക്ഷിയോ, ആർദ്രമനഃസാക്ഷിയോ, തെറ്റായ മനഃ സാക്ഷിയോ, മരവിച്ച മനഃസാക്ഷിയോ പ്രവർത്തിക്കുന്നുണ്ട്. ഇവ യിൽ ഏറ്റവും ശ്രേഷ്ഠമായത് ധാർമ്മിക മനഃസാക്ഷിയാണ്. ഒരു മനു ഷ്യവ്യക്തി ചെയ്യാൻ പോകുന്നതോ, ചെയ്തുകൊണ്ടിരിക്കുന്നതോ ആയ വസ്തുനിഷ്ഠമായ ഒരു പ്രവർത്തിയുടെ ധാർമ്മികഗുണത്തെ തിരിച്ചറിയുന്ന യുക്തിയുടെ വിധിതീർപ്പാണ് ധാർമ്മിക മനഃസാക്ഷി (CCC 1778 ). ക്രൈസ്തവരെന്ന നിലയിൽ ധാർമ്മിക മനഃസാക്ഷി പ്രാപ്ത മാക്കുവാൻ നാം ശ്രമിക്കണം.

**ബ്രെയിൻ സ്റ്റോമിംഗ് (ധാർമിക മനഃസാക്ഷിരൂപീകരണത്തിന്റെ ആവശ്യകത)**

മേൽപ്പറഞ്ഞ വിഷയങ്ങളൂടെ (മനഃസാക്ഷിയുടെ സ്വരം തെറ്റാൻ സാധ്യതയുണ്ടോ, വിവിധ തരം മനഃസാക്ഷികൾ, തിരിച്ചറിവുക ളിലേക്ക് ചില ചോദ്യങ്ങൾ) അടിസ്ഥാനത്തിൽ ക്ലാസ്സ് പൊതുവെ ചർച്ച ചെയ്യുന്നു.

**ബ്രെയിൻ സ്റ്റോമിംഗ് ഘട്ടങ്ങൾ**

- ടീച്ചർ ചോദ്യം ക്ലാസ്സിന് പൊതുവായി നൽകുന്നു: ധാർമിക മന:സാ ക്ഷിരൂപീകരണത്തിന്റെ ആവശ്യകതയുണ്ടോ?
- കുട്ടികളെ ഗ്രൂപ്പടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു.
- ബ്രെയിൻ സ്റ്റോമിംഗിന്റെ നിയമങ്ങൾ ടീച്ചർ പറയുന്നു: വിഷയവു മായി ബന്ധപ്പെട്ട ഏത് ആശയവും പറയാം (ആശയങ്ങൾ പറയു ന്നയാളുടെ ഗ്രൂപ്പിന് പോയിന്റുകൾ പ്രഖ്യാപിക്കാം); ഒരു കുട്ടി ആശയങ്ങൾ പറയുമ്പോൾ വിലയിരുത്തലോ കമന്റുകളോ പാടില്ല; കൂടുതൽ എണ്ണം ആശയങ്ങൾ വരട്ടെ; ആശയങ്ങൾ വ്യത്യസ്തമായി ആവർത്തിക്കുന്നത് പ്രശ്നമല്ല;
- ഈ വിഷയം ചിന്തിക്കുവാൻ ഒരു മിനിറ്റ് സമയം നൽകുന്നു
- കുട്ടികളിൽ നിന്ന് ഒരാളെ എഴുതുവാൻ വോളണ്ടിയറായി നിയമിക്കു ന്നു. (ഫ്ളിപ്പ് ചാർട്ടോ, ബ്ലാക്ക് ബോർഡോ, വൈറ്റ് ബോർഡോ എഴു തുവാൻ ഉപയോഗിക്കാം).

- ബ്രെയിൻ സ്റ്റോമിംഗ് ആരംഭിക്കുക
- ആശയങ്ങൾക്ക് നമ്പരിടുക. സമാനമായ ആശയങ്ങൾ വരുന്നത് ഒരു നമ്പരിന്റെ കീഴിൽ എഴുതുക
- ആശയങ്ങളുടെ ഒഴുക്ക് കുറയുമ്പോൾ, അവസാന ആശയങ്ങൾക്ക് സമയം നൽകുക. ആശയങ്ങളെഴുതുവാൻ വോളണ്ടിയർ ആയ കുട്ടിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും ആശയം ഉണ്ടെങ്കിൽ അവസരം നൽകുക.
- ഏതെങ്കിലും ആശയങ്ങൾക്ക് ക്ലാരിഫിക്കേഷൻ വേണമെങ്കിൽ ആവശ്യപ്പെടാം. തുടർന്ന് ലഭിച്ച ആശയങ്ങൾ പൊതുവായി വിമർശന വിധേയമാക്കുന്നു.

**ക്രോഡീകരണം:**

മനഃസാക്ഷിയുടെ തീരുമാനങ്ങൾ തെറ്റുവാൻ സാധ്യതയുണ്ട്. നന്മയ്ക്ക് അനുകൂലമായി തീരുമാനമെടുക്കുവാൻ മനസ്സിന് പരിശീലനം വേണം. ഒരു വ്യക്തിയിൽത്തന്നെ ധാർമ്മിക മനഃസാക്ഷിയിൽ നിന്ന് വ്യത്യസ്തമായ മനഃസാക്ഷികൾ ഉണ്ടാവാം. ഒരു വ്യക്തിയിലെ സ്വാർത്ഥതയും, പെട്ടെന്നുള്ള വികാരങ്ങളും മറ്റുള്ളവരുടെ സ്വാധീനങ്ങളും നന്മക്കനുകൂലമായി തീരുമാനമെടുക്കുന്നതിൽ നിന്ന് ആ വ്യക്തിയെ തടയാം. നിരന്തരം ധാർമ്മിക മനഃസാക്ഷിയുടെ തീരുമാനങ്ങൾക്കനുസരിച്ച് തീരുമാനങ്ങളെടുത്ത് പ്രവർത്തിക്കുന്ന വ്യക്തിയിൽ ധാർമ്മിക മന:സാക്ഷിരൂപീകരണം നടക്കുന്നു.

ബ്രെയിൻ സ്റ്റോമിംഗിൽ നിന്ന് പ്രവർത്തിയിലേക്ക് (ധാർമ്മിക മന:സാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ)

## തുടർ പ്രവർത്തനം

ടീച്ചർ ചാർട്ടിന്റെയോ, പ്രസന്റേഷൻ സ്ലൈഡിന്റെയോ സഹായത്തോടെ ധാർമ്മിക മനഃസാക്ഷിരൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുന്നു.

ധാർമ്മിക മനഃസാക്ഷിരൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- നന്മ തിന്മകളേക്കുറിച്ച് അറിവ് നേടണം
- സത്യത്തോട് തുറവിയുണ്ടാവണം
- വ്യക്തമായ തീരുമാനമെടുക്കണം
- സ്വാതന്ത്ര്യം സംരക്ഷിക്കണം

- പരോന്മുഖമായിരിക്കണം
- പ്രകൃതോന്മുഖമായിരിക്കണം

**മൊഡ്യൂൾ 2**

**ഗെയിം: കതിരും പതിരും (എന്തുകൊണ്ട് ക്രിസ്തീയ മനഃസാക്ഷി ?)**

ടീച്ചർ ഓരോ ഗ്രൂപ്പിനും പാഠപുസ്തകത്തിലെ എന്തുകൊണ്ട് ക്രിസ്തീയ മനഃസാക്ഷി? എന്ന ഭാഗത്ത് പട്ടികയിൽ, ധാർമ്മിക മന:സാക്ഷിയെയും ക്രിസ്തീയ മനഃസാക്ഷിയെയും വേർതിരിക്കാൻ നൽകിയിരിക്കുന്ന എട്ട് പോയിന്റുകൾ (ഓരോ പോയിന്റും ഓരോ ചീട്ടിൽ) ഒരുമിച്ച് ഓരോ ഗ്രൂപ്പിനും നൽകുന്നു. തുടർന്ന് പ്രസ്തുത പോയിന്റുകൾ രണ്ട് ഗ്രൂപ്പുകളാക്കുവാൻ രണ്ട് മിനിറ്റ് നൽകുന്നു. ഈ സമയത്ത് പാഠപുസ്തകം ഉപയോഗിക്കുവാൻ അനുവദിക്കരുത്. രണ്ട് മിനിറ്റിനു ശേഷം ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടികൾ വീതം തങ്ങളുടെ ഗ്രൂപ്പിൽ നിന്നും വേർതിരിച്ച ചീട്ടുകൾ എപ്രകാരമെന്ന് പൊതുവായി പങ്ക് വയ്ക്കുന്നു. ഓരോ ഗ്രൂപ്പും പങ്കുവയ്ക്കുമ്പോൾ മറ്റുള്ളവർക്ക് ഈ തിരഞ്ഞെടുപ്പിൽ അഭിപ്രായവ്യത്യാസമുള്ളത് പ്രകടിപ്പിക്കാം. തർക്കമുണ്ടാവുമ്പോൾ ടീച്ചർ (പാഠപുസ്തകത്തിലെ പോയിന്റിന്റെ അടിസ്ഥാനത്തിൽ) ഇടപെടുക. എല്ലാ ഗ്രൂപ്പുകളുടെയും പ്രസന്റേഷൻ അവസാനിച്ച് കഴിയുമ്പോൾ, കൃത്യമായി അവതരിപ്പിച്ച ഗ്രൂപ്പിന് പോയിന്റ് നൽകുക.

**ഡിബ്രീഫിംഗ് (വിശദീകരണം)**

ക്രിസ്തീയ പ്രബോധനങ്ങൾക്കനുസരിച്ച് രൂപീകരിക്കപ്പെടുന്ന ധാർമ്മിക മനഃസാക്ഷിയാണ് ക്രിസ്തീയ മനഃസാക്ഷി. പ്രവർത്തിയിൽ നാം അനുകരിക്കുന്ന ഈശോയുടെ ശൈലിയാണ് ഈ വ്യത്യാസത്തിന്റെ കാതൽ എന്ന് ഈ വേർതിരിക്കൽ പ്രക്രിയയിലൂടെ മനസ്സിലാക്കുന്നു. നന്മ ചെയ്യുക എന്നതിലല്ല, മറിച്ച്, ഈശോയുടെ പ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും അടിസ്ഥാനമാക്കിയ നന്മ ഈശോയുടെ ശൈലിയിൽ വ്യാഖ്യാനിക്കപ്പെട്ട് നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതാണ് ക്രിസ്തീയമനഃസാക്ഷി.

തുടർന്ന് ചാർട്ടിന്റെയോ, പ്രസന്റേഷൻ സ്ലൈഡിന്റെയോ സഹായത്തോടെ ക്രിസ്തീയ മനഃസാക്ഷി അടിസ്ഥാനമാക്കുന്ന ഈശോയുടെ ശൈലി എന്താണെന്നും ഇപ്രകാരം ക്രിസ്തീയമനഃസാക്ഷി രൂപീകരണത്തിൽ നമ്മെ സഹായിക്കുന്ന ഘടകങ്ങൾ എന്താണെന്നും ടീച്ചർ വിശദീകരിക്കുന്നു.

**ക്രിസ്തീയമനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമായ ഘടകങ്ങൾ**

- ഈശോമിശിഹ
- ദൈവവചനം
- പരിശുദ്ധാത്മാവ്
- സഭാപ്രബോധനങ്ങൾ

**ക്രൈസ്തവമനഃസാക്ഷിരൂപീകരണത്തിനുള്ള പ്രധാന സഭാപ്രബോധനങ്ങൾ**

- തിരുസഭയുടെ കല്പനകൾ
- രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനരേഖകൾ
- കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം
- വിവിധവിഷയങ്ങളെക്കുറിച്ച് മാർപാപ്പാമാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചാക്രിക ലേഖനങ്ങൾ
- അപ്പസ്തോലിക പ്രബോധനങ്ങൾ
- സീറോ മലബാർ സഭാ സിനഡ് പ്രബോധനങ്ങൾ

**പൊതു ചർച്ച:** എന്റെ മാതാപിതാക്കളിൽ നിന്ന് എനിക്ക് ലഭിച്ചത് (ക്രൈസ്തവ മന:സാക്ഷിരൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്)

തന്റെ മാതാപിതാക്കളിൽ നിന്ന് എന്തൊക്കെ തനിക്ക് ലഭിച്ചു (ശരീര പ്രകൃതി, സംസാര രീതി, വിശ്വാസം, പ്രവർത്തന രീതികൾ, മനോഭാവങ്ങൾ, സ്വഭാവ രീതികൾ, സമ്പത്ത് മുതലായവ) എന്ന് പറഞ്ഞ് ക്ലാസ്സിനെ പൊതുവായ ചർച്ചയിലേക്ക് ടീച്ചർ നയിക്കുന്നു. തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് അവർ സ്വീകരിച്ചിരിക്കുന്ന കാര്യങ്ങളെ പങ്കുവയ്ക്കാൻ ഓരോ കുട്ടിയെയും ടീച്ചർ പ്രോത്സാഹിപ്പിക്കുന്നു.

**ചർച്ചയുടെ ക്രോഡീകരണം:**

മാതാപിതാക്കളുടെ വാക്കുകളും പെരുമാറ്റരീതികളും സ്വഭാവവും ധാർമ്മിക മൂല്യങ്ങളും മക്കൾ അനുകരിക്കും. ഒരു വ്യക്തിയുടെ മന:സാക്ഷി രൂപീകരണത്തിൽ മാതാപിതാക്കൾക്ക് പകരം വയ്ക്കാനാവാത്ത പങ്കുണ്ട്. ഭാവിയിൽ മാതാപിതാക്കളാവേണ്ടവരാണ് തങ്ങളെന്ന ബോധവും കുട്ടികൾക്ക് നൽകുന്നു. അതുകൊണ്ട് തന്നെ അവരുടെ ചിന്തയും വാക്കും പ്രവൃത്തിയും ഈശോയുടെ ശൈലിക്കനുസൃതമാവണമെന്നും ഓർമ്മിപ്പിക്കുന്നു.

**പ്രോജക്റ്റ് :** ക്രൈസ്തവ മനഃസാക്ഷിരൂപീകരണത്തിന് എന്റെ ഇടവകയിലെ എസ്. എം. വൈ. എം (ക്രൈസ്തവ മനഃസാക്ഷിരൂപീകരണത്തിൽ സഭാസമൂഹത്തിന്റെ പങ്ക്)

തലേ ഞായറാഴ്ച തന്നെ ഈ വിഷയം ഗ്രൂപ്പുകൾക്ക് നൽകണം. ഇതിനേക്കുറിച്ച് ആലോചിക്കുവാൻ 10 മിനിറ്റെങ്കിലും ക്ലാസ്സിൽ ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുക. തുടർന്ന് അടുത്ത ആഴ്ച വരുമ്പോൾ ഈ പ്രോജക്ട് റിപ്പോർട്ട് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുക. ഡയറക്ടറച്ചന്റെയും എസ്. എം. വൈ. എം ഭാരവാഹികളുടെയും സാന്നിദ്ധ്യം പ്രോജക്റ്റ് പ്രസന്റേഷൻ അവസരത്തിൽ ഉണ്ടാവുന്നത് വളരെ നല്ലതാണ്. പ്രോജക്റ്റ് വിശദമായി തയ്യാറാക്കുകയും അവതരണത്തിനായി പ്രോജക്റ്റ് റിപ്പോർട്ടിന്റെ കാതലായ ഭാഗങ്ങൾ മാത്രം തിരഞ്ഞെടുക്കുകയും ചെയ്യുക.

താഴെ നൽകിയിരിക്കുന്ന ഒരു പൊതു ഫോർമാറ്റ് പ്രോജക്റ്റ് റിപ്പോർട്ടിന് നൽകുന്നത് ഉത്തമമായിരിക്കും.

പ്രോജക്റ്റ് റിപ്പോർട്ടിന്റെ സാമ്പിൾ ഫോർമാറ്റ്

- ആമുഖം
- ക്രിസ്തീയമന:സാക്ഷി രൂപീകരണത്തിൽ സഭാസംഘടനകളുടെ പ്രസക്തി
- ക്രിസ്തീയമന:സാക്ഷി രൂപീകരണത്തിൽ എസ്. എം. വൈ. എംന്റെ കാലിക പ്രവർത്തനങ്ങൾ ഒരു വിലയിരുത്തൽ
- ക്രിസ്തീയമന:സാക്ഷിരൂപീകരണത്തിൽ എന്റെ ഇടവകയിലെ എസ്. എം. വൈ. എം ഒരു നയരേഖ
- ഉപസംഹാരം

തുടർന്ന് ഗ്രൂപ്പുകൾ അവതരിപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ടിനേക്കുറിച്ചുള്ള പൊതു ചർച്ച നടക്കുന്നു. ഡയറക്ടറച്ചനും ഭാരവാഹികളും ഉണ്ടെങ്കിൽ അവരുടെ അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നു.

**ക്രോഡീകരണം**

ഇടവക സമൂഹത്തിന് ക്രൈസ്തവമനഃസാക്ഷിരൂപീകരണത്തിൽ വളരെ വലിയ പങ്കുണ്ട്. ക്രൈസ്തവമനഃസാക്ഷി രൂപീകരണത്തിന് ഒരു വ്യക്തിക്ക് നല്ല കത്തോലിക്കാ കൂട്ടുകാർ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇത് ചെയ്യാൻ എസ്. എം. വൈ. എം–ന് കഴിയും. യുവജനങ്ങളുടെ ക്രിസ്തീയ മന:സാക്ഷിരൂപീകരണത്തിൽ എസ്. എം. വൈ. എം–ന് വലിയ പങ്ക് വഹിക്കാൻ കഴിയും. യുവജനങ്ങൾ ഇടവകയുടെയും എസ്. എം. വൈ. എം–ന്റെയും പ്രവർത്തനങ്ങളിൽ പങ്കാളികളാവണം.

**വീഡിയോ & ചർച്ച : (ക്രൈസ്തവ മനഃസാക്ഷി രൂപീകരണത്തിൽ മാദ്ധ്യമങ്ങളുടെ പങ്ക്)**

https://www.youtube.com/watch?v=Lw-YPKR0grk

കുട്ടികളെ വീഡിയോ കാണിക്കുന്നു. ടീച്ചർ എപ്രകാരം ഈ വീഡിയോ അവതരിപ്പിക്കുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഇത് ഏകാഗ്രതയുടെ ഒരു ടെസ്റ്റ് ആണെന്ന് പറയുന്നു. രണ്ട് തരം കളിക്കാർ ഈ വീഡിയോയിൽ ഉണ്ട്. കറുത്ത ജഴ്സി അണിഞ്ഞ കളിക്കാരും വെളുത്ത ജഴ്സി അണിഞ്ഞ കളിക്കാരും ഫുട്ബോൾ പാസ് ചെയ്യുന്ന വീഡിയോ ആണ് കാണാൻ പോവുന്നത്. ഇതിൽ വെളുത്ത ജഴ്സി അണിഞ്ഞ കളിക്കാർ എത്ര പ്രാവശ്യം ബോൾ പാസ് ചെയ്യുന്നു എന്ന് കണ്ടെത്തണം. അതുകൊണ്ട് തന്നെ ഓരോരുത്തരും വെളുത്ത ജഴ്സി അണിഞ്ഞ് കളിക്കാരിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണം. അവരെ മാത്രമേ ശ്രദ്ധിക്കാവൂ. കറുത്ത ജഴ്സി അണിഞ്ഞ കളിക്കാരെ ശ്രദ്ധിക്കുക പോലും ചെയ്യരുത്. ഇപ്രകാരം കുട്ടികളുടെ ശ്രദ്ധ മുഴുവൻ വെളുത്ത ജഴ്സി അണിഞ്ഞവരിൽ കേന്ദ്രീകരിക്കണം. തുടർന്ന് വീഡിയോ ആരംഭിക്കുക. തുടർന്ന് ചോദ്യം വരുന്ന ഭാഗത്ത് വീഡിയോ നിർത്തിവയ്ക്കുക. തുടർന്ന് കുട്ടികളുടെ ഉത്തരങ്ങൾ കേൾക്കുക. പലരും പല ഉത്തരങ്ങളും പറയുവാൻ സാധ്യത ഉണ്ട്. ശരിയായ ഉത്തരം 12 ആണ്. തുടർന്ന് അവരോട് ചോദിക്കുക: നിങ്ങളിൽ എത്രപേർ ഈ കളിക്കിടയിൽ കഴുത്തിൽ കുടുക്കുമായി കറുത്ത വസ്ത്രം ധരിച്ച ഒരാൾ കടന്നു പോവുന്നത് കണ്ടു?. ഭൂരിഭാഗം പേരും കാണുവാൻ സാധ്യത ഇല്ല. എന്നാൽ വെളുത്ത ജഴ്സിക്കാരിൽ ശ്രദ്ധ കേന്ദ്രീകരിക്കാത്ത ചിലർ അത് കാണുവാൻ സാധ്യതയും ഉണ്ട്. തുടർന്ന് ഒരിക്കൽ കൂടി വീഡിയോ കാണിക്കുക. കറുത്ത വസ്ത്രം ധരിച്ച് കഴുത്തിൽ കുടുക്കുമായി ഒരാൾ കടന്നുപോവുന്നത് കാണാം. കൃത്യ ഉത്തരം (12 എന്ന ഉത്തരം) പറഞ്ഞവരെ അനുമോദിക്കുക.

**ഡിബ്രീഫിംഗ്:**

ഇവിടെ ടീച്ചറിന്റെ ലക്ഷ്യം കുട്ടികളുടെ ശ്രദ്ധ അളക്കുകയോ, ഏകാഗ്രത പരിശോധിക്കുകയോ അല്ല. മറിച്ച്, കഴുത്തിൽ കുടുക്കിട്ട കറുത്ത വസ്ത്രം ധരിച്ച ആളെ, കുട്ടികളുടെ ആരുടെയും ശ്രദ്ധയിൽ പെടാതെ അവരുടെ മുമ്പിൽ കൂടിത്തന്നെ കടത്തിക്കൊണ്ട് പോവുക എന്നതാണ്. അതിനായി ടീച്ചർ ചെയ്യുന്നത് ഇതുമായി ഒരു ബന്ധവും ഇല്ലാത്തതും എന്നാൽ കുട്ടികൾക്ക് ഇഷ്ടമുള്ളതുമായ ഒരു കാര്യത്തിലേക്ക് (ഫുട്ബോൾ കളി) അവരുടെ ശ്രദ്ധയെ മുഴുവൻ തളച്ചിട്ടു. അതിനുശേഷം തനിക്ക് ആവശ്യമുള്ള കാര്യം നടത്തിയെടുക്കുകയും ചെയ്തു. മാധ്യമങ്ങളിലൂടെ തൽപ്പരകക്ഷികൾ ഇപ്പോൾ ചെയ്യുന്നതും ഇതു തന്നെയാണ്. നമുക്ക് താൽപ്പര്യമുള്ള കാര്യങ്ങൾ മാധ്യമങ്ങളിലൂടെ, അത് വീഡിയോകളായും, പാട്ടുകളായും, ഡാൻസുകളായും, സിനിമകളായും, ചർച്ചകളായും, പരസ്യങ്ങളായും,അവതരിപ്പിക്കുന്നു. നമ്മുടെ ശ്രദ്ധയെ അവയിൽ തളച്ചിട്ടതിനുശേഷം ഇതിന് പിന്നിൽ പ്രത്യേക താല്പര്യമുള്ളവർ, അവരുടെ ആശയങ്ങൾ നമ്മളറിയാതെ തന്നെ നമ്മിലേക്ക് കടത്തി വിടുന്നു.

തുടർന്ന് ടീച്ചർ ചൂടുവെള്ളത്തിലെ തവളയുടെ കഥ പറയുന്നു. ഈ കഥയുടെയും മുമ്പ് കണ്ട വീഡിയോയുടെയും അടിസ്ഥാനത്തിൽ പൊതു ചർച്ച നടത്തുന്നു. സോഷ്യൽ മീഡിയായിലും മാദ്ധ്യമങ്ങളിലും കാണിക്കുന്ന അഭിപ്രായ സർവേകളും റീലുകളും വിഡിയോകളും സിനിമകളും നമ്മുടെ മന:സാക്ഷിയെ എപ്രകാരം സ്വാധീനിക്കുന്നു?

**ക്രോഡീകരണം**

സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങൾ മനഃസാക്ഷിരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നു. മാദ്ധ്യമങ്ങളിൽ നാം കാണുന്നതെല്ലാം സത്യമല്ല മാധ്യമങ്ങളിൽ നാം കാണുന്ന കാഴ്ചകൾക്കും കേൾക്കുന്ന അഭിപ്രായങ്ങൾക്കും പിന്നിൽ കൃത്യമായ അജണ്ടകൾ ഉണ്ടാവാൻ സാധ്യതയുണ്ട്. വാർത്തകൾക്ക് പിന്നിലെ സത്യവും കാണുന്ന കാഴ്ചകൾക്ക് പിന്നിലെ യാഥാർത്ഥ്യവും അഭിപ്രായങ്ങൾക്ക് പിന്നിലെ ഉദ്ദേശ്യവും നാം തിരിച്ചറിയണം.



## എന്റെ ബോധ്യങ്ങൾ

1. ക്രൈസ്തവനായ എന്റെ ജീവിതം മുഴുവൻ ക്രിസ്തീയമനഃസാക്ഷിയുടെ നിയമങ്ങൾക്കനുസരിച്ചായിരിക്കണം.
2. ക്രിസ്തീയമനാസാക്ഷി രൂപപ്പെടുത്താൻ നിരന്തര പരിശ്രമം ആവശ്യമാണ്.
3. ക്രിസ്തീയമനഃസാക്ഷി നിലനിർത്താൻ നിരന്തര ജാഗ്രത ആവശ്യമാണ്.



## ദൈവവചനം വായിക്കാം

വി. മർക്കോസ് സുവിശേഷം

അദ്ധ്യായങ്ങൾ 11-16



## ഹൃദയം ദീപ്തമാക്കാം

"എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14:26).



## എന്റെ തീരുമാനം

ഏത് സാഹചര്യത്തിലും ഞാൻ എന്റെ ക്രിസ്തീയ മനഃസാക്ഷിയനുസരിച്ച് മാത്രം പ്രവർത്തിക്കും.

അദ്ധ്യായം 8

# വിശുദ്ധ ബൈബിൾ ദൈവത്തിന്റെ വചനം

## പാഠവിശകലനം

സഭയെ ദൈവം ഭരമേൽപ്പിച്ച അമൂല്യ സമ്പത്തായ ബൈബിളിനെക്കുറിച്ചുള്ള വിവരണങ്ങളാണ് ഈ പാഠത്തിൽ വിശകലനം ചെയ്തിരിക്കുന്നത്.

**ലക്ഷ്യം :** ദൈവവചനമായ ബൈബിളിനെ ആദരവോടെ കാണാനും പ്രാർത്ഥനയോടെ വായിക്കാനും അങ്ങനെ ദൈവഹിതം തിരിച്ചറിഞ്ഞ് സന്തോഷത്തോടെ ജീവിക്കാനും സഹായകരമായ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള അറിവുകൾ സ്വന്തമാക്കുക.

**ബോധ്യം :** വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങളിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നു.

**ശീലം :** ദൈവത്തിന്റെ വചനം മനസ്സിലാക്കുന്നതിന് എല്ലാ ദിവസവും ദൈവവചനം വായിക്കുന്നു.

**റഫറൻസ് :** കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യൂക്യാറ്റ്, വിശുദ്ധബൈബിൾ, തിരുസ്സഭാ ചരിത്രം

## പ്രധാന ആശയങ്ങൾ

1. മനുഷ്യവികാസത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയ ഗ്രന്ഥമാണ് വിശുദ്ധ ബൈബിൾ
2. വിശുദ്ധ ബൈബിൾ ദൈവനിവേശിത ഗ്രന്ഥമാണ്.
3. ദൈവം തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയ പ്രക്രിയയാണ് ദൈവീക വെളിപാട്.
4. ഈശോയാണ് ദൈവിക വെളിപാടിന്റെ പൂർണ്ണത.
5. ശ്ലീഹന്മാരിലൂടെ കൈമാറ്റപ്പെട്ട ദൈവീക വെളിപാടിന്റെ സംരക്ഷകയും വ്യാഖ്യാതാവുമാണ് സഭ
6. വിശുദ്ധ ലിഖിതവും വിശുദ്ധ പാരമ്പര്യവും ഒരേ ആദരവോടുകൂടി നാം സ്വീകരിക്കണം.
7. വിശുദ്ധ ബൈബിളിൽ 46 പഴയ നിയമഗ്രന്ഥങ്ങളും 27 പുതിയ നിയമ ഗ്രന്ഥങ്ങളും ഉൾപ്പടെ ആകെ 73 പുസ്തകങ്ങൾ ഉണ്ട്.
8. വിശുദ്ധ ലിഖിതത്തിന് വാച്യാർത്ഥവും അദ്ധ്യാത്മികാർത്ഥവുമുണ്ട്.
9. ദൈവവചനം വ്യാഖ്യാനിക്കാനുള്ള അവകാശം പ്രഥമവും പ്രധാനവുമായി സഭയ്ക്കാണ്.

**പാഠോപകരണങ്ങൾ**

**വിശുദ്ധ ഗ്രന്ഥം, ചാർട്ടുകൾ, സ്ലിപ്പുകൾ, വീഡിയോ.**

വിശദമാക്കേണ്ട പദങ്ങൾ

**വി. ലിഖിതം, വി. പാരമ്പര്യം, ദൈവനി**വേശനം, ദൈവീക വെളിപാട്, കാനോനികം(പാഠപുസ്തക ഭാഗം കാണുക).

**റഫറൻസ്**

CCC 66
CCC 67
CCC 80, 81
ദൈവാവിഷ്ക്കരണം 9
You cat 8
CCC 115, 118
ദൈവാവിഷ്ക്കരണം12

**പാഠാവതരണം**

**മൊഡ്യൂൾ – 1**

**ആമുഖപ്രാർത്ഥന ടീച്ചർ ചൊല്ലുന്നു**

**പ്രവർത്തനം 1:**

**പൊതു ചർച്ച** (10 Mnts)

ടീച്ചർ ബൈബിളിനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം എന്ന ചോദ്യം പൊതുവായി നൽകുന്നു. കുട്ടികളിൽ നിന്ന് കിട്ടുന്ന ഉത്തരങ്ങൾ ക്രോഡീകരിക്കുന്നു. തെറ്റായ ആശയങ്ങൾ തിരുത്തുന്നു.

**ക്രോഡീകരണം**
ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഗ്രന്ഥമാണ് വി. ബൈബിൾ. അത് വായിക്കുന്ന ഏവർക്കും മനസ്സിലാക്കുവാൻ വേണ്ടിയാണ് ഇത്രയധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്.

**പ്രവർത്തനം 2:**

അദ്ധ്യാപകൻ ദൈവനിവേശനം, ദൈവീക വെളിപാട് എന്നീ വാക്കുകൾ വിശദീകരിച്ച ശേഷം, നാല് കുറിപ്പുകൾ ഗ്രൂപ്പുകൾക്ക് കൊടുക്കുന്നു.

1. സൃഷ്ടപ്രപഞ്ചത്തിലൂടെയുള്ള ദൈവീക വെളിപാട് - ഉൽപ്പത്തി 1
2. സന്ദേശവാഹകരിലൂടെയുള്ള ദൈവീക വെളിപാട് - ഉല്പത്തി 12 - (അബ്രാഹത്തിന്റെ വിളി)
3. ഈശോ ദൈവീക വെളിപാടിന്റെ പൂർണ്ണത - യോഹ. 1, ഹെബ്രാ. 1: 1-1, CCC66
4. ദൈവീക വെളിപാടും തിരുസഭയും - 1 യോഹ. 1:1, CCC 67

റഫറൻസ് വായിച്ച ശേഷം ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ആശയങ്ങൾ ഒരാൾ അവതരിപ്പിക്കുന്നു. തുടർ പഠനം. 12 ശ്ലീഹന്മാരുടെ പേരുകൾ പഠിക്കുക.

**ക്രോഡീകരണം**

1. ബൈബിളിന്റെ ദൈവനിവേശനം
2. ദൈവം തന്നെത്തന്നെ ലോകത്തിന് വെളിപ്പെടുത്തിയ പ്രകിയയാണ് ദൈവീക വെളിപാട്.
3. സൃഷ്ട പ്രപഞ്ചത്തിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു.
4. ദൈവം സന്ദേശവാഹകരിലൂടെ തന്നെ വെളിപ്പെടുത്തി.
5. ഈശോയാണ് ദൈവിക വെളിപാടിന്റെ പൂർണ്ണത
6. തിരുസഭയിലൂടെ ദൈവീക വെളിപാട് തുടരുന്നു.

**മൊഡ്യൂൾ - 2**

**പ്രവർത്തനം 3:**

ടീച്ചർ വിശുദ്ധ ലിഖിതവും ദൈവവചന കൈമാറ്റം (വെളിപാടിന്റെ കൈമാറ്റം) വിശുദ്ധ പാരമ്പര്യം എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു. തുടർന്ന് പഴയ നിയമഗ്രന്ഥങ്ങൾ 46 എണ്ണം, ഓരോന്നും ഓരോ സ്ലിപ്പിൽ എഴുതി കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ ഈ 46 ഗ്രന്ഥങ്ങളെ ചരിത്രഗ്രന്ഥം, പ്രബോധനഗ്രന്ഥം, പ്രവാചക ഗ്രന്ഥം എന്നിങ്ങനെ തരംതിരിക്കുന്നു.

**തുടർ പ്രവർത്തനം**

1. പുസ്തകത്തിൽ കൊടുത്തിരിക്കുന്ന പഴയനിയമ ഗ്രന്ഥങ്ങളുടെ പട്ടിക പൂർത്തിയാക്കുന്നു.
2. പുതിയ നിയമഗ്രന്ഥങ്ങളെ പുസ്തകത്തിൽ കൊടുത്തിരിക്കുന്നതു പോലെ പട്ടികപ്പെടുത്തി ചാർട്ടിൽ എഴുതുന്നു.

**ക്രോഡീകരണം** : ക്രൈസ്തവ പാരമ്പര്യം അനുസരിച്ച് വിശുദ്ധ ഗ്രന്ഥ ഭാഗങ്ങളെ ചരിത്രഗ്രന്ഥം, പ്രബോധനഗ്രന്ഥം, പ്രവാചക ഗ്രന്ഥം എന്നിങ്ങനെ തരംതിരിക്കുന്നു. വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടും കൂടി നാം സ്വീകരിച്ച് വണങ്ങേണ്ടതാണ്.

**പ്രവർത്തനം 4:**

അദ്ധ്യാപകൻ ചാർട്ട്, വീഡിയോ എന്നിവയിലൂടെ ബൈബിളിന്റെ കാനോനിക സ്വാഭാവം വിശുദ്ധ ബൈബിളിന്റെ തർജ്ജമകൾ തുടങ്ങിയവ വിശദീകരിക്കുന്നു.

വിശദീകരിക്കേണ്ട വാക്കുകൾ : കാനോൻ, സെപ്ത്വജിന്ത്, വുൾഗാത്ത, പ്ശീത്ത

**പ്രവർത്തനം 5:**

വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും വ്യാഖ്യാന ഗീതം (തുർഗാമ) ഏവരും ചേർന്ന് ആലപിക്കുന്നു. അതിനുശേഷം ഈ ഗീതത്തിന്റെ ഗദ്യഭാഗം വായിക്കുവാൻ ആവശ്യപ്പെടുന്നു.

വി. ലിഖിതത്തിന്റെ അർത്ഥങ്ങൾ വിശദമാക്കുക

നാല് ഗ്രൂപ്പുകൾക്ക് 4 വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ നൽകുന്നു. അതിലെ വാച്യാർത്ഥം ആദ്ധ്യാത്മികാർത്ഥം എന്നിവ കണ്ടുപിടിക്കുവാൻ ആവശ്യപ്പെടുന്നു. ഉദാഹരണമായി

1) ചെങ്കടൽ കടക്കൽ (പുറ 14:21-22)
2) യോഹ 10:11-18 നല്ലിടയൻ
3) വിതക്കാരന്റെ ഉപമ (മത്താ 13:3-9)
4) പുതിയ ആകാശവും പുതിയ ഭൂമിയും (വെളി 21:1-4)

ഇവയുടെ വാച്യാർത്ഥവും ആദ്ധ്യാത്മികാർത്ഥവും താഴെ കൊടുത്തിരിക്കുന്നു. കുട്ടികൾ ഇവ ശരിയായി കണ്ടുപിടിച്ചുവെന്ന് പരിശോധിച്ച്, ശരിയായ അർത്ഥം വ്യക്തമാക്കിക്കൊടുക്കുന്നു.

**1. ചെങ്കടൽ കടക്കൽ (പുറ 14:21-22 )**

വാച്യാർത്ഥം = ഉണങ്ങിയ നിലത്തുകൂടി എന്നവണ്ണം ഇസ്രായേൽ ചെങ്കടൽ കടന്നു രക്ഷിക്കപ്പെട്ടു.

ആദ്ധ്യാത്മികാർത്ഥം = വിശ്വാസികൾ ക്രിസ്തുവിലുള്ള സ്നാനത്തിലൂടെ പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു.

ധാർമികാർത്ഥം = വലിയ പ്രതിസന്ധികളുടെ മദ്ധ്യേപോലും നമ്മെ രക്ഷിക്കാൻ ദൈവത്തിന് കഴിയും

പ്രതീകാത്മകാർത്ഥം = ചെങ്കടൽ എന്നാൽ പാപത്തിന്റെയും മരണത്തിന്റെയും അപകടം. കടക്കൽ എന്നാൽ അതിൽ നിന്നുള്ള മോചനം. രക്ഷയിലേക്കുള്ള പ്രവേശനം

**2. യോഹ 10:11-18 നല്ലിടയൻ**

വാച്യാർത്ഥം = ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്ന നല്ല ഇടയനായി ഈശോ തന്നെത്തന്നെ അവതരിപ്പിക്കുന്നു.

ആദ്ധ്യാത്മികാർത്ഥം = ഈശോയുടെ ത്യാഗത്തോടെയുള്ള സമർപ്പണം വിശ്വാസികൾക്ക് മറ്റുള്ളവരെ സംരക്ഷിക്കുന്നതിനുള്ള മാതൃകയാണ്.

ധാർമികാർത്ഥം = മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തിൽ വിവിധ പുണ്യങ്ങളായ കാരുണ്യം, സ്വാർഥതയില്ലായ്മ, ബലിദാനപരമായ സമർപ്പണം എന്നിവ ഉണ്ടാകേണ്ടതിന്റെ ആവശ്യം.

പ്രതീകാത്മകാർത്ഥം = പൂർണനായ ഇടയൻ ഈശോ മാത്രമാണ്. കാരണം എല്ലാ ആത്മീയ അപകടങ്ങളിൽനിന്നും മനുഷ്യനെ സംരക്ഷിച്ച് നിത്യജീവിതത്തിൽ എത്തിക്കാൻ അവിടുത്തേക്ക് മാത്രമേ കഴിയുകയുള്ളു.

**3. വിതക്കാരന്റെ ഉപമ (മത്താ 13:3-9)**

വാച്യാർത്ഥം = തന്റെ നിലത്തെ വ്യത്യസ്തമായ ഭാഗങ്ങളിൽ വിത്തുവിതറുന്ന ഒരു കൃഷിക്കാരന്റെ ഉപമ.

ആദ്ധ്യാത്മികാർത്ഥം = വിത്ത് വചനവും വിവിധങ്ങളായ നിലങ്ങൾ വചനത്തോട് മനുഷ്യൻ കാണിക്കുന്ന പ്രതികരണങ്ങളുമാണ്.

ധാർമികാർത്ഥം = ദൈവവചനത്തെ സ്വീകരിക്കാൻ തയ്യാറുള്ള ഒരു ഹൃദയം ഒരുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നമ്മെ ആഹ്വാനം ചെയ്യുകയും ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തുന്ന കാര്യങ്ങൾ ഉപേക്ഷിക്കാൻ നമ്മെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

പ്രതീകാത്മകാർത്ഥം = സുവിശേഷപ്രഘോഷണത്തിന്റെയും ശിഷ്യത്വത്തിന്റെയും ആവശ്യകതയെക്കുറിച്ച് ഈ ഉപമ നമ്മെ ഉദ്ബോധിപ്പിക്കുകയും വിശ്വാസജീവിതത്തിൽ വളർച്ച നേടുന്നതിന് കൃപ എത്രമാത്രം ആവശ്യകമാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

4. പുതിയ ആകാശവും പുതിയ ഭൂമിയും (വെളി 21:1-4 )

വാച്യാർത്ഥം = സങ്കടങ്ങളോ വേദനകളോ മരണമോ ഇല്ലാത്ത പുതിയ ആകാശവും പുതിയ ഭൂമിയും യോഹന്നാൻ കാണുന്നു.

ആദ്ധ്യാത്മികാർത്ഥം = വിശ്വാസികൾ ദൈവവുമായി പൂർണമായ ഐക്യത്തിൽ നിത്യതയിൽ ആയിരിക്കുന്ന ദൈവിക പദ്ധതിയുടെ പൂർത്തീകരണം നടക്കുന്നു.

ധാർമികാർത്ഥം = ദൈവത്തിന്റെ രക്ഷാകര വാഗ്ദാനങ്ങൾ പൂർണമായി നിറവേറ്റപ്പെടും എന്ന അറിവിലൂടെ ഇക്കാലഘട്ടത്തിലുള്ള പ്രതിസന്ധികളെയും സങ്കടങ്ങളെയും അതിജീവിക്കാനുള്ള പ്രത്യാശ നൽകുന്നു.

പ്രതീകാത്മകാർത്ഥം = ക്രിസ്തുവിലൂടെ സംഭവിച്ച ദൈവവുമായുള്ള മനുഷ്യന്റ പൂർണമായ അനുരഞ്ജനവും  സൃഷ്ടിയുടെ പുന:സ്ഥാപനവും ദൈവരാജ്യത്തിന്റെ പൂർണമായ മഹത്വവും സൂചിപ്പിക്കുന്നു.

തുടർ പ്രവർത്തനം ബൈബിൾ വ്യാഖ്യാനം ഏഴു തത്വങ്ങൾ വിശദമാക്കുക

**ക്രോഡീകരണം**
വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള അറിവ് വിശുദ്ധ ഗ്രന്ഥത്തെ സ്നേഹിക്കുവാനും അതിൽ ജീവിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു.



**എന്റെ ബോധ്യങ്ങൾ**

1. വിശുദ്ധ ബൈബിൾ ദൈവത്തിന്റെ വചനമാണ്.
2. ലിഖിതരൂപത്തിലുള്ള ദൈവവചനമാണ് വിശുദ്ധഗ്രന്ഥം. വാചകരൂപത്തിലുള്ള ദൈവവചനമാണ് വിശുദ്ധ പാരമ്പര്യം.
3. ക്രിസ്തീയ വിശ്വാസത്തെ സംബന്ധിക്കുന്ന ഏറ്റവും ആധികാരിക ഗ്രന്ഥം വിശുദ്ധ ബൈബിളാണ്.



**ദൈവവചനം വായിക്കാം**

വി. ലൂക്കാ സുവിശേഷം അദ്ധ്യായങ്ങൾ 1-5



**ഹൃദയം ദീപ്തമാക്കാം**

“പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു” (ഹെബ്രാ 1:1-2).



**എന്റെ തീരുമാനം**

ജീവിതത്തിന് മാർഗ്ഗനിർദ്ദേശം സ്വീകരിക്കാൻ ഞാൻ എന്നും ദൈവവചനം വായിക്കും.

**അദ്ധ്യായം 9**

# ക്രിസ്തീയജീവിതം തിരുവചനാധിഷ്ഠിതം

| |
|---|
| **ശ്രദ്ധിക്കുക ⇨ മൊഡ്യൂൾ 1, ജീവചരിത്രക്കുറിപ്പ് (ഹോം അസൈമെന്റ്)** |
| **മൊഡ്യൂൾ 2, കർമ്മ പദ്ധതി രൂപീകരണം** |

**പാഠവിശകലനം**

വചനമായ ഈശോയെ ജീവിതത്തിൽ കണ്ടെത്തി തിരുവചനം പറയുന്നതനുസരിച്ച് പഠിതാവിനെ ജീവിക്കാൻ സഹായിക്കുന്ന രീതിയിലുള്ള ബോധ്യങ്ങൾ നൽകുക എന്നതാണ് ഈ പാഠത്തിന്റെ ധർമ്മം. ദൈവവചനം ഒരു വ്യക്തിയുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളും ഈ മാറ്റങ്ങളിലേക്ക് നയിക്കുന്ന രീതിയിൽ തന്റെ ക്രിസ്തീയ ജീവിതം പരുവപ്പെടുത്തുവാൻ (വചനാത്മകജീവിതം നയിക്കുവാൻ) എന്ത് ചെയ്യണമെന്നും ഈ അദ്ധ്യായം വ്യക്തമായ രൂപരേഖ നൽകുന്നു.

**ലക്ഷ്യം**

ദൈവവചനത്തിന്റെ ശക്തി തിരിച്ചറിഞ്ഞ്, തിരുവചനാധിഷ്ഠിതജീവിതം നയിക്കുവാൻ പഠിതാവിനെ പ്രാപ്തനാക്കുക

**ബോധ്യം**

എന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും, എന്റെ ജീവിതത്തെത്തന്നെയും രൂപപ്പെടുത്തുന്ന തിരുവചനം അനുസരിച്ചായിരിക്കണം ഞാൻ ജീവിക്കേണ്ടത്.

**ശീലം**

ദിവസവും തിരുവചനം വായിക്കുകയും ഇപ്രകാരം വായിക്കുന്ന തിരുവചനത്തിലൂടെ ഈശോ തന്നോട് എന്ത് പറയുന്നുവെന്ന് തിരിച്ചറിഞ്ഞ്, അതനുസരിച്ച് ദൈനംദിന ജീവിതം നയിക്കുകയും ചെയ്യുന്നു.

**ഉറവിടഗ്രന്ഥങ്ങൾ**

വി. ബൈബിൾ, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, വിശുദ്ധരുടെ ജീവചരിത്രങ്ങൾ

**പ്രധാന ആശയങ്ങൾ**

- ദൈവത്തിന്റെ വചനം ജീവനുള്ളതാണ്; ദൈവത്തിന്റെ വചനം ഈശോ തന്നെയാണ്.

- ദൈവവചനം ജീവൻ നൽകുന്നതാണ്.
- എന്ത് ചെയ്യണമെന്നും ചെയ്യരുതെന്നും പഠിപ്പിക്കുന്നതിലൂടെയും തിന്മചെയ്താൽ, അത് തിരുത്തി നന്മയിലേക്ക് എപ്രകാരം വരണമെന്ന് പഠിപ്പിച്ച് നന്മയിൽ നിലനിൽക്കാനുള്ള മാർഗ്ഗങ്ങൾ നൽകുന്നതിലൂടെയും ദൈവവചനം നമ്മെ രൂപാന്തരപ്പെടുത്തുന്നു.
- ദൈവവചനത്തിലൂടെ ദൈവത്തിന്റെ പരിശുദ്ധി നമ്മെ വിശുദ്ധീകരിക്കുന്നു.
- എന്റെ ഏത് അവസ്ഥകളിൽ നിന്നും എന്നെ പൂർണമായും രക്ഷിക്കുവാൻ തിരുവചനത്തിന് കഴിയുന്നു.
- ദൈവവചനത്തിലൂടെ ഈശോയെ കണ്ടെത്തി, അതനുസരിച്ച് ജീവിക്കുന്നതിലൂടെ നമ്മൾ ഈശോയുടെ ശിഷ്യർ ആവുന്നു.
- ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ ദുരവസ്ഥകളിലും നിന്നും സൗഖ്യം നൽകുവാൻ ദൈവവചനത്തിന് സാധിക്കുന്നു.
- ആത്മീയമായ ഏത് തരം ബന്ധനത്തിൽ നിന്നും വിമോചിപ്പിക്കുവാൻ ദൈവവചനത്തിന് ശക്തിയുണ്ട്.
- ദൈവവചനത്തിന്റെ ശക്തി പൂർണമായും പ്രവർത്തിക്കണമെങ്കിൽ വചനാധിഷ്ഠിത ജീവിതം നയിക്കണം.
- വചനം വായിക്കുന്നതിലൂടെയും, വായിച്ച വചനത്തിൽ ഈശോ നമ്മോട് എന്ത് പറയുന്നുവെന്ന് ശ്രവിക്കുന്നതിലൂടെയും, ഇപ്രകാരം ശ്രവിച്ച വചനത്തിന്റെ അർത്ഥം ഗ്രഹിക്കുന്നതിലൂടെയും അതിനെ കൂടുതൽ ധ്യാനിക്കുന്നതിലൂടെയും വചനാധിഷ്ഠിത ജീവിതം നയിക്കുവാൻ എനിക്ക് സാധിക്കുന്നു.
- ദൈവവചനാനുസൃതം ജീവിക്കുന്നതും ജീവിതത്തിലൂടെ വചനം പ്രഘോഷിക്കുന്നതും ഇപ്രകാരം ജീവിക്കുന്നതിനുള്ള ദൈവശക്തിക്കായി പ്രാർത്ഥിക്കുന്നതും വചനാധിഷ്ഠിതജീവിതം നയിക്കുവാൻ അത്യാവശ്യമാണ്.

**പഠനോപകരണങ്ങൾ:** സ്ലൈഡുകൾ, ചാർട്ടുകൾ, ഗെയിമിനുവേണ്ട സാമഗ്രികൾ

**സാരാംശപദങ്ങൾ**

**I) Lectio divina** (ദൈവീകവായന) വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ

വേണ്ടി ദൈവവചനം വായിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. ഇതിനു അഞ്ച് ഭാഗങ്ങൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. **Prepare (Silencio):** നിശബ്ദമാവുക
2. **Read (Lectio Continua):** വായിക്കുക
3. **Meditate (Meditatio):** ധ്യാനിക്കുക
4. **Pray (Oratio):** പ്രാർത്ഥിക്കുക
5. **Contemplate (Contemplatio):** വിചിന്തനം ചെയ്യുക

**II) Lectio divina** പഠനത്തിനുവേണ്ടി ദൈവവചനം വായിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. മുൻപ് വായിച്ച് അവസാനിപ്പിച്ച ഭാഗത്തുനിന്നായിരിക്കും അടുത്ത വായന ആരംഭിക്കുക.

**മൊഡ്യൂൾ 1 ( ഒരു മണിക്കൂർ )**

മുന്നൊരുക്കം: ക്ലാസ്സിനെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടോ നാലോ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പും ദൈവവചനത്താൽ ജീവിതത്തിൽ പരിവർത്തനം വരുത്തിയ ഒരു വ്യക്തിയുടെ ഉദാഹരണം ചരിത്രത്തിൽ നിന്ന് കണ്ടെത്തുകയും അടുത്ത ഞായറാഴ്ച ക്ലാസ്സിൽ അവതരിപ്പിക്കുവാൻ തയ്യാറാവുകയും വേണമെന്ന് തലേ ഞായറാഴ്ച തന്നെ അവരെ ടീച്ചർ ഓർമ്മിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിനും ലഭിക്കുക പരമാവധി മൂന്ന് മിനിറ്റ് ആയിരിക്കും. ഇപ്രകാരമുള്ള ഒരു വ്യക്തിയെ കണ്ടെത്തിയാൽ അത് ടീച്ചറെ അറിയിക്കണമെന്നും ഓർമ്മിപ്പിക്കുക. (ഒരു വ്യക്തിയെത്തന്നെ ഒന്നിലധികം ഗ്രൂപ്പുകൾ എടുത്തിട്ടില്ല എന്ന് ടീച്ചർ ഉറപ്പാക്കണം).

**ആമുഖ പ്രാർത്ഥന:** പാഠത്തിന്റെ സന്ദേശവുമായി ബന്ധപ്പെട്ട് ടീച്ചറിന്റെ നേതൃത്വത്തിൽ പ്രാർത്ഥിക്കുന്നു.

പാഠത്തിന്റെ ആമുഖചോദ്യമായി നൽകിയിരിക്കുന്ന "ദൈവവചനം നിങ്ങളുടെ ജീവിതത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിച്ചിട്ടുണ്ട്?" എന്നതിനെ അടിസ്ഥാനമാക്കി ടീച്ചർ പഠിതാക്കളുടെ പ്രതികരണങ്ങൾ ചോദിക്കുന്നു. പ്രതികരണങ്ങൾക്ക് മുമ്പ് അവർക്ക് നിശബ്ദമായി ചിന്തിക്കുവാനായി രണ്ടോ മൂന്നോ മിനിറ്റുകൾ നൽകുന്നു. അതിനു ശേഷം എല്ലാവരിൽ നിന്നും ഏതാനും വാചകങ്ങളിൽ പ്രതികരണം സ്വീകരിക്കുന്നു. തുടർന്ന് തിരുവചനത്തിന്റെ സ്വാധീനത്താൽ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തിയ വി. അഗസ്തിന്റെ ഉദാഹരണം ചിത്രത്തിന്റെയോ, പ്രസന്റേഷന്റെയോ സഹായത്തോടെ വിവരിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും തലേ ഞായറാഴ്ച പറഞ്ഞുവിട്ടതുപോലെ തിരുവചനം

ജീവിതത്തിൽ മാറ്റങ്ങൾ വരുത്തിയ വ്യക്തിയെ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. തുടർന്ന് ചർച്ചയെയും ഗ്രൂപ്പുകളുടെ അവതരണത്തെയും ടീച്ചർ പൊതുവായി ക്രോഡീകരിക്കുന്നു.

NB: ഈ വിശുദ്ധരുടെ മാതൃകകൾ ഒരു റിസോഴ്സ് പുസ്തകമായോ/ ഒരു ലേഖനമായോ ക്ലാസ്സിന് ഉണ്ടാക്കാവുന്നതാണ്

**ക്രോഡീകരണം :** ദൈവവചനം ഈശോ തന്നെയാണ്. വ്യക്തികളിൽ സമൂലമായ മാറ്റങ്ങൾ വരുത്തുവാൻ ദൈവവചനത്തിന് സാധിക്കും. ഒരു വ്യക്തിയുടെ ജീവിതത്തിൽ വ്യത്യസ്ത തലങ്ങളിൽ മാറ്റങ്ങൾ വരുത്തുവാൻ ദൈവവചനത്തിന് കഴിയും.

**ഗെയിം:** ഹിഡൺ ട്രഷർ (വചനത്തിന്റെ ധർമ്മം)

ഗെയിമിന് വേണ്ട സാമഗ്രികൾ:

വ്യത്യസ്ത തരത്തിലുള്ള ദൈവവചനങ്ങൾ (ദൈവത്തിനു നമ്മോടുള്ള സ്നേഹം കാണിക്കുന്നവ, നമ്മെ ധൈര്യപ്പെടുത്തുന്നവ, നമ്മെ ആശ്വസിപ്പിക്കുന്നവ, ദൈവത്തിലുള്ള വിശ്വാസം കാണിക്കുന്നവ, പ്രാർത്ഥനയായി ഉപയോഗിക്കാവുന്നത്, നന്ദി പ്രകാശിപ്പിക്കുന്നവ) ചാർട്ടിൽ എഴുതി, രണ്ടോ മൂന്നോ വാക്കുകൾ ചേർത്ത് മുറിച്ചെടുത്തത് ഓരോ സെറ്റ് വീതം. ഒരു ഗ്രൂപ്പിന് എല്ലാ തരത്തിലുള്ള വചനങ്ങൾ മുറിച്ചെടുത്തതും വേണം. നാല് ഗ്രൂപ്പിനും കൊടുക്കുന്ന സെറ്റ് ഒരു പോലെയായിരിക്കണം.

**ഉപയോഗിക്കാവുന്ന ചില വചനങ്ങൾ:**

മത്താ 23:13 കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു.

മത്താ 5:11-12 എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.

ഏശയ്യാ 41: 9-10 നീ എൻെറ ദാസനാണ്. ഞാൻ നിന്നെതിരഞ്ഞെടുത്തു; ഇനി ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് ഭൂമിയുടെ അതിർത്തികളിൽ നിന്നു ഞാൻ നിന്നെ തിരഞ്ഞെടുത്തു; വിദൂരദിക്കുകളിൽനിന്നു ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിൻെറ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എൻെറ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും

റോമാ 5 : 8 എന്നാൽ, നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തൻെറ സ്നേഹം ദൈവം പ്രകട മാക്കിയിരിക്കുന്നു.

യോഹ 3 : 16 എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തൻെറ ഏക ജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേ ഹിച്ചു

മത്താ:19:26 ഈശോ അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാ ധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ്.

സങ്കീ 28: 79 കർത്താവ് എൻെറ ശക്തിയും പരിചയുമാണ്; കർത്താവിൽ എൻെറ ഹൃദയംശരണംവയ്ക്കുന്നു, അതുകൊണ്ട് എനിക്കു സഹായം ലഭിക്കുന്നു, എൻെറ ഹൃദയംആനന്ദിക്കുന്നു, ഞാൻ കീർത്തനമാലപിച്ച് അവിടുത്തോടു നന്ദിപറയുന്നു. കർത്താവു സ്വന്തം ജനത്തിൻെറ ശക്തി യാണ്; തൻെറ അഭിഷിക്തനു സംരക്ഷണംനൽകുന്ന അഭയസ്ഥാനം അവിടുന്നാണ്. അവിടുത്തെ ജനത്തെ സംരക്ഷിക്കണമേ! അങ്ങയുടെ അവകാശത്തെ അനുഗ്രഹിക്കണമേ! അവരുടെ ഇടയനായിരിക്കുകയും എന്നും അവരെ സംവഹിക്കുകയും ചെയ്യണമേ!

**ഗെയിം കളിക്കുന്ന രീതി :**

ടീച്ചർ ഓരോ ഗ്രൂപ്പിനും വചനങ്ങൾ മുറിച്ചത് ഓരോ സെറ്റ് വീതം നൽകു ന്നു. തുടർന്ന് ഗ്രൂപ്പുകൾ തങ്ങൾക്ക് ലഭിച്ച വാക്കുകൾ ഡെസ്കിൽ നിരത്തി വയ്ക്കുന്നു. ടീച്ചർ വിളിച്ചു പറയുന്ന കാര്യത്തിന് നമ്മെ സഹായിക്കുന്ന ഒരു വചനം ഗ്രൂപ്പുകൾ അവർക്ക് നൽകിയിരിക്കുന്ന വാക്കുകളിൽ നിന്ന് രൂപീകരിക്കണം. ഇപ്രകാരം ആദ്യം ടീച്ചറിന്റെ അടുത്ത് അർത്ഥ പൂർണമായ ഒരു വചനം എത്തിക്കുന്ന ഗ്രൂപ്പിന് പോയിന്റ് നൽകുന്നു. ഉദാ. ദൈവസ്നേഹം കാണിക്കുന്ന വചനം, എന്റെ പ്രാർത്ഥന, എന്നെ ആശ്വസിപ്പിക്കുന്നത് മുതലായവ. അഞ്ചോ ആറോ പ്രാവശ്യം വ്യ ത്യസ്ഥമായ കാര്യങ്ങൾ ഇപ്രകാരം ടീച്ചർ വിളിച്ചു പറയുന്നു. ഓരോ പ്രാവശ്യവും ആദ്യം വചനം എത്തിക്കുന്ന ഗ്രൂപ്പിന് പോയിന്റ് നൽകുന്നു. ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ കൃത്യം ആവാൻ നിർബന്ധം പിടിക്കേണ്ട. മറിച്ച്, എന്ത് ആവശ്യത്തിനാണോ വചനം വേണ്ടത്, അത് പൂർത്തിയാക്കുന്ന രീതിയിൽ വാക്കുകൾ ക്രമീകരിച്ചു നൽകിയാൽ മതി. ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച ഗ്രൂപ്പിനെ വിജയി ആയി പ്രഖ്യാപി ക്കുന്നു. ഗെയിമിന്റെ അവസാനം ടീച്ചർ എടുത്ത വചനങ്ങൾ പൂർണ

രീതിയിൽ പറയുകയും അവ ഹൃദിസ്ഥമാക്കുവാൻ പഠിതാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

**ഡിബ്രീഫിംഗ്:**

നമ്മുടെ ഏത് അവസ്ഥയിലും നമ്മെ സഹായിക്കുവാൻ വചനത്തിനു കഴിയും. നമ്മെ തിരുത്തുവാനും, പ്രോത്സാഹിപ്പിക്കുവാനും നമ്മിൽ മാറ്റങ്ങൾ വരുത്തുവാനും, നമ്മെ ആശ്വസിപ്പിക്കുവാനും, നമ്മെ ശക്തിപ്പെടുത്തുവാനും ഒക്കെ ദൈവവചനത്തിനു കഴിയും.

തുടർന്ന് നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ ധർമ്മങ്ങളിലേക്ക് ടീച്ചർ ക്ലാസിനെ നയിക്കുന്നു.

**സ്കിറ്റ്:** (ജീവൻ നൽകുന്ന വചനം, രൂപാന്തരപ്പെടുത്തുന്ന വചനം )

പഠിതാക്കളെ ഗ്രൂപ്പടിസ്ഥാനത്തിൽ മർക്കോസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായം 21 മുതൽ 43 വരെ വാക്യങ്ങൾ വായിക്കുന്നു. ജായ്റോസിന്റെ മകൾക്ക് ഈശോ ജീവൻ നൽകി. ഈ വചനഭാഗം ഒരു സ്കിറ്റ് ആയി ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. (നായിമിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നത് ലൂക്ക 7:11-17, ലാസറിനെ ഉയിർപ്പിക്കുന്നത് യോഹ 11:38-44, പത്രോസ് ലോപ്പായിൽ തബീത്ത എന്ന ശിഷ്യയെ ഉയിർപ്പിക്കുന്നത് ശ്ലീഹ 9:36-41)അതുപോലെ ഇന്നത്തെ കാലത്ത് ആത്മീയമായും മാനസികമായും ജീവനില്ലാത്ത അനുഭവങ്ങളിലൂടെ വ്യക്തികൾ കടന്നുപോവുന്നുണ്ട്. ഇത്തരം വ്യക്തികളൂടെ ജീവിതത്തിൽ ജീവന്റെ സ്രോതസ്സാവുന്ന വചനത്തേക്കുറിച്ച് ടീച്ചർ സൂചിപ്പിക്കുന്നു. സ്കിറ്റുകളുടെ അവസാനം ടീച്ചർ ആശയങ്ങളുടെ ക്രോഡീകരണം നടത്തുന്നു. ആത്മീയമായും മാനസികമായും വ്യക്തികൾക്ക് ജീവൻ നൽക്കുന്നത് അവരിൽ രൂപാന്തരീകരണത്തിന് വചനം കാരണമാവുന്നതിലൂടെയാണ്. വചനം നാലു തരത്തിൽ ഒരു വ്യക്തിയിൽ രൂപാന്തരീകരണത്തിന് കാരണമാവുന്നുവെന്ന് ടീച്ചർ ചാർട്ടിന്റെയോ, പ്രസന്റേഷന്റെയോ സഹായത്തോടെ ക്ലാസിനെ ബോദ്ധ്യപ്പെടുത്തുന്നു.

**ക്രോഡീകരണം :** എന്റെ ഏതവസ്ഥയിലും കടന്നുവന്ന് എന്റെ മനസ്സിനെയും ആത്മാവിനെയും ഉണർത്താൻ ദൈവവചനത്തിന് സാധിക്കും. കാരണം വചനം ഈശോ തന്നെയാണ്. പ്രവർത്തിക്കേണ്ട നന്മ കാണിച്ചുതന്നും (പ്രബോധനപരം), പ്രവർത്തിക്കാതിരിക്കേണ്ട തിന്മ ചൂണ്ടിക്കാട്ടിയും (ശാസനം), തിന്മ ചെയ്താൽ നന്മയിലെത്താൻ എന്ത് ചെയ്യണമെന്ന് കാട്ടിയും (തെറ്റ് തിരുത്തൽ), നന്മയിൽ നിലനിർത്താൻ പരിശീലിപ്പിച്ചും (നീതിയിലുള്ള പരിശീലനം) വചനം എന്നെ രൂപാന്തരപ്പെടുത്തുന്നു.

**ജീവചരിത്രക്കുറിപ്പ് (വിശുദ്ധീകരിക്കുന്ന വചനം)**

ദൈവവചനം മൂലമുള്ള വ്യക്തികളുടെ രൂപാന്തരീകരണം അവരുടെ വിശുദ്ധീകരണത്തിലേക്കാണ് എത്തുന്നത് എന്ന് ടീച്ചർ മുൻ പോയിന്റിനെ അടിസ്ഥാനമാക്കി വിവരിക്കുന്നു. വിശുദ്ധി എന്താണെന്ന് പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. വി. പൗലോസിന്റെ ഉദാഹരണം ക്ലാസ്സിന് നൽകുന്നു. വി. പൗലോസിനെപ്പോലെ ദൈവവചനത്താൽ സ്വാധീനിക്കപ്പെട്ട് വിശുദ്ധിയിലേക്ക് എത്തിയ ഭാരതത്തിലെ ഒരു വിശുദ്ധന്റെ/വിശുദ്ധയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ ഹോം അസൈന്മെന്റായി വിദ്യാർത്ഥികൾക്ക് നൽകുന്നു. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കി അടുത്ത ആഴ്ച സമർപ്പിക്കുവാൻ ഓർമ്മിപ്പിക്കുന്നു.

**വചനവായനയും ചർച്ചയും : (രക്ഷിക്കുന്ന വചനം, ശിഷ്യരാക്കുന്ന വചനം)**

ലൂക്ക 19: 1  10 ; യോഹ 4 : 1 –49 എന്നീ വചനഭാഗങ്ങൾ ഗ്രൂപ്പുകളിൽ വായിക്കുവാൻ നൽകുന്നു. നാലു ഗ്രൂപ്പുകൾ ഉള്ള ക്ലാസ്സുകളിൽ രണ്ട് ഗ്രൂപ്പുകൾക്ക് വി. ലൂക്കയുടെ വചനഭാഗവും മറ്റ് രണ്ട് ഗ്രൂപ്പുകൾക്ക് വി. യോഹന്നാന്റെ വചനഭാഗവും നൽകുന്നു. എന്നാൽ ആകെ രണ്ട് ഗ്രൂപ്പുകൾ ഉള്ള ക്ലാസ്സുകൾ ആണെങ്കിൽ ഓരോ ഗ്രൂപ്പിനും ഓരോ വചനഭാഗം വീതം നൽകുക. വി. ലൂക്കയുടെ സുവിശേഷത്തിൽ സക്കേവൂസിന്റെ രക്ഷയിലേക്കുള്ള മാറ്റത്തിന്റെ പടവുകളും വി. യോഹന്നാന്റെ സുവിശേഷത്തിൽ സമരിയാക്കാരി സ്ത്രീയുടെ ശിഷ്യത്വത്തിലേക്കുള്ള രൂപാന്തരവുമാണ് പ്രതിപാദിക്കുന്നത്.

ലൂക്കായുടെ സുവിശേഷഭാഗം ലഭിക്കുന്ന ഗ്രൂപ്പുകൾ പ്രസ്തുത ഭാഗം ഗ്രൂപ്പിൽ വായിച്ച്, സക്കേവൂസിന്റെ ജീവിതത്തിൽ രക്ഷയിലേക്കുള്ള പടവുകൾ കണ്ടെത്തി ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു. യോഹന്നാന്റെ സുവിശേഷഭാഗം ലഭിക്കുന്ന ഗ്രൂപ്പുകൾ പ്രസ്തുത ഭാഗം ഗ്രൂപ്പിൽ വായിച്ച്, സമരിയാക്കാരി സ്ത്രീയുടെ ശിഷ്യത്വത്തിലേക്കുള്ള രൂപാന്തരത്തിന്റെ ഘട്ടങ്ങൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ അവതരണത്തിന്റെ അവസാനം ടീച്ചർ സക്കേവൂസിന്റെ രക്ഷയിലേക്കുള്ള മാറ്റത്തിന്റെ പടവുകളും സമരിയാക്കാരി സ്ത്രീയുടെ ശിഷ്യത്വത്തിലേക്കുള്ള രൂപാന്തരത്തിന്റെ ഘട്ടങ്ങളും ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം (സക്കേവൂസിന്റെ രക്ഷയിലേക്കുള്ള മാറ്റം) :**

- ഈശോയെ കാണുവാനുള്ള ആഗ്രഹം ഉണ്ടാവുക
- ഈശോയെ കാണുന്നതിൽ നിന്ന് തന്നെ തടയുന്നത് എന്താണെന്ന് തിരിച്ചറിയുക (പൊക്കമില്ലായ്മ)
- ഈശോയെ കാണുന്നതിനായി തന്റെ അവസ്ഥയിൽ മാറ്റം വരുത്തുക (മരത്തിന് മുകളിൽ കയറുക)
- ഈശോ പറയുന്നത് അനുസരിക്കുക (ഇറങ്ങിവരുക)
- ഈശോയെ സ്വീകരിക്കുമ്പോൾ മറ്റുള്ളവർ എന്ത് പറയുന്നുവെന്ന് പരിഗണിക്കാതിരിക്കുക (സക്കേവൂസിന്റെ ഭവനത്തിൽ പോകും എന്ന് ഈശോ പറഞ്ഞപ്പോൾ മറ്റുള്ളവർ പിറുപിറുത്തു; എന്നാൽ, സക്കേവൂസ് ഈശോയെ സ്വീകരിക്കുന്നു)
- ഈശോയെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും സ്വീകരിക്കുക (ഈശോയെ തന്റെ ഭവനത്തിൽ സ്വീകരിക്കുന്നത്)
- ഈശോ നൽകിയ രക്ഷയ്ക്ക് പ്രത്യുത്തരമായി സ്വന്തജീവിതത്തിൽ മാറ്റം വരുത്തുക (സ്വത്തിൽ പകുതി ദരിദ്രർക്ക് നൽകുക; താൻ വഞ്ചിച്ചെടുത്തവർക്ക് നാലിരട്ടിയായി നൽകുക)

**ക്രോഡീകരണം (സമരിയാക്കാരിയുടെ ശിഷ്യത്വത്തിലേക്കുള്ള രൂപാന്തരം) :**

- തന്റെ ജീവിതവേദിയിൽ ഈശോയെ കണ്ടുമുട്ടുക (വെള്ളമെടുക്കാൻ പോയ കിണറിന്റെ അരികിൽ ഇരിക്കുന്ന ഈശോ)
- ഈശോയുമായി സംഭാഷണത്തിൽ ഏർപ്പെടുക; സംശയങ്ങൾ തുറന്ന് ചോദിക്കുക
- തന്റെ ജീവിതം മുഴുവൻ ഈശോയ്ക്ക് മുമ്പിൽ തുറക്കുക
- ഭൗതികമായ സംതൃപ്തികൾക്കപ്പുറം നിത്യവും ആത്മീയവുമായ പൂർണതയ്ക്കായി ഈശോയോട് ചോദിക്കുക
- തന്റെ ജീവിതസാക്ഷ്യം മറ്റുള്ളവർക്ക് മുമ്പിൽ ഏറ്റ് പറയുക

തുടർന്ന് സക്കേവൂസിന്റെയും സമരിയാക്കാരി സ്ത്രീയുടെയും ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട്, പഠിതാക്കളുടെ ജീവിതത്തിൽ വചനമായ ഈശോ നൽകുന്ന രക്ഷ പ്രാപിക്കുന്നതിനും അപ്രകാരം ശിഷ്യത്വത്തിലേക്ക് ഉയരുന്നതിനുമുള്ള പ്രായോഗിക പടവുകൾ ക്ലാസ്സിൽ പൊതുവായി ചർച്ചചെയ്യുക. ചർച്ചയുടെ അവസാനം ടീച്ചർ ആശയങ്ങളുടെ ക്രോഡീകരണം പാഠപുസ്തകത്തിന്റെ സഹായത്തോടെ നടത്തുക.

**ക്രോഡീകരണം**

മനുഷ്യരക്ഷയുടെ പൂർത്തീകരണമാണ് ഈശോ. ഈ അർത്ഥത്തിൽ അവിടുത്തെ വചനം രക്ഷയുടെ സ്രോതസ്സാണ്. കാരണം, ഈശോ തന്നെയാണ് ദൈവവചനം. ദൈവവചനമനുസരിച്ച് ജീവിക്കുമ്പോൾ നാം ഈശോയുടെ ശിഷ്യരായി മാറുന്നു. ഇപ്രകാരം ശിഷ്യത്വത്തിലേക്ക് വളരുവാൻ, വചനത്തിൽ ഈശോയെ ദിനം തോറും നാം കണ്ടുമുട്ടണം. ഓരോ ദിവസവും നമുക്കായി അവിടുത്തെ പദ്ധതികൾ തിരിച്ചറിയണം. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് സാക്ഷ്യമാവണം.

**ടീച്ചർ പ്രസന്റേഷൻ : (സൗഖ്യം നൽകുന്ന വചനം, വിമോചിപ്പിക്കുന്ന വചനം)**

തുടർന്ന് ടീച്ചർ വചനത്തിന്റെ അടുത്ത രണ്ട് ധർമ്മങ്ങളേക്കുറിച്ച് ക്ലാസ്സിൽ വിവരിക്കുന്നു. അതിനുശേഷം വചനത്തിന്റെ ധർമ്മങ്ങളായ ഏഴു പോയിന്റുകളും ടീച്ചർ ബ്ലാക്ക് ബോർഡിന്റെയോ, ചാർട്ടിന്റെയോ, പ്രസന്റേഷൻ സ്ലൈഡിന്റെയോ സഹായത്തോടെ അവസാന ക്രോഡീകരണം നടത്തുന്നു.

**എന്റെ വചനം: (തുടർപ്രവർത്തനം)**

വി. ഫ്രാൻസീസ് സേവ്യറിന്റെ ജീവിതത്തിൽ മാറ്റത്തിന് കാരണമായത്, "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്ത് പ്രയോജനം?" (മർക്കോ 8 : 36) എന്ന വചനമാണ്. അതുപോലെ തന്നെ പല വിശുദ്ധരുടെയും ജീവിതത്തിൽ ഇപ്രകാരമുള്ള വചനം കാണുവാൻ സാധിക്കും. ഇതുപോലെ വ്യക്തി ജീവിതത്തിൽ തനിക്ക് പ്രചോദനവും ശക്തിയുമാവുന്ന ഒരു വചനം വി. ഗ്രന്ഥത്തിൽ നിന്നും ഓരോ പഠിതാവും കണ്ടെത്തി സ്വന്തമാക്കണം. അത് അടുത്ത ക്ലാസ്സിൽ പറയണം.

**മൊഡ്യൂൾ 2**

**ഗെയിം: ഫൈൻഡ് ദ സ്ക്വയർ**
**(വചനാധിഷ്ഠിത ജീവിതം നയിക്കാൻ)**


**ആവശ്യമായ വസ്തുക്കൾ :**

ചാർട്ട് പേപ്പറിന്റെ നാലിലൊന്ന് വലിപ്പമുള്ള ഒരു സമചതുരം ഏഴ് കഷണങ്ങൾ (വ്യത്യസ്ത ആകൃതികളിൽ ഉള്ള) ആയി മുറിച്ചത് നാല് സെറ്റുകൾ

**ഗെയിം:**

സമചതുരത്തെ ഏഴു കഷണങ്ങളായി മുറിച്ച്, ഓരോ സെറ്റിലെയും കഷണങ്ങളെ വേർതിരിച്ചറിയാൻ കഴിയുന്ന രീതിൽ തുടർച്ചയായി നമ്പരിട്ട് അടയാളപ്പെടുത്തണം. ഉദാ. : ആദ്യ സെറ്റ് :1a, 1b, 1c, 1d, 1e, 1f, 1g. രണ്ടാം സെറ്റ് :2a, 2b, 2c, 2d, 2e, 2f, 2g. മൂന്നാം സെറ്റ്: 3a, 3b, 3c, 3d, 3e, 3f, 3g നാലാം സെറ്റ് : 4a, 4b, 4c, 4d, 4e, 4f, 4g.

ഗ്രൂപ്പുകൾക്ക് ഓരോ സെറ്റ് കഷണങ്ങൾ വീതം നൽകുന്നു. എന്നാൽ, ഇപ്രകാരം നൽകുന്നതിനു മുമ്പ്, അവർ അറിയാതെ ഒന്നാമത്തെ സെറ്റിൽ നിന്ന് ഒരു കഷണം (1a) രണ്ടാമത്തെ സെറ്റിലും, രണ്ടാമത്തെ സെറ്റിൽ നിന്ന് ഒരു കഷണം (2b) മൂന്നാമത്തെ സെറ്റിലും, മൂന്നാമത്തെ സെറ്റിൽ നിന്ന് ഒരു കഷണം (3c) നാലാമത്തെ സെറ്റിലും, നാലാമത്തെ സെറ്റിൽ നിന്ന് ഒരു കഷണം (4d) ഒന്നാമത്തെ സെറ്റിലും വയ്ക്കുന്നു. ഇപ്രകാരം മാറ്റി വച്ച കാര്യം കുട്ടികൾ അറിയരുത്. ഇപ്രകാരം മാറ്റി വയ്ക്കുന്ന കഷണങ്ങൾ ഒരേ ആകൃതിയുള്ളവയും ആവരുത്.




തങ്ങൾക്ക് ലഭിച്ചിരിക്കുന്നത് ഒരു സമചതുരത്തിന്റെ ഏഴ് കഷണങ്ങൾ ആണെന്നും ഈ ഏഴു കഷണങ്ങൾ ഉപയോഗിച്ച് പൂർണമായ സമചതുരം ഉണ്ടാക്കുന്ന ഗ്രൂപ്പ് വിജയികളാവും എന്നും ടീച്ചർ പറയുന്നു. ഗെയിം ആരംഭിക്കുന്നു. എന്നാൽ, ടീച്ചർ ഓരോ കഷണം വീതം മാറ്റി വച്ചിരിക്കുന്നതിനാൽ സമചതുരം ഉണ്ടാക്കുവാൻ കുട്ടികൾക്ക് കഴിയില്ല. രണ്ടോ മൂന്നോ മിനിറ്റുകൾ കഴിയുമ്പോൾ ടീച്ചർ ഗ്രൂപ്പുകളോട് ഗെയിം അൽപ്പസമയത്തേക്ക് നിർത്തി വയ്ക്കാൻ പറയുന്നു. ഓരോ ഗ്രൂപ്പിനും വേണ്ടാത്ത ഒരു കഷണം അവരുടെ കൈയിൽ ഉണ്ടെന്നും പറയുന്നു. ഇപ്രകാരം വേണ്ടാത്ത കഷണം ഏതാണെന്ന് തിരിച്ചറിയാൻ ഈ കഷണങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പരുകൾ പരിശോധിച്ചാൽ മതിയെന്നും പറയണം. തങ്ങൾക്ക് വേണ്ടാത്ത കഷണം കണ്ടെത്തി ടീച്ചറിന്റെ

അടുത്ത് ആദ്യം എത്തിക്കുന്ന ഗ്രൂപ്പിന് ബോസസ് പോയിന്റുകൾ ലഭിക്കും എന്ന് പ്രഖ്യാപിക്കുന്നു. ഗ്രൂപ്പുകൾ കൊണ്ടുവരുന്ന ആവശ്യമില്ലാത്ത കഷണം ടീച്ചർ സ്വീകരിക്കുകയും അവ ശരിയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇപ്രകാരം നാലു ഗ്രൂപ്പുകളും ഓരോ കഷണം വീതം എത്തിച്ച് കഴിയുമ്പോൾ, ഈ കഷണങ്ങളിൽ ഓരോന്ന് ഓരോ ഗ്രൂപ്പിനും യഥാർത്ഥത്തിൽ വേണ്ടവയാണെന്ന് ടീച്ചർ പറയുന്നു. ഗ്രൂപ്പുകളിൽ നിന്ന് ഒരാൾ വന്ന് അവർക്ക് വേണ്ടത് കൊണ്ടുപോകുവാൻ ആവശ്യപ്പെടുന്നു. എല്ലാ ഗ്രൂപ്പും അവർക്ക് വേണ്ട കഷണം ടീച്ചറുടെ പക്കൽ നിന്ന് എടുത്താൽ ഗെയിം പുനരാരംഭിക്കുന്നു. ആദ്യം സമചതുരം നിർമ്മിക്കുന്ന ഗ്രൂപ്പിന് പോയിന്റോ സമ്മാനമോ ഒക്കെ ടീച്ചർ പ്രഖ്യാപിക്കുന്നു.

**ഡിബ്രീഫിംഗ്:**

സമചതുരത്തിന്റെ പ്രത്യേകത  അതിന്റെ നാലു വശങ്ങളും തുല്യമാണെന്നുള്ളതാണ്. ഇതിൽ ഏതാണ് കൂടുതൽ പ്രധാനമെന്ന് ചോദിച്ചാൽ, എല്ലാ വശങ്ങളും ഒരുപോലെ പ്രാധാന്യമുള്ളതാണെന്ന് പറയാം. ഈ ഗെയിമിൽ സമചതുരമുണ്ടാക്കുവാൻ എഴു കഷണങ്ങൾ ആവശ്യമായി വരുന്നു. എന്നാൽ, ആദ്യഘട്ടത്തിൽ ഗ്രൂപ്പുകൾക്ക് ഇത് സാധിക്കുന്നില്ല. അതിന് കാരണം, അവർക്ക് ആവശ്യമില്ലാത്ത ഒരു കഷണം ആ സെറ്റിൽ ഉണ്ടായിരുന്നു. അതു കൂടാതെ, അവർക്ക് ആവശ്യമുള്ള ഒരു കഷണം അവരുടെ കൈയിൽ ഇല്ലാതിരിക്കുകയും ചെയ്തു. ഈ ഏഴു കഷണങ്ങളും ഒരുമിച്ച്, ഓരോന്നും ചേരേണ്ടവശത്ത് ചേരുമ്പോൾ സമചതുരം ലഭിക്കുന്നു. എന്താണ് തങ്ങളുടെ ഗ്രൂപ്പിന് വേണ്ടാത്തത് എന്ന് ഓരോ ഗ്രൂപ്പും തിരിച്ചറിയണം. ഇപ്രകാരം തിരിച്ചറിഞ്ഞാൽ, അത് വിട്ട് കളയണം. തുടർന്ന് ആ ശൂന്യതയിലേക്ക് വേണ്ടതിനെ സ്വീകരിക്കണം.

വചനാധിഷ്ഠിത ജീവിതവുമായി ഈ ഗെയിമിനെ നമുക്ക് നന്നായി ബന്ധിപ്പിക്കാം. ഇതിന്റെ അടിസ്ഥാനതത്വങ്ങൾ ഈ ഗെയിമിൽ അന്തർലീനമാണ്. ഈ സമചതുരം ഞാനെന്ന ക്രൈസ്തവന്റെ വചനാധിഷ്ഠിത ജീവിതമാണ്. അതിന്റെ നാലു വശങ്ങൾ : എനിക്ക് വചനമായ ഈശോയോടുള്ള ബന്ധം, ഈ ബന്ധത്തിൽ നിന്നും ഉണ്ടാവുന്ന രണ്ടാമത്തെ ബന്ധം: എനിക്ക് എന്നോട് തന്നെയുള്ള ബന്ധം, എനിക്ക് സഹോദരരോട് ഉള്ള ബന്ധം, എനിക്ക് പ്രപഞ്ചത്തോടുള്ള ബന്ധം. ഈ നാലു ബന്ധങ്ങളും തിരുവചനങ്ങൾക്കനുസരിച്ച് ആവുമ്പോൾ എന്റെ ജീവിതം തന്നെ വചനാധിഷ്ഠിതമാവുന്നു. ഇതിൽ ഏതാണ് കൂടുതൽ

പ്രധാനം എന്ന് പറയുന്നതിനേക്കാൾ, നാലും അതിന്റേതായ സ്ഥാനം വഹിക്കുന്നുവെന്ന് പറയുന്നതാവും കൂടുതൽ നല്ലത്. ഈ വചനാധിഷ്ഠിതജീവിതത്തിന് ഏഴ് ഘടകങ്ങൾ ഉണ്ട്. ഈ ഏഴ് ഘടകങ്ങൾ ആണ് നമ്മൾ ഇനി കാണുവാൻ പോവുന്നത്. ഇതിൽ ഏതെങ്കിലും ഒരു ഭാഗം നമ്മിൽ ഇല്ല എങ്കിൽ പൂർണമായ അർത്ഥത്തിൽ വചനാധിഷ്ഠിത ജീവിതം എന്നിൽ നടക്കുന്നില്ല. (ഗെയിമിൽ ആദ്യ ഭാഗത്ത് ഒരു കഷണം നമ്മുടെ കൈയിൽ ഇല്ലാതെ വന്നപ്പോൾ സംഭവിച്ചതുപോലെ). അതുപോലെ തന്നെ, നമ്മുടെ ജീവിതത്തിൽ നാം ആവശ്യമില്ലാതെ കൂടെ കൂട്ടുന്ന ചില കാര്യങ്ങൾ (ശീലങ്ങൾ, ചിന്തകൾ, മനോഭാവങ്ങൾ, പ്രവൃത്തികൾ മുതലായവ) വചനാധിഷ്ഠിതജീവിതം നയിക്കുന്നതിൽ നിന്നും നമ്മെ തടയുകയും ചെയ്യും. (ഗെയിമിന്റെ ആദ്യ ഭാഗത്ത് ആവശ്യമില്ലാത്ത ഒരു കഷണം ഇരുന്നതുപോലെ). ഇവയെ തിരിച്ചറിയണം. വേണ്ടതിനെ സ്വീകരിക്കണം. വചനാധിഷ്ഠിത ജീവിതത്തിന് ആവശ്യമായ ഏഴ് കാര്യങ്ങൾ ടീച്ചർ സ്ലൈഡിന്റെയോ, ചാർട്ടിന്റെയോ, ബ്ലാക്ക് ബോർഡിന്റെയോ സഹായത്തോടെ വിവരിക്കുന്നു.

**ക്രോഡീകരണം**

വചനാധിഷ്ഠിത ജീവിതം നയിക്കുവാൻ

1. ദൈവവചനം വായിക്കണം  വചനം വായിക്കേണ്ട രീതികൾ : പ്രാർത്ഥിക്കുവാൻ വേണ്ടി വായിക്കുന്നു; പഠിക്കുവാൻ വേണ്ടി വായിക്കുന്നു.
2. ദൈവവചനം ശ്രവിക്കണം : മറിയം ശ്രവിച്ചതുപോലെ (പാഠപുസ്തകത്തിൽ നിന്നും ടീച്ചർ പരിചയപ്പെടുത്തുന്നു).
3. ദൈവവചനത്തിന്റെ അർത്ഥം ഗ്രഹിക്കണം  ഈശോ വചനത്തിലൂടെ എന്ത് പറയുന്നുവെന്ന് തിരിച്ചറിയുക.
4. ദൈവവചനം ധ്യാനിക്കണം  ഞാൻ എന്ത് ചെയ്യണമെന്നാണ് ഈശോ വചനത്തിലൂടെ ആഗ്രഹിക്കുന്നത് എന്ന് തിരിച്ചറിയുക.
5. ദൈവവചനാനുസൃതം പ്രവർത്തിക്കണം  ദൈവവചനം പ്രവർത്തികളിലേക്ക് വരണം : വചനാധിഷ്ഠിത ജീവിതത്തിന മദർ തെരേസയുടെ സൂത്രവാക്യം "You did it for me" ഇവിടെ ടീച്ചർ പരിചയപ്പെടുത്തണം. നാം ചെയ്യുന്ന ഏത് കാര്യവും ഈശോയ്ക്കായി ചെയ്യുക എന്നതാണ് ഇതിന്റെ അടിസ്ഥാനം. പഠിതാക്കളുടെ വലതു കൈയുടെ വിരലുകളിൽ ഈ അഞ്ച് വാക്കുകൾ പല പ്രാവശ്യം ആവർത്തിച്ച് ഉറപ്പിക്കുക
6. ദൈവവചനം പ്രഘോഷിക്കണം.
7. ദൈവശക്തിക്കായി പ്രാർത്ഥിക്കണം.


**കർമ്മ പദ്ധതി രൂപീകരണം (ചർച്ച & ഡിജിറ്റൽ പ്രസന്റേഷൻ)**

വി. യാക്കോബിന്റെ ലേഖനം 2 : 14-17 ക്ലാസ്സിൽ പൊതുവായി വായിക്കുക. തുടർന്ന് വായിച്ച വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, വചനാധിഷ്ഠിതമായി നമ്മുടെ ജീവിതശൈലികളെ എങ്ങനെ രൂപീകരിക്കണം എന്ന് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ഒരു കർമ്മ പദ്ധതി രൂപീകരിക്കുക. ഓരോ ഗ്രൂപ്പിന്റെയും ആശയങ്ങൾ ഗ്രൂപ്പിൽ നിന്ന് ഒരാൾ ക്രോഡീകരിക്കണം. ഇപ്രകാരം നാലുഗ്രൂപ്പുകളിൽ നിന്നും ക്രോഡീകരിച്ച ആശയങ്ങൾ ഒരു ഡിജിറ്റൽ പ്രസന്റേഷനായി അടുത്ത ക്ലാസ്സിൽ അവതരിപ്പിക്കണം. ഇതിനായി നാലു ഗ്രൂപ്പുകളിൽ നിന്നുമുള്ള കുട്ടികൾ അടങ്ങിയ ഒരു ഗ്രൂപ്പിനെ ടീച്ചർ ചുമതലപ്പെടുത്തുന്നു.



**എന്റെ ബോധ്യങ്ങൾ**

1. ദൈവവചനം വെറും വാക്കുകളല്ല, ദൈവത്തിന്റെ വചനമാണ്, ദൈവംതന്നെയാണ്.
2. എന്നെ രൂപാന്തരപ്പെടുത്തുവാനും വിശുദ്ധീകരിക്കുവാനും രക്ഷിക്കുവാനും തിരുവചനത്തിന് സാധിക്കും.
3. ജീവിതത്തിൽ ലക്ഷ്യബോധത്തോടെ മുന്നേറുന്നതിനും പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും ദൈവവചനത്തിലൂടെ എനിക്ക് സാധിക്കും.



**ദൈവവചനം വായിക്കാം**

വി. ലൂക്കാ സുവിശേഷം
അദ്ധ്യായങ്ങൾ 6-10



**ഹൃദയം ദീപ്തമാക്കാം**

"അങ്ങേയ്ക്കെതിരെ പാപം
ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ
വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു"
(സങ്കീ 119:11).



**എന്റെ തീരുമാനം**

ആഴ്ചയിൽ ഒരു ദൈവവചനമെങ്കിലും
മന:പാഠമാക്കി അത് ജീവിതത്തിൽ
പ്രാവർത്തികമാക്കും.

അദ്ധ്യായം 10

# നന്മയിൽ വളരാം തിന്മക്കെതിരെ പോരാടാം

## പാഠവിശകലനം

സമൂഹത്തിൽ ഇന്ന് തിന്മയുടെ ശക്തികൾ പലവിധത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിനെതിരെ പ്രിതകരിക്കുവാൻ ക്രൈസ്തവരായ നമുക്ക് കടമയുണ്ടെന്നുമാണ് ഈ പാഠം വിശകലനം ചെയ്യുന്നത്.

## ലക്ഷ്യം

ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ തിന്മപ്രവർത്തികളുടെയും പിന്നിൽ സാത്താന്റെ കരങ്ങളാണെന്നും, അതുകൊണ്ട് യേശുവിനെ മാതൃകയാക്കി ഈ തിന്മകൾക്കെതിരെ പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## ബോധ്യം

പ്രലോഭനങ്ങളെ അതിജീവിക്കാനും, ചെറുത്തുതോല്പിക്കാനും നമുക്ക് സാധിക്കുമെന്നും, തിന്മക്കെതിരെയുള്ള പോരാട്ടത്തിൽ ഈശോയാണ് നമ്മുടെ മാതൃകയെന്നും ഉള്ള ബോധ്യം കുട്ടികളിൽ ജനിപ്പിക്കുന്നു.

## ശീലം

ഒരുവൻ പ്രവർത്തിക്കുന്ന മേഖലകളിൽ എവിടെ തിന്മയുടെ പ്രവർത്തികൾ കണ്ടാലും അതിനെതിരെ പ്രതികരിക്കുക എന്ന ശീലം കുട്ടികളിൽ ഉണ്ടാകുന്നു.

## പ്രധാന ആശയങ്ങൾ

1. പ്രലോഭനങ്ങളെ അതിജീവിക്കാനും തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനും കടപ്പെട്ടവരാണ് ക്രൈസ്തവർ.
2. ഈശോയെപ്പോലെ ഓരോ ക്രൈസ്തവനും ആത്മനിയന്ത്രണത്താലും, വിശുദ്ധജീവിതത്താലും പാപത്തിന്റെ ഭരണത്തെ പരാജയപ്പെടുത്തണം.
3. നാല്പതുദിവസത്തെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ശക്തിയാർജ്ജിച്ച് ദൈവവചനത്താലാണ് ഈശോ സാത്താന്റെ പ്രലോഭനങ്ങളെ തോല്പിച്ചത്.

4. തിന്മക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന് രണ്ട് തലങ്ങൾ ഉണ്ട്. അത് തിന്മക്കെതിരെയുള്ള ആന്തരിക ശക്തികൾക്കും ബാഹ്യശക്തികൾക്കുമെതിരെയുള്ള പോരാട്ടമാണ്.

5. നമ്മിൽതന്നെയുള്ള ജഡികാസക്തികളാണ് തിന്മയുടെ ആന്തരിക ശക്തികൾ.

6. രണ്ട് തരത്തിലുള്ള തിന്മയുടെ ബാഹ്യശക്തികൾക്കെതിരെ പോരാടേണ്ടവരാണ് ക്രൈസ്തവർ - സാത്താൻ, സാമൂഹികതിന്മകൾ.

7. സാത്താൻ മനുഷ്യരിൽ പ്രവർത്തിക്കുന്നത് 4 തലങ്ങളിലാണ്. (1) അടിച്ചമർത്തൽ (2) അഭിനിവേശം (3) പ്രലോഭനം (4) അധിനിവേശം.

8. ഇന്നത്തെ തലമുറയിലെ യുവജനങ്ങളെ വഴി തെറ്റിക്കുന്നവയാണ് സാത്താൻ ആരാധനയും, ഓജോ ബോർഡും.

9. അനവധിപേരുടെ പാപത്തിൽ നിന്ന് ഉത്ഭവിക്കുകയും നിലനിൽക്കുകയും നിരവധി പേരുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നതാണ് സാമൂഹിക തിന്മകൾ.

10. സാമൂഹിക തിന്മകൾ വ്യക്തികൾ പൂർണ്ണ അറിവോടും, സ്വാതന്ത്ര്യത്തോടും കൂടെ ചെയ്യുന്നവയാകണമെന്നില്ല. മറിച്ച് സമൂഹത്തിലെ തിന്മനിറഞ്ഞ വ്യവസ്ഥിതിയിൽ അറിയാതെ പങ്കുകാരാവുകയാണ് ചെയ്യുന്നത്.

11. സാമൂഹികതിന്മകൾക്കെതിരെ മൂന്ന് തരത്തിൽ പ്രതികരിക്കാം (1) ആശയപരം (2) സംഘടനാപരം (3) സാംസ്കാരികം.

12. തിന്മയുടെ ശക്തികൾക്കെതിരെ പോരാടുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

    a) തിന്മക്കെതിരെ ജാഗ്രത പുലർത്തണം
    b) കൂദാശകളിലൂടെ ശക്തിപ്പെടണം
    c) ദൈവവചനം പാലിച്ച് ജീവിക്കണം
    d) പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നിരന്തരം കരുത്താർജ്ജിക്കണം.
    e) കൂട്ടായ്മയിൽ വർത്തിക്കണം.

**അടിസ്ഥാന ഗ്രന്ഥങ്ങൾ:** വി.ഗ്രന്ഥം, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, യൂകാറ്റ്, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ.

**പഠനോപകരണങ്ങൾ**

(1) ചാർട്ടുകൾ (2) ചിത്രങ്ങൾ (3) വീഡിയോ ക്ലിപ്പ്സ്

**പാഠാവതരണം**

**മൊഡ്യൂൾ 1 ആമുഖം മുതൽ സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടം വരെ**

(സമയം 1 മണിക്കൂർ)

**പ്രവർത്തനം 1 : ഗ്രൂപ്പ് ചർച്ച**

*പാഠഭാഗവുമായി ബന്ധപ്പെട്ട് ഒരു പ്രാർത്ഥനയിലൂടെ ടീച്ചർ ക്ലാസ്സിലേക്ക് പ്രവേശിക്കുന്നു. തുടർന്ന് ക്ലാസ്സിനെ പലഗ്രൂപ്പുകളാക്കി തിരിക്കുന്നു.* തുടർന്ന് താഴെ പറയുന്ന ബൈബിൾ ഭാഗങ്ങൾ ഗ്രൂപ്പിക്കാൻ വായിക്കാൻ ആവശ്യപ്പെടുന്നു.

ഉത്പ 37 ൽ 2-2, 25, 28, 36 ഉത്പ 39: 21-23, ഉത്പ 41: 37-56, ഉത്പ 45: 1-23

അതിനുശേഷം താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു.

1. ജോസഫിന്റെ നന്മകൾ എന്തെല്ലാമാണ്?
2. നന്മചെയ്തതിനാൽ ജോസഫിന് ലഭിച്ച ഉപകാരങ്ങൾ എന്തെല്ലാം?
3. ജോസഫിന്റെ നന്മകൊണ്ട് മറ്റുള്ളവർക്ക് എന്തെല്ലാം നന്മകൾ ഉണ്ടായി?
4. ജോസഫിന്റെ സഹോദരങ്ങൾക്കും രാജാവിന്റെ പാചകപ്രമാണിക്കും എന്തുസംഭവിച്ചു?

കുട്ടികൾ ചർച്ചചെയ്ത് കണ്ടുപിടിച്ച ഉത്തരങ്ങൾ ടീച്ചർ ക്ലാസ്സിൽ ഗ്രൂപ്പ് ലീഡറെകൊണ്ട് വായിപ്പിക്കുന്നു.

തുടർന്ന് ടീച്ചർ ജോസഫിനെകുറിച്ച് വിശദമായി കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുന്നു. ജോസഫിനെ ജീവിതവിജയത്തിലേക്ക് നയിച്ച ഘടകങ്ങൾ ഏവയെന്ന് ഒരു ചാർട്ടിന്റെ സഹായത്താൽ വിശദീകരിക്കുന്നു.

| ജോസഫിനെ വിജയത്തിലേക്ക് നയിച്ച ഘടകങ്ങൾ |
| --- |
| (1) സ്നേഹം (2) ക്ഷമ (3) നീതി (4) വിവേകം (5) നിഷ്കളങ്കത (6) സംയമനം (7) ബുദ്ധി (8) ദൈവകൃപ |

**ക്രോഡീകരണം**

പ്രലോഭനങ്ങളെ അതിജീവിക്കാനും തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ.

**പ്രവർത്തനം *2 : പൊതുചർച്ച***

ഗെഡ്സെമിൻ തോട്ടത്തിൽ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന യേശുവിന്റെ ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് ടീച്ചറും കുട്ടികളും തമ്മിലുള്ള പൊതുചർച്ചയിലൂടെ താഴെ പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

ഈശോയെപ്പോലെ ഓരോ ക്രൈസ്തവനും ആത്മനിയന്ത്രണത്താലും, വിശുദ്ധജീവിതത്താലും പാപത്തിന്റെ ഭരണത്തെ പരാജയപ്പെടുത്തണം. നാല്പതുദിവസത്തെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ശക്തിയാർജ്ജിച്ച് ദൈവവചനത്താലാണ് ഈശോ സാത്താന്റെ പ്രലോഭനങ്ങളെ തോല്പിച്ചത്.

**പ്രവർത്തനം *3 : ഗ്രൂപ്പ് ചർച്ച***

അദ്ധ്യാപിക ക്ലാസ്സിലെ ഗ്രൂപ്പുകൾക്ക് തിന്മയുടെ സ്വാധീനം കൊണ്ട് ഇന്നത്തെ ലോകത്തിന് നഷ്ടമാകുന്ന നന്മകൾ ഏതെല്ലാമാണെന്ന് ചർച്ചചെയ്ത് കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു. കുട്ടികളുടെ അവതരണത്തിന്ശേഷം, ഫ്രാൻസിസ് മാർപാപ്പ 2018 ആഗസ്റ്റ് 1-ാം തിയ്യതി യുവാക്കളോട് പറഞ്ഞത് വിശദീകരിക്കുന്നു.

**ക്രോഡീകരണം**

തിന്മക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന് രണ്ട് തലങ്ങൾ ഉണ്ട്. അത് തിന്മക്കെതിരെയുള്ള ആന്തരിക ശക്തികൾക്കും ബാഹ്യശക്തികൾക്കുമെതിരെയുള്ള പോരാട്ടമാണ്.

**നാം പോരാടേണ്ട ജഡികമോഹങ്ങൾ**

(1) വ്യഭിചാരം (2) ശത്രുത (3) ഭിന്നത (4) അശുദ്ധി
(5) കലഹം (6) വിഭാഗീയത (7) ചിന്ത (8) ദുർവൃത്തി (9) അസൂയ (10) വിദ്വേഷം (11) മദ്യപാനം (12) കോപം (13) വിഗ്രഹാരാധന (14) ആഭിചാരം
(15) മാത്സര്യം
(16) മതിരാത്സവം (ഗലാ 5: 19 – 21)

**പ്രവർത്തനം 4 : *ചാർട്ട് പ്രദർശനം***

ഇന്നത്തെ സമൂഹത്തിൽ കുട്ടികളായ നിങ്ങൾ പോരാടി തോൽപ്പിക്കേണ്ട ജഡികമോഹങ്ങൾ ഏവയെന്ന് നോട്ടുബുക്കിൽ കുറിക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് ടീച്ചർ നാം പോരാടേണ്ട ജഡിക മോഹങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

**ക്രോഡീകരണം**

നമ്മിൽതന്നെയുള്ള ജഡികാസക്തികളാണ് തിന്മയുടെ ആന്തരിക ശക്തികൾ. രണ്ട് തരത്തിലുള്ള തിന്മയുടെ ബാഹ്യശക്തികൾക്കെതിരെ പോരാടേണ്ടവരാണ് ക്രൈസ്തവർ – സാത്താൻ, സാമൂഹികതിന്മകൾ. സാത്താൻ മനുഷ്യരിൽ പ്രവർത്തിക്കുന്നത് 4 തലങ്ങളിലാണ്. (1) അടിച്ചമർത്തൽ (2) അഭിനിവേശം (3) പ്രലോഭനം (4) അധിനിവേശം. ഇന്നത്തെ തലമുറയിലെ യുവജനങ്ങളെ വഴി തെറ്റിക്കുന്നവയാണ് സാത്താൻ ആരാധനയും, ഓജോ ബോർഡും.

**തുടർപ്രവർത്തനം**

മരിച്ചവരുടെ ആത്മാക്കളെ വിളിച്ചുവരുത്തി സുവിശേഷം പ്രസംഗിച്ച് അവരെ രക്ഷിക്കാം. ഈ പ്രസ്താവന ശരിയോ തെറ്റോ? എന്തുകൊണ്ട്? ഈ ചോദ്യത്തിന്റെ ഉത്തരം ഒരു assignment ആയി എഴുതി കൊണ്ടുവരിക.

**പാഠാവതരണം**

**മൊഡ്യൂൾ 2 സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടം മുതൽ പാഠാവസാനം വരെ (സമയം 1 മണിക്കൂർ)**

സമൂഹത്തിൽ ഇന്ന് കാണുന്ന സാമൂഹികതിന്മകളെക്കുറിച്ച് പരാമർശിക്കുന്ന ഒരു പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിക്കുന്നു.

**പ്രവർത്തനം 1 : വീഡിയോക്ലിപ്പ് പ്രദർശനം**

ഇന്ന് സമൂഹത്തിൽ നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന സാമൂഹിക തിന്മകൾ ഏതെല്ലാമെന്ന് ടീച്ചർ കുട്ടികളോട് ചോദിക്കുന്നു. അവർ ഉത്തരങ്ങൾ പറഞ്ഞതിനുശേഷം ടീച്ചർ കൊണ്ടുവന്നിരിക്കുന്ന മദ്യത്തിന്റെയോ/മയക്കുമരുന്നിന്റെയോ ദുരന്തഫലം പ്രകടിപ്പിക്കുന്ന ഒരു വീഡിയോ ക്ലിപ് ക്ലാസ്സിൽ കാണിച്ച് കൊടുക്കുന്നു. അതിന് ശേഷം ഇന്ന് സമൂഹത്തിൽ പൊതുവെ കാണുന്ന സാമൂഹികതിന്മകളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

**സാമൂഹികതിന്മകൾ**

(1) അക്രമം (2) അനീതി (3) വിവേചനം (4) സ്ത്രീപീഠനം (5) മദ്യപാനം (6) മയക്കുമരുന്ന് (7) ഉപഭോഗസംസ്കാരം (8) മാധ്യമദുരുപയോഗം (9) ബാലവേല (10) സൈബർകുറ്റകൃത്യങ്ങൾ (11) അശാസ്ത്രീയമായ മാലിന്യസംസ്ക്കരണം (12) മതരാഷ്ട്രീയ തീവ്രവാദം (13) പരിസ്ഥിതി മലിനീകരണം

**ക്രോഡീകരണം**

അനവധിപേരുടെ പാപത്തിൽ നിന്ന് ഉത്ഭവിക്കുകയും നിലനിൽക്കുകയും നിരവധി പേരുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നതാണ് സാമൂഹിക തിന്മകൾ. സാമൂഹിക തിന്മകൾ വ്യക്തികൾ പൂർണ്ണ അറിവോടും, സ്വാതന്ത്ര്യത്തോടും കൂടെ ചെയ്യുന്നവയാകണമെന്നില്ല. മറിച്ച് സമൂഹത്തിലെ തിന്മനിറഞ്ഞ വ്യവസ്ഥിതിയിൽ അറിയാതെ പങ്കുകാരാവുകയാണ് ചെയ്യുന്നത്.

## *പ്രവർത്തനം 2 : ഗ്രൂപ്പ് ചർച്ച*

ഇന്ന് സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്ന മദ്യത്തിനും, മയക്കുമരുന്നിനും എതിരായി നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ടീച്ചർ ക്ലാസ്സിനെ ഗ്രൂപ്പ് തിരിച്ച് ചർച്ചചെയ്യാൻ അനുവദിക്കുന്നു. അവർക്ക് കിട്ടുന്ന ഉത്തരങ്ങൾ ക്ലാസ്സിൽ ഗ്രൂപ്പ് ലീഡർ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം**

സാമൂഹികതിന്മകൾക്കെതിരെ മൂന്ന് തരത്തിൽ പ്രതികരിക്കാം

(1) ആശയപരം (2) സംഘടനാപരം (3) സാംസ്കാരികം

## *പ്രവർത്തനം 3 : പൊതു ചർച്ച*

നമ്മുടെ സമൂഹത്തിൽ പ്രത്യേകിച്ച് ഇടവകയിൽ സാമൂഹിക തിന്മകൾക്കെതിരെ പോരാടുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് ടീച്ചർ കുട്ടികളുമായി ചർച്ചചെയ്യുന്നു.

**ക്രോഡീകരണം**

തിന്മയുടെ ശക്തികൾക്കെതിരെ പോരാടുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

a തിന്മക്കെതിരെ ജാഗ്രത പുലർത്തണം

b കൂദാശകളിലൂടെ ശക്തിപ്പെടണം

c ദൈവവചനം പാലിച്ച് ജീവിക്കണം

d പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നിരന്തരം കരുത്താർജ്ജിക്കണം.

e കൂട്ടായ്മയിൽ വർത്തിക്കണം.

## തുടർപ്രവർത്തനം

ഇടവകയിലെ ക്രിസ്തീയകൂട്ടായ്മ വളർത്തുന്നതിന് നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും. ഒരു കുറിപ്പ് തയ്യാറാക്കി അടുത്ത ക്ലാസ്സിൽ കൊണ്ടുവരിക.



**എന്റെ ബോധ്യങ്ങൾ**

1. തിന്മയുടെ ശക്തികളെ അതിജീവിക്കാനും ചെറുത്തു തോൽപ്പിക്കാനും ദൈവകൃപയാൽ എനിക്ക് സാധിക്കും.
2. പ്രലോഭനങ്ങളെ അതിജീവിക്കാനും തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനും കടപ്പെട്ടവരാണ് ക്രൈസ്തവർ.
3. തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ഈശോയാണ് എന്റെ മാതൃക.



**ദൈവവചനം വായിക്കാം**

വി. ലൂക്കാ സുവിശേഷം

അദ്ധ്യായങ്ങൾ 11-15



**ഹൃദയം ദീപ്തമാക്കാം**

“തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ.
തിന്മയെ നന്മകൊണ്ടണ്ട് കീഴടക്കുവിൻ”
(റോമാ 12:21).



**എന്റെ തീരുമാനം**

ആഴ്ചയിൽ ഒരു ദൈവവചനമെങ്കിലും
മന:പാഠമാക്കി അത് ജീവിതത്തിൽ പ്രാവർത്തികമാക്കും.

# ക്രിസ്തീയജീവിതം സന്തോഷത്തിന്റെ ജീവിതം

**പാഠവിശകലനം**

ഈ ലോകജീവിതത്തിൽ എങ്ങനെ സന്തോഷകരമായ ജീവിതം നയിച്ച് ഈശോ നൽകുന്ന നിത്യമായ ആനന്ദം അനുഭവിക്കാനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ചാണ് ഈ പാഠം വിശകലനം ചെയ്യുന്നത്.

**ലക്ഷ്യം**

ഈ ലോകജീവിതത്തിൽ സന്തോഷകരമായ ജീവിതം നയിച്ച് നമ്മൾ ഈശോ നൽകുന്ന നിത്യമായ ആനന്ദത്തിലേക്ക് എത്തിച്ചേരുന്നു.

**ബോധ്യം**

സമ്പത്തോ സുഖസൗകര്യങ്ങളോ എന്നേക്കും നിലനിൽക്കുന്ന ദിവ്യമായ സന്തോഷത്തിലേക്ക് നമ്മെ നയിക്കുന്നില്ലെന്നും, ഉത്ഥിതനായ ഈശോയെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥമായ സന്തോഷത്തിന്റെ പൂർണ്ണതയെന്നുമുള്ള ബോധ്യം കുട്ടികളിൽ ജനിപ്പിക്കുന്നു.

**ശീലം**

ഈശോയെ മാതൃകയാക്കി സുവിശേഷത്തിൽ അടിയുറച്ച് സന്തോഷകരമായ ഒരു ജീവിതം നയിക്കാനുള്ള ശീലം കുട്ടികളിൽ വളർത്തിയെടുക്കുന്നു.

**പ്രധാന ആശയങ്ങൾ**

1. ഈ ലോകജീവിതത്തിൽ ഈശോ നൽകുന്ന നിത്യമായ ആനന്ദത്തിലേക്ക് എത്തിച്ചേരുകയാണ് ക്രൈസ്തവന്റെ ലക്ഷ്യം.
2. ക്രിസ്തീയ ജീവിതം സന്തോഷകരമാകണമെങ്കിൽ നമ്മുടെ ജീവിതം ഉത്ഥിതനായ ഈശോയിലുള്ള ജീവിതവുമായി താദാത്മ്യം പ്രാപിക്കണം.
3. സമ്പത്തോ, സുഖസൗകര്യങ്ങളോ നിത്യമായ സന്തോഷത്തിലേക്ക് നയിക്കുന്നില്ല, ഉത്ഥിതനായ ഈശോയെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ യഥാർത്ഥ സന്തോഷം അനുഭവിക്കാൻ സാധിക്കൂ.
4. ക്രിസ്തീയ ജീവിതം ആനന്ദദായകമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തി നമുക്ക് ലഭിക്കണം.
5. അനുദിനജീവിതത്തിൽ അനവധി സഹനങ്ങളും, ക്ലേശങ്ങളും സഹിക്കേണ്ടിവരുമ്പോഴും, വൈദീകരും സന്യസ്തരും, നമ്മുടെ മാതാപിതാക്കളും ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുന്നത് അവർക്ക് സുവിശേഷം നല്കുന്ന ശക്തിയാലാണ്.

6. ഈ ലോകത്തിൽ എല്ലാവരും സന്തോഷകരമായ ജീവിതം നയിക്കണമെങ്കിൽ ഈശോയെകുറിച്ചുള്ള അറിവ് എല്ലാവർക്കും ഉണ്ടാകണം. ഈ അറിവ് നല്കാൻ ക്രൈസ്തവരായ നമ്മൾക്ക് കടമയുണ്ട്.

7. ഈ ലോകത്തിലെ എല്ലാ ജീവജാലങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തെയും, അതിലെ ജീവികളെയും സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്വം ക്രൈസ്തവർക്കുണ്ട്.

8. ദാരിദ്ര്യവും രോഗങ്ങളും, സഹനവും പീഡനങ്ങളും, വേദനയും അപകീർത്തിയും ഒക്കെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതിനെയെല്ലാം സന്തോഷത്തോടെ സ്വീകരിച്ചവരാണ് നമ്മുടെ വിശുദ്ധർ.

9. ക്രിസ്തീയജീവിതം നിത്യജീവൻ തേടിയുള്ള യാത്രയാണെന്നും, നാം ജീവിക്കുന്ന ഈ ഭൂമിയിൽ സ്വർഗ്ഗം പണിയേണ്ടവരാണ് ക്രൈസ്തവരെന്നും, അതിന് ക്രൈസ്തവരെ സഹായിക്കുന്നതാണ് വിശുദ്ധകൂദാശകളും, പ്രത്യേകിച്ച് വി.കുർബ്ബാനയും.

10. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവസ്നേഹവും, സഹോദരസ്നേഹവുമാണെന്നും, അതുകൊണ്ട് ഈ ലോകത്തിലെ എല്ലാവരേയും ക്രൈസ്തവർ ഒരേ പിതാവിന്റെ മക്കളായി കാണേണ്ടവരാണ്.

11. ഈശോയുടെ സന്തോഷവും സമാധാനവും മനുഷ്യഹൃദയങ്ങളിലേക്ക് എത്തുന്നത് കൂദാശകളിലൂടെയാണ്. പ്രശ്നങ്ങൾ നിറഞ്ഞ് ജീവിതം വഴിമുട്ടുമ്പോഴും, നിരാശ നമ്മെ ഗ്രസിക്കുമ്പോഴും നമ്മെ സന്തോഷജീവിതത്തിലേക്ക് നയിക്കാൻ കൂദാശകൾക്ക് പ്രത്യേകിച്ച് അനുരഞ്ജന കൂദാശയ്ക്ക് കഴിയും.

12. ഈശോയുടെ പാത പിൻതുടർന്ന് നമുക്ക് ഈ ലോകത്തിലുണ്ടാകുന്ന സംശയങ്ങൾ തീർത്ത് സന്തോഷകരമായ ജീവിതം നയിക്കുവാൻ തിരുസഭ നമ്മെ സഹായിക്കുന്നു.

**റഫറൻസ്**


വി.ഗ്രന്ഥം, കത്തോലിക്കാ സഭയുടെ മതബോധഗ്രന്ഥം, ഫ്രാൻസിസ് മാർപാപ്പയുടെ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, ഫ്രാൻസിസ് മാർപാപ്പയുടെ ലൗദാത്തോസി, നമസ്കാരപുസ്തകം.

**പഠനോപകരണങ്ങൾ**

മാസ്ലോയുടെ ആവശ്യങ്ങളുടെ ശ്രേണിയുടെ ചാർട്ട്, ഇതിനെക്കുറിച്ചുള്ള വീഡിയോകൾ, ക്രിസ്തീയ ജീവിതം-അടിസ്ഥാന ആശയങ്ങൾ ചാർട്ട്, വി.അഗസ്തീനോസ്, കാർലോ അക്യൂട്ടിസ് എന്നിവരുടെ ഫോട്ടോകൾ.

**മൊഡ്യൂൾ 1**

## Additional Explanations




**അബ്രഹാം മാസ്ലോയുടെ ആവശ്യങ്ങളുടെ ശ്രേണി (<u>Hierarchy of Needs</u>)**

ലോകപ്രശസ്ത മന:ശാസ്ത്രജ്ഞനായ അബ്രഹാം മാസ്ലോ 1943ൽ അവതരിപ്പിച്ച A theory of human motivation എന്ന പ്രബന്ധത്തിലാണ് "ആവശ്യങ്ങളുടെ ശ്രേണി" എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ മനുഷ്യന്റെ ആവശ്യങ്ങളെ 5 വിഭാഗങ്ങളായി അദ്ദേഹം തിരിച്ചിരിക്കുന്നു.

1. ശാരീരികമായ ആവശ്യങ്ങൾ (Physiological Needs)
2. സുരക്ഷിതത്വ ആവശ്യങ്ങൾ (Safety Needs)
3. സ്നേഹസംബന്ധമായ ആവശ്യങ്ങൾ (Belongingness and Love)
4. ആദര സംബന്ധമായ ആവശ്യങ്ങൾ (Esteem Needs)
5. വ്യക്തിത്വ ആവശ്യങ്ങൾ (Self-actualization)

ഇതിൽ Physiological and Safety Needs എന്നിവ എല്ലാ മനുഷ്യന്റെയും അടിസ്ഥാന ആവശ്യങ്ങൾ ആണ്. എന്നാൽ Belongingness and Love needs, Esteem needs എന്നിവ ഒരുവന്റെ മാനസീകമായ ആവശ്യങ്ങളാണ്. Self-actualization needs ഒരുവന്റെ വ്യക്തിത്വത്തിന്റെ അവസാന ആവശ്യമാണ്. ഇതിൽ എത്തി കഴിയുമ്പോൾ അവൻ യഥാർത്ഥ ആനന്ദം അനുഭവിക്കുമെന്ന് മാസ്ലോ പറയുന്നു. ഒരുവന് ഭക്ഷണവും, വസ്ത്രവും ലഭിക്കുമ്പോഴാണ് അവൻ safety, security എന്നിവയെക്കുറിച്ച് ചിന്തിക്കൂ, ഇത് പൂർത്തീകരിക്കുമ്പോഴാണ് അവൻ സ്നേഹത്തെക്കുറിച്ചും, സ്നേഹബന്ധങ്ങളെക്കുറിച്ചും ചിന്തിക്കുക. അത് പൂർത്തീകരിക്കുമ്പോഴാണ് അവൻ ആത്മാഭിമാനത്തെക്കുറിച്ച് ചിന്തിക്കുക. ഇതിനുശേഷമാണ് അവൻ ആത്മസാക്ഷാൽക്കാരത്തിലേക്ക് എത്തിച്ചേരുകയെന്നാണ് മാസ്ലോ പറയുന്നത്.

## <u>പാഠാവതരണം</u>

**മൊഡ്യൂൾ 1: ആമുഖം മുതൽ സുവിശേഷവത്ക്കരണം വരെ (സമയം ഒരു മണിക്കൂർ)**

**പ്രവർത്തനം 1: ചാർട്ട് പ്രദർശനം**

ക്രിസ്തീയ ജീവിതം സന്തോഷത്തിന്റെ ജീവിതമാണെന്ന് വിശദമാക്കുന്ന ഒരു ചെറിയ പ്രാർത്ഥനയിലൂടെ ടീച്ചർ ക്ലാസ്സിലേക്ക് പ്രവേശിക്കുന്നു.

തുടർന്ന് മാസ്ലോയുടെ ആവശ്യങ്ങളുടെ ശ്രേണി എന്ന് ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അതിനുശേഷം ഇതിനെക്കുറിച്ച് വിശദീകരിച്ച് ഈ ശ്രേണിയിലെ ഏതെല്ലാം ആവശ്യങ്ങൾ നിങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് കണ്ടെത്തി എഴുതുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഈ ശ്രേണി പ്രകാരം ഒരുവൻ എങ്ങനെയാണ് ആത്മസാക്ഷാത്ക്കാരത്തിലേക്ക് എത്തുന്നതെന്നും ഈശോയോടൊപ്പമുള്ള യാത്രയാണ് ഒരു ക്രൈസ്തവനെ ഇതിന് സഹായിക്കുന്നതെന്നും വിശദീകരിക്കുന്നു.

**ക്രോഡീകരണം**
ഈശോ നൽകുന്ന നിത്യമായ സന്തോഷത്തിലേക്ക് എത്തിച്ചേരുകയാണ് ഓരോ ക്രൈസ്തവന്റേയും ലക്ഷ്യമെന്നും കുട്ടികൾക്ക് വിശദീകരിച്ച് കൊടുക്കുന്നു.

**പ്രവർത്തനം 2: (പൊതുചർച്ച)**

പിന്നീട് ടീച്ചർക്രിസ്തീയ-സന്തോഷം അടിസ്ഥാന ആശയങ്ങൾ എന്ന് എഴുതിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് ടീച്ചറും കുട്ടികളും തമ്മിൽ നടത്തുന്ന പൊതു ചർച്ചയിലൂടെ താഴെ പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**
(2)ക്രിസ്തീയ ജീവിതം സന്തോഷകരമാകണമെങ്കിൽ നമ്മുടെ ജീവിതം ഉത്ഥിതനായ ഈശോയിലുള്ള ജീവിതവുമായി താദാത്മ്യം പ്രാപിക്കണമെന്നും, (3)സമ്പത്തോ, സുഖസൗകര്യങ്ങളോ നിത്യമായ സന്തോഷത്തിലേക്ക് നയിക്കുന്നില്ലെന്നും, ഉത്ഥിതനായ ഈശോയെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ യഥാർത്ഥ സന്തോഷം അനുഭവിക്കാൻ സാധിക്കുകയുള്ളൂ.

**പ്രവർത്തനം 3: (പുസ്തക പരിചയം)**

തുടർന്ന് ടീച്ചർ ഫ്രാൻസിസ് മാർപാപ്പയുടെ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്ന പുസ്തകം ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. അതിലെ ''ക്രൈസ്തവജീവിതം പരിശുദ്ധാത്മാവിലുള്ള സന്തോഷമാണ്'' എന്ന ഉദ്ധരണി കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. അതിനുശേഷം ഏതൊക്കെയാണ് പരിശുദ്ധത്മാവിന്റെ ദാനങ്ങളുടെ ഫലങ്ങളും എന്ന് കുട്ടികളുമായി ഒരു ചർച്ച നടത്തുന്നു.

**ക്രോഡീകരണം**
ക്രിസ്തീയ ജീവിതം ആനന്ദദായകമാകണമെങ്കിൽ പരിശുദ്ധാവിന്റെ ശക്തി നമുക്ക് ലഭിക്കണം.

**പ്രവർത്തനം 4: (ഗ്രൂപ്പ് ചർച്ച)**

കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി അവർക്ക് ഇന്ത്യയിലെ വിശുദ്ധരുടെ ചിത്രങ്ങൾ നല്കുന്നു. അതിനുശേഷം ഈ വിശുദ്ധർ എങ്ങനെയാണ് സഹനങ്ങളെ സന്തോഷമാക്കിമാറ്റിയതെന്ന് ഓരോ ഗ്രൂപ്പിനോടും ചർച്ച ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം**
അനുദിനജീവിതത്തിൽ അനവധി സഹനങ്ങളും, ക്ലേശങ്ങളും സഹിക്കേണ്ടിവരുമ്പോഴും, വൈദീകരും സന്യസ്തരും, നമ്മുടെ മാതാപിതാക്കളും ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുന്നത് അവർക്ക് സുവിശേഷം നല്കുന്ന ശക്തിയാലാണ്.ഈ ലോകത്തിൽ എല്ലാവരും സന്തോഷകരമായ ജീവിതം നയിക്കണമെങ്കിൽ ഈശോയെക്കുറിച്ചുള്ള അറിവ് എല്ലാവർക്കും ഉണ്ടാകണം. ഈ അറിവ് നല്കാൻ ക്രൈസ്തവരായ നമ്മൾക്ക് കടമയുണ്ട്.

**തുടർപ്രവർത്തനം**

ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സഹനങ്ങളെ സന്തോഷമാക്കി മാറ്റിയ ഒന്നോ, രണ്ടോ വിശുദ്ധരുടെ ജീവിതത്തെ സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കാൻ രൂപരേഖ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

**മൊഡ്യൂൾ 2**

**പാഠാവതരണം : (പ്രപഞ്ചനന്മയുടെ സൂക്ഷിപ്പ് മുതൽ അവസാനം വരെ, സമയം 1 മണിക്കൂർ)**

**പ്രവർത്തനം 1: (പുസ്തക പരിചയം)**

പാഠഭാഗത്തെ പ്രധാന ആശയങ്ങളെ ആസ്പതമാക്കിയുള്ള ഒരു പ്രാർത്ഥനയോടെ ക്ലാസ്സുകൾ ആരംഭിക്കുന്നു. തുടർന്ന് ടീച്ചർക്ലാസ്സിൽ ഫ്രാൻസീസ് മാർപാപ്പയുടെ ലൗദാത്തോസി എന്ന പുസ്തകം പ്രദർശിപ്പിക്കുന്നു. അതിന് ശേഷം ടീച്ചറും കുട്ടികളും ചേർന്ന് പൊതുചർച്ച നടത്തുന്നു.

**ക്രോഡീകരണം**
ഈ ലോകത്തിലെ എല്ലാ ജീവജാലങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തെയും, അതിലെ ജീവികളെയും സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്വം ക്രൈസ്തവർക്കുണ്ട്.

**പ്രവർത്തനം 2: (പൊതുചർച്ച)**

തുടർന്ന് വി.അൽഫോൻസാമ്മയുടെ ഒരു ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അതിനുശേഷം എങ്ങനെയാണ് തന്റെ ജീവിതത്തിലെ സഹനങ്ങളെ ഈ വിശുദ്ധ സന്തോഷമാക്കി മാറ്റിയതെന്ന് ഒരു പൊതു ചർച്ച നടത്തുന്നു.

> **ക്രോഡീകരണം**
> ദാരിദ്ര്യവും രോഗങ്ങളും, സഹനവും പീഡനങ്ങളും, വേദനയും അപകീർത്തിയും ഒക്കെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതിനെയെല്ലാം സന്തോഷത്തോടെ സ്വീകരിച്ചവരാണ് നമ്മുടെ വിശുദ്ധർ. ക്രിസ്തീയജീവിതം നിത്യജീവൻ തേടിയുള്ള യാത്രയാണെന്നും, നാം ജീവിക്കുന്ന ഈ ഭൂമിയിൽ സ്വർഗ്ഗം പണിയേണ്ടവരാണ് ക്രൈസ്തവരെന്നും, അതിന് ക്രൈസ്തവരെ സഹായിക്കുന്നതാണ് വിശുദ്ധകൂദാശകളും, പ്രത്യേകിച്ച് വി.കുർബ്ബാനയും.

**പ്രവർത്തനം 3: (ഗ്രൂപ്പ് ചർച്ച)**

ടീച്ചർകുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് സ്വന്തം സഹോദരനോട് അന്യായമായി പെരുമാറി സ്വന്തം സന്തോഷവും, സമാധാനവും നഷ്ടപ്പെടുത്തിയ സഹോദരങ്ങളുടെ രണ്ട് വ്യത്യസ്ഥ ജീവിതാനുഭവങ്ങൾ പഴയനിയമത്തിൽ നിന്ന് കണ്ടെത്താനും, സമാനസ്വഭാവമുള്ള സംഭവങ്ങൾ ആനുകാലിക വാർത്തകളിൽ നിന്നും കണ്ടെത്താനും ആവശ്യപ്പെടുന്നു.

> **ക്രോഡീകരണം**
> ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം ദൈവസ്നേഹവും, സഹോദരസ്നേഹവുമാണെന്നും, അതുകൊണ്ട് ഈ ലോകത്തിലെ എല്ലാവരേയും ക്രൈസ്തവർ ഒരേ പിതാവിന്റെ മക്കളായി കാണേണ്ടവരാണ്.

**പ്രവർത്തനം 4: (ചിത്രപ്രദർനം)**

ടീച്ചർ കുമ്പസാരം നടത്തുന്നതിന്റെ ഒരു ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് നല്ല കുമ്പസാരത്തിന് വേണ്ട കാര്യങ്ങൾ ഏതൊക്കെയാണെന്ന് കുട്ടികളോട് ചോദിക്കുന്നു. വി. ഗ്രന്ഥത്തിലെ ധൂർത്തുപുത്രന്റെ ഉപമയിലൂടെയും, പാഠപുസ്തകത്തിന്റെ സഹായത്താലും അനുരഞ്ജനകൂദാശയുടെ പ്രാധാന്യം കുട്ടികൾക്ക് വിശദീകരിച്ച് നല്കുന്നു.

> **ക്രോഡീകരണം**
> ഈശോയുടെ സന്തോഷവും സമാധാനവും മനുഷ്യഹൃദയങ്ങളിലേക്ക് എത്തുന്നത് കൂദാശകളിലൂടെയാണ്. പ്രശ്നങ്ങൾ നിറഞ്ഞ് ജീവിതം വഴിമുട്ടുമ്പോഴും, നിരാശ നമ്മെ ഗ്രസിക്കുമ്പോഴും നമ്മെ സന്തോഷജീവിതത്തിലേക്ക് നയിക്കാൻ കൂദാശകൾക്ക് പ്രത്യേകിച്ച് അനുരഞ്ഞനകൂദാശയ്ക്ക് കഴിയും.

പ്രവർത്തനം 5: (പൊതുചർച്ച)

ടീച്ചർ മംഗളവാർത്തയുടെ ഒരു ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് മാതാവിന് ഈശോയെ ഗർഭം ധരിക്കുമ്പോൾ ഒത്തിരി സംശയങ്ങൾ ഉണ്ടായില്ലേ എന്ന് കുട്ടികളോട് ചോദിക്കുന്നു.അതുപോലെ ഇന്നും സഭയെക്കുറിച്ചും വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചും നിങ്ങൾക്ക് പല തരത്തിലുള്ള സംശയങ്ങൾ ഇല്ലെ എന്നും ചോദിക്കുന്നു. കുട്ടികളുടെ മറുപടികളിൽ നിന്നും താഴെ പറയുന്ന ആശയം ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**
ഈശോയുടെ പാത പിൻതുടർന്ന് നമുക്ക് ഈ ലോകത്തിലുണ്ടാകുന്ന സംശയങ്ങൾ തീർത്ത് സന്തോഷകരമായ ജീവിതം നയിക്കുവാൻ തിരുസഭ നമ്മെ സഹായിക്കുന്നു.


തുടർപ്രവർത്തനം

വി.ഫ്രാൻസീസ് അസീസ്സിയുടെ സൂര്യഗീതം എന്ന കൃതി വായിച്ച് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.



**എന്റെ ബോധ്യങ്ങൾ**

1. സമ്പത്തോ സുഖസൗകര്യങ്ങളോ എന്നേക്കും നിലനിൽക്കുന്ന ദിവ്യമായ സന്തോഷത്തിലേക്ക് നമ്മെ നയിക്കുന്നില്ല.
2. ഉത്ഥിതനായ ഈശോയെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥമായ സന്തോഷത്തിന്റെ പൂർണ്ണത.
3. സഹോദരങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റുമ്പോഴാണ് യഥാർത്ഥമായ സന്തോഷം അനുഭവിക്കാൻ കഴിയുന്നത്.



**ദൈവവചനം വായിക്കാം**
വി. ലൂക്കാ സുവിശേഷം
അദ്ധ്യായങ്ങൾ 16-20



**ഹൃദയം ദീപ്തമാക്കാം**
“നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ
സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു.
നിങ്ങൾ സന്തോഷിക്കുവിൻ”
(ഫിലി 4:4).

**എന്റെ തീരുമാനം**

എന്റെ ജീവിതസാഹചര്യങ്ങളിൽ ഈശോയെ
രക്ഷകനും നാഥനുമായി ഞാൻ ഏറ്റുപറയും.

# ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

## A. പാഠവിശകലനം

ക്രൈസ്തവർ എങ്ങനെയാണ് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി വർത്തിക്കേണ്ടതെന്ന് ഉപ്പിന്റെയും പ്രകാശത്തിന്റെയും സവിശേഷതകൾ വിശകലനം ചെയ്ത് ഈ പാഠം വ്യക്തമാക്കുന്നു. സഭയിലും സമൂഹത്തിലും ക്രൈസ്തവന്റെ ജീവിതം എങ്ങിനെ യായിരിക്കണമെന്ന് ഈ അദ്ധ്യായം വിവരിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചവും ദൈവീക ജീവന്റെ സൗന്ദര്യവും പകരുന്ന ജീവിതമാണ് ഒരു ക്രൈസ്തവന്റേതെന്ന് ഈ പാഠം വിശദമാക്കുന്നു.

**ലക്ഷ്യം**

ഈശോയെപോലെ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി വർത്തിച്ചുകൊണ്ട് സഭയിലും സമൂഹത്തിലും ഒരു ക്രൈസ്തവനെന്ന നിലയിൽ ഒരുത്തമ സാക്ഷ്യമായി ജീവിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്ത രാക്കുക.

**ബോധ്യം**

- ഉപ്പുപോലെ രുചിപകരാനും ശുദ്ധീകരിക്കാനും സംരക്ഷിക്കാനും വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ.
- മറ്റുള്ളവർക്ക് വഴികാട്ടിയും അന്ധകാരത്തെ അകറ്റിയും ധൈര്യം പക ർന്നും രക്ഷ നേടികൊടുക്കുവാന് പ്രകാശമായി വർത്തിക്കേണ്ടവരാണ് ഈശോയുടെ ശിഷ്യർ.
- സനാതനസൗന്ദര്യമായ ദൈവത്തെ അറിഞ്ഞ് തിരുവചനം കൊണ്ടും സ്വന്തം ജീവിതം കൊണ്ടും മറ്റുള്ളവരിൽ ദൈവീകജീവന് പകരാൻ വിളിക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ.

**ശീലം**

- ഏത് ജീവിത അവസ്ഥയിലായാലും തന്നെപോലെ മറ്റുള്ളവരെ സ്നേഹിക്കണം എന്ന ക്രിസ്തുവിന്റെ കല്പന അനുസരിച്ച് ഞാൻ ജീവിക്കും.
- ഉപ്പ് പോലെ, എനിക്ക് ചുറ്റുമുള്ളവരുടെ ജീവിതത്തിനു ഞാൻ രുചി പകരും, അവരെ ശുദ്ധീകരിക്കും, സംരക്ഷിക്കും.

- പ്രകാശം പോലെ, വഴികാട്ടുന്ന, അന്ധകാരമകറ്റുന്ന, ധൈര്യവും രക്ഷയും പകരുന്ന ഒരു ജീവിതമായിരിക്കും ഇനിയുള്ള എന്റെ ജീവിതം.

**പ്രധാന ആശയങ്ങൾ**

1. ഉപ്പ് ഭക്ഷണ സാധനങ്ങൾക്ക് രുചി പകരുന്നതുപോലെ ഈ ലോകത്തിന് രുചി പകരാന് വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ.
2. ഉപ്പ് വസ്തുക്കളെ ശുദ്ധീകരിക്കുന്നതുപോലെ തിന്മയിൽ ചരിക്കുന്ന നമ്മുടെ സഹോദരങ്ങളെ അതിൽനിന്നും പിന്തിരിപ്പിച്ച് നന്മയിലേക്ക് കൊണ്ടുവരാന് കടപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ.
3. ഉപ്പ് ആഹാരസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്നതുപോലെ മൂല്യങ്ങൾ നഷ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് മൂല്യങ്ങളെ സംരക്ഷിക്കുന്നവരായ് ജീവിക്കാന് കടപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ.
4. പഴയനിയമത്തിൽ പ്രകാശം, അഗ്നി എന്നിവ ദൈവസാന്നിദ്ധ്യ അടയാളങ്ങളാണ്. പുതിയ നിയമത്തിലും ക്രിസ്തു തന്റെ ശിഷ്യരെ പ്രകാശത്തോടാണ് ഉപമിക്കുന്നത്.
5. ഈ ലോകജീവിതത്തിൽ എന്റെ ജീവിതവും, വാക്കുകളും പ്രവർത്തികളും വഴി മറ്റുള്ളവർക്ക് പ്രകാശമായി വഴി നടത്തേണ്ടവരാണ് ക്രിസ്തുശിഷ്യർ.
6. അന്ധകാരത്തെ ഇല്ലാതാക്കാൻ പ്രകാശത്തിന് കഴിയുന്നതുപോലെ, ഇന്ന് സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന അനീതികൾക്കും അക്രമങ്ങൾക്കുമെതിരെ ശബ്ദമുയർത്തി അവയെ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യേണ്ടവരാണ് ക്രിസ്തുശിഷ്യർ.
7. ഈശോമിശിഹാ വഴി രക്ഷപ്രാപിച്ച നമ്മൾ ആ രക്ഷ ലോകാതിർത്തികൾ വരെ എത്തിക്കുന്നതിനു വേണ്ടി ലോകത്തിന്റെ പ്രകാശമായി ക്രൈസ്തവർ ജീവിക്കണം.
8. ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസത്തിന്റെ വെളിച്ചം പകരുന്ന ജീവിതം നയിക്കേണ്ടവരാണ് ക്രിസ്തുശിഷ്യർ.
9. തന്റെ സ്വന്തം ജീവിതം വഴി ദൈവീക ജീവന്റെ സൗന്ദര്യം മറ്റുള്ളവർക്ക് പകർന്ന് നല്കേണ്ടവരാണ് ക്രൈസ്തവർ.

**റഫറൻസ്**

വി.ഗ്രന്ഥം, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, യൂകാറ്റ്, പാഠപുസ്തകം

**പഠനോപകരണങ്ങൾ**

ഉപ്പിന്റെ ഗുണങ്ങൾ എഴുതിയ ചാർട്ട്, സെമിനാർ പ്രസന്റേഷന് വേണ്ട സംവിധാനങ്ങൾ

**B. പാഠാവതരണം**

**മൊഡ്യൂൾ 1**

**പാഠഭാഗത്തെ ബന്ധിപ്പിക്കുന്ന ഒരു പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിക്കുന്നു.**

**പ്രവർത്തനം 1: പൊതു ചർച്ച-ഉപ്പിന്റെ ഗുണങ്ങൾ**

താഴെപ്പറയുന്ന രണ്ട് ചോദ്യങ്ങൾ ക്ലാസ്സിൽ പൊതുവായി ചോദിച്ചുകൊണ്ട് ടീച്ചർ ക്ലാസ്സ് ആരംഭിക്കുന്നു.

- എന്താണ് ഉപ്പിന്റെ ഗുണങ്ങൾ?
- എന്തുകൊണ്ട് ക്രൈസ്തവരെ ഉപ്പിനോട് ഉപമിക്കുന്നു.?

**ക്രോഡീകരണം**

പഴയനിയമബലികളിൽ ഉപ്പു ചേർത്തിരുന്നതിന്റെ പരാമർശങ്ങളുണ്ട്. ദൈവവും മനുഷ്യരുമായുള്ള ഉടമ്പടിയുടെ പ്രതീകമായാണ് ഉപ്പ് ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിൽ നിങ്ങൾ ഉറ കേട്ട് പോകാത്ത ഉപ്പാക്കണമെന്നും, നിങ്ങളിൽ ഉപ്പുണ്ടായിരിക്കട്ടെയെന്നും നിങ്ങൾ ഭൂമിയുടെ ഉപ്പാകണമെന്നും ഈശോ ആഹ്വാനം ചെയ്യുന്നതിലൂടെ ക്രൈസ്തവരുടെ ജീവിതത്തിന്റെ ഒരു പ്രധാന സവിശേഷതയായി ഉപ്പിന്റെ പ്രതീകം മാറുന്നു. ഉപ്പിന്റെ പ്രധാന ഗുണങ്ങൾ രുചി പകരുക, സംരക്ഷിക്കുക, ശുദ്ധീകരിക്കുക എന്നിവയാണ്.

**പ്രവർത്തനം 2: ഗ്രൂപ്പ് ചർച്ച- ഭൂമിയുടെ ഉപ്പായ സഭ**

ഉപ്പിന്റെ വിവിധ സവിശേഷതകളായ രുചി പകരുക, സംരക്ഷിക്കുക, ശുദ്ധീകരിക്കുക തുടങ്ങിയവ പോലെ ക്രൈസ്തവർ തങ്ങളുടെ ജീവിത സാക്ഷ്യം കൊണ്ട് സഭയിലും സമൂഹത്തിലും രുചി പകരുന്ന, സംരക്ഷിക്കുന്ന, ശുദ്ധീകരിക്കുന്ന വിവിധ ശുശ്രൂഷാ മേഖലകളെ കണ്ടെത്തുക. കൂടാതെ ഈ പാഠം പഠിക്കുന്ന കാലത്ത് സഭയിലും സമൂഹത്തിലും ക്രൈസ്തവർ കടന്നു ചെല്ലേണ്ട ഇത്തരം പുതിയ വിഷയങ്ങളെയും തിരിച്ചറിയുക.

**ക്രോഡീകരണം**

ദൈവ സ്നേഹത്താൽ പ്രേരിതരായി ക്രൈസ്തവർ അനേകം ജീവിതങ്ങൾക്ക് രുചി പകരുന്ന നിരവധി ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നുണ്ട്. സഭ എല്ലാകാലത്തും പാപത്തിനെതിരെ ഒരു ധാർമ്മിക ശക്തിയായി നിലകൊള്ളുകയും പാപത്തിൽ വീണവരെ ശുദ്ധീകരിക്കുകയും ചെയ്യുന്നുണ്ട് (അനുരഞ്ജന കൂദാശ, കൗൺസിലിംഗ്, ഡി അഡിക്ഷന് സംവിധാനങ്ങൾ, തടവറ പ്രേക്ഷിതത്വം). ജീവന്റെയും മാനുഷിക മൂല്യങ്ങളുടെയും ഏറ്റവും വലിയ സംരക്ഷകയായി സഭ എന്നും വർത്തിക്കുന്നു.

**പ്രവർത്തനം 3: വെളിച്ചത്തിന്റെ പാട്ടുകൾ**

വെളിച്ചം വിഷയമായി വരുന്ന വ്യത്യസ്തമായ പാട്ടുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ പാടാൻ ടീച്ചർ ആവശ്യപ്പെടുന്നു. തുടർന്ന് വെളിച്ചത്തിന്റെ വിവിധ ധർമ്മങ്ങൾ കുട്ടികൾ തിരിച്ചറിയുന്നു.

**ക്രോഡീകരണം**

വെളിച്ചം വഴികാട്ടുന്നു, അന്ധകാരത്തെയകറ്റുന്നു, അപകടങ്ങളിൽ നിന്നും രക്ഷിക്കുന്നു, ധൈര്യം പകരുന്നു.

**പ്രവർത്തനം 4: ലോകത്തിന്റെ പ്രകാശമായ ക്രൈസ്തവർ**

**മുന്നൊരുക്കം**

ഈ അദ്ധ്യായത്തിന്റെ അവതരണത്തിന് മുൻപായി തലേ ആഴ്ചയിൽത്തന്നെ താഴെ പറയുന്ന മുന്നൊരുക്കങ്ങൾ ചെയ്യുക.

- ക്ലാസ്സിനെ നാല് ഗ്രൂപ്പുകളായി തിരിക്കുക.
- ഓരോ ഗ്രുപ്പിനും താഴെപ്പറയുന്ന വിഷയങ്ങൾ നല്കുക.

1. ലോകത്തിനു വഴികാട്ടുന്ന സഭ (വിശുദ്ധർ, രക്തസാക്ഷികൾ, മിഷനറിമാർ, സുവിശേഷ പ്രഘോഷകർ etc).
2. പാപമെന്ന അന്ധകാരത്തെയകറ്റുന്ന സഭ (സഭയുടെ പ്രോലൈഫ് പ്രവർത്തനങ്ങൾ, ധാർമ്മിക വിഷയങ്ങളായ സ്വവർഗ്ഗ വിവാഹം, ഗർഭഛിദ്രം, ദയാവധം, വധശിക്ഷ, തുടങ്ങിയവയിലെ ഉറച്ച നിലപാടുകൾ etc).
3. ധൈര്യം പകരുന്ന സഭ (അഭയാർത്ഥികളെ സ്വീകരിക്കൽ, കടക്കെണിയിൽപെട്ട് ഉഴലുന്നവർ, പഠനത്തിൽ പരാജയപ്പെട്ട് മുന്നോട്ട് പോകാൻ സാധിക്കാത്തവർ, ജീവിത പ്രതിസന്ധികളിൽ നിരാശരായി ജീവിതം പാതിവഴിയിൽ നിർത്തിയവർ, രോഗികളായവർ തുടങ്ങിയവർക്ക് വേണ്ടി നടത്തുന്ന ശുശ്രൂഷകൾ)

4. രക്ഷ പകരുന്ന സഭ (ആത്മീയവും ഭൗതികവുമായ രക്ഷ)

ഈ വിഷയങ്ങളിൽ ചെറിയ പഠനം നടത്തി കുട്ടികൾ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വമായ സെമിനാർ പ്രസന്റേഷനുകൾനടത്തുന്നു.

**ക്രോഡീകരണം**
ലോകത്തിന്റെ പ്രകാശമായ സഭ എല്ലാക്കാലത്തും ലോകത്തിനു രക്ഷ പകരുന്ന, അനേകരെ വഴിനടത്തുന്ന, തിന്മയുടെ അന്ധകാരത്തെയകറ്റുന്ന, അനേകർക്ക് ആത്മധൈര്യമേകുന്ന നിരവധി ശുശ്രൂഷകൾ ചെയ്യുന്നു.

**പ്രവർത്തനം 5:** പ്രകാശമായി, ഉപ്പായി ലോകത്തിലേക്ക്

**മുന്നൊരുക്കം**

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും എന്ന അധ്യായം വിശദമായി പഠിച്ചതിന്റെ വെളിച്ചത്തിൽ വിദ്യാർത്ഥികൾ ഇടവക വികാരിയുടെയും വിശ്വാസപരിശീലകരുടെയും നേതൃത്വത്തിൽ ഒരു പഠനയാത്ര നടത്തുകയാണ്. ഭൂമിയുടെ ഉപ്പായി, ലോകത്തിന്റെ പ്രകാശമായി സഭ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരു ശുശ്രൂഷ ഇടം മുൻകൂട്ടി തെരഞ്ഞെടുക്കുകയും അവിടെ പോകാനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്യുക. ആകാശപ്പറവകൾ, ആതുരാലയങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണകേന്ദ്രങ്ങൾ തുടങ്ങി ഏത് ശുശ്രൂഷ മേഖല വേണമെങ്കിലും തെരഞ്ഞെടുക്കാം. വിദ്യാർത്ഥികൾ പ്രാർത്ഥിച്ചൊരുങ്ങുകയും പോകുന്ന സ്ഥലത്തിന്റെ പ്രത്യേകതക്കനുസരിച്ച് അവരെ സഹായിക്കാനായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ (കുട്ടികൾക്ക് മധുര പലഹാരങ്ങൾ നൽകുക, ആകാശപ്പറവയിലെ അന്തേവാസികൾക്ക് വസ്ത്രം നൽകുക തുടങ്ങിയവ ) അതും ഒരുങ്ങുക. കൂടാതെ, അവിടെ അവതരിപ്പിക്കാനായി ചെറിയ കലാപരിപാടികൾ, പ്രാർത്ഥനകൾ തുടങ്ങിയവയും ഒരുങ്ങുക.

മുൻകൂട്ടി ഒരുങ്ങിയതനുസരിച്ച് യാത്ര നടത്തുക. ഏറ്റവും അർത്ഥപൂർണ്ണമായി ആ സ്ഥലത്ത് സമയം ചെലവഴിക്കുക. അവിടെയുള്ള അന്തേവാസികളുമായും അവരെ ശുശ്രൂഷിക്കുന്നവരുമായും ആശയവിനിമയം നടത്തുക. ആ അനുഭവങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ തിരിച്ചറിവുകൾ ചെറിയ കുറിപ്പുകളായി എഴുതി ടീച്ചറിന് നൽകുകയും ക്ലാസിൽ പൊതുവായി പങ്കുവയ്ക്കുകയും ചെയ്യുക.

**ക്രോഡീകരണം**
ക്രൈസ്തവർ സഭയിലും സമൂഹത്തിലും പ്രകാശമായും ഉപ്പായും വർത്തിക്കുന്നു. നിസ്വാർഥമായ ഈ സ്നേഹ ശുശ്രൂഷയുടെ ഉറവിടം ദൈവസ്നേഹമാണ്.

## തുടർ പ്രവർത്തനങ്ങൾ

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും എന്ന അധ്യായത്തിന്റെയും പഠനയാത്രയിലെ അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഓരോ കുട്ടിയും തങ്ങളുടെ ജീവിത സാഹചര്യത്തിൽ ഏറ്റെടുത്ത് ചെയ്യാനാഗ്രഹിക്കുന്ന ഒരു സേവന മേഖല (പാപികളുടെ മാനസാന്തരത്തിനായുള്ള മധ്യസ്ഥ പ്രാർത്ഥന, ആതുരാലയ സന്ദർശനം, മിഷൻ പ്രദേശങ്ങൾ സന്ദർശിക്കൽ, പാലിയേറ്റിവ് കെയർ തുടങ്ങിയവ ) ക്ലാസ്സിൽ പങ്ക് വയ്ക്കുന്നു.



### എന്റെ ബോധ്യങ്ങൾ

1. ഉപ്പുപോലെ രുചിപകരാനും ശുദ്ധീകരിക്കാനും സംരക്ഷിക്കാനും വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ.
2. മറ്റുള്ളവർക്ക് വഴികാട്ടിയും അന്ധകാരത്തെ അകറ്റിയും ധൈര്യം പകർന്നും രക്ഷനേടിക്കൊടുക്കുവാൻ പ്രകാശമായിവർത്തിക്കേണ്ടവരാണ് ഈശോയുടെശിഷ്യർ.
3. സനാതനസൗന്ദര്യമായ ദൈവത്തെ അറിഞ്ഞ് തിരുവചനംകൊണ്ടും സ്വന്തം ജീവിതത്താലും മറ്റുള്ളവരിൽ ദൈവികജീവൻ പകരാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ.



### ദൈവവചനം വായിക്കാം

വി. ലൂക്കാ സുവിശേഷം

അദ്ധ്യായങ്ങൾ 21-24



### ഹൃദയം ദീപ്തമാക്കാം

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"
(മത്താ 5:16).



### എന്റെ തീരുമാനം

ഈശോയുടെ ശിഷ്യൻ/ശിഷ്യ എന്ന നിലയിൽ
അനേകർ ദൈവത്തെ സ്തുതിക്കേണ്ടതിന് ഭൂമിയുടെ
ഉപ്പും ലോകത്തിന്റെ പ്രകാശവുമായി
ഞാൻ വർത്തിക്കും.